# വേദപ്രചാര മദ്ധ്യസ്ഥൻ

VEDAPRACHARA MADHYASTHAN
വാല്യം 96
ലക്കം 04
2023 ഒക്ടോബർ

Malayalam Monthly
Price Rs. 25/- Annual Subscription Rs. 300/-



The official organ of
the Archeparchy of Changanacherry

2023
ഒക്ടോബർ

## 54–ാം ചരമവാർഷികം

(09 ഒക്ടോബർ 2023)



# ദൈവദാസൻ
# മാർ മാത്യു കാവുകാട്ട്



"നിങ്ങൾ യൗസേപ്പിന്റെ പക്കൽ പോകുവിൻ.
അവൻ നിങ്ങളോടു പറയുന്നത്
നിങ്ങൾ ചെയ്യുവിൻ"
(ഉൽപത്തി 41:55)

# വേദപ്രചാര മദ്ധ്യസ്ഥൻ

## ചങ്ങനാശേരി അതിരൂപത

സ്ഥാപിതം: മെയ് 20, 1887

വാല്യം 96 ● ലക്കം 04 ● 2023 ഒക്ടോബർ

# ഉള്ളടക്കം


സന്ദേശം - ആഗോളപ്രേഷിതദിനം (മാർപാപ്പാ)............................ 05
ആരാധനാജീവിതം: അനുബന്ധമാർഗനിർദേശങ്ങൾ - 3 ................13
കച്ചേരിക്കാര്യം.................................................................16
സന്ദേശനിലയം.................................................................21
ചെറുപുഷ്പ മിഷൻലീഗ്.......................................................... 24
ബൈബിൾ അപ്പോസ്തലേറ്റ് & കുടുംബക്കൂട്ടായ്മ...................... 27
ഫാമിലി അപ്പോസ്തലേറ്റ്.......................................................... 30
യുവദീപ്തി - SMYM ............................................................. 34
കെ.സി.എസ്.എൽ. ................................................................ 37
CARP ..............................................................................39
CAHRDT ..........................................................................41
CHASS.............................................................................. 42
ജീവകാരുണ്യനിധി ട്രസ്റ്റ്...........................................................51
DFC..................................................................................... 52
ആതുരശുശ്രൂഷാമേഖല.......................................................... 54
എൽഡേഴ്സ് ഫ്രറ്റേണിറ്റി.......................................................... 57
പ്രവാസി അപ്പോസ്തലേറ്റ് ...................................................... 59
KLM ...................................................................................61
AKCC..................................................................................63
ആത്മതാകേന്ദ്രം ................................................................. 65
DCMS ................................................................................ 67
SFO....................................................................................68
വിൻസെൻഷ്യൻ വേദി...............................................................71
സീയോൻ ധ്യാനകേന്ദ്രം ........................................................ 72
കരിസ്മാറ്റിക് നവീകരണം...................................................... 73
പൗരോഹിത്യ ആദ്ധ്യാത്മികത................................................... 74
അഭിവന്ദ്യ പിതാക്കന്മാരുടെ DIARY ........................................... 79
അഭിവന്ദ്യ പിതാക്കന്മാരുടെ ENGAGEMENTS........................... 87


വേദപ്രചാര മദ്ധ്യസ്ഥൻ

ചങ്ങനാശേരി അതിരൂപതാ മുഖപത്രം


Archbishop House, P.B. No. 20, Changanacherry P.O., Kottayam 686 101
0481 2420040, 2420379, 2420614
9037440040
www.archdiocesechanganacherry.org
chancellorchry@gmail.com

Annual Subscription: Rs. 300/-

No: 3918/K-5/KCBC/OL/DS                                                                    14.09.2023

# പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ
# 2023 ആഗോളപ്രേഷിതദിനത്തിൽ നൽകുന്ന സന്ദേശം

*''ജ്വലിക്കുന്ന ഹൃദയങ്ങൾ, ചലിക്കുന്ന പാദങ്ങൾ''*

(ലൂക്കാ 24:13-35)

പ്രിയ സഹോദരീസഹോദരന്മാരേ,

വി. ലൂക്കായുടെ സുവിശേഷത്തിൽ കാണുന്ന എമ്മാവൂസിലേക്കു പോയ ശിഷ്യരുടെ കഥയെ ആസ്പദമാക്കി, **ജ്വലിക്കുന്ന ഹൃദയങ്ങൾ, ചലിക്കുന്ന പാദങ്ങൾ** എന്ന ആപ്തവാക്യമാണ് ഈ വർഷത്തെ ആഗോളപ്രേഷിതഞായറിനു ഞാൻ തിരഞ്ഞെടുത്തിരിക്കുന്നത്. ആ രണ്ടുശിഷ്യരും അസ്വസ്ഥരും നിരാലംബരുമായിരുന്നു. എന്നാൽ, വചനത്തിലും അപ്പം മുറിക്കലിലും ഈശോയെ കണ്ടുമുട്ടിയ അവരിൽ പുതിയൊരു ചൈതന്യം ഉടലെടുക്കുകയുണ്ടായി. ഉടൻതന്നെ ജറുസലെമിലേക്കു തിരികെപോകാനും ''കർത്താവ് സത്യമായി ഉയിർത്തെഴുന്നേറ്റു''എന്നു പ്രഖ്യാപിക്കാനുമുള്ള ആഗ്രഹം അവരിൽ ജനിക്കുകയുണ്ടായി. ശിഷ്യർക്കുണ്ടായ ഈ മാനസാന്തരം സുവിശേഷത്തിലെ വിവരണത്തിൽ വ്യക്തമാണ്. ശിഷ്യരിലുണ്ടായ വ്യത്യാസത്തിലേക്കു സുവിശേഷവിവരണത്തിലെ ചില സൂചനകൾ പ്രകടമായി വിരൽചൂണ്ടുന്നു: ഈശോ വിശുദ്ധലിഖിതങ്ങൾ വ്യാഖ്യാനിച്ചു കൊടുത്തപ്പോൾ, അവരുടെയുള്ളിൽ ''അവരുടെ ഹൃദയങ്ങൾ ജ്വലിക്കുക''ആയിരുന്നു; അവർ അവിടുത്തെ തിരിച്ചറിഞ്ഞുകഴിഞ്ഞപ്പോൾ ''അവരുടെ നയനങ്ങൾ തുറക്കപ്പെട്ടു;'' അവസാനമായി, ''അവരുടെ പാദങ്ങൾ പാത പുൽകി.'' പ്രേഷിതശിഷ്യരായ എല്ലാവരുടെയും സഞ്ചാരത്തെ പ്രതിഫലിപ്പിക്കുന്ന ഈ മൂന്ന് ചിത്രങ്ങളെ ധ്യാനിച്ചുകൊണ്ട് ഇന്നത്തെ ലോകത്തിൽ സുവിശേഷവൽക്കരണപ്രക്രിയയിൽ ഏർപ്പെടാനുള്ള വിളി നമുക്കു നവീകരിക്കാം.

**1.** ''അവൻ നമുക്കു വിശുദ്ധലിഖിതങ്ങൾ വ്യാഖ്യാനിച്ചുതന്നപ്പോൾ,'' നമ്മുടെ ഹൃദയങ്ങൾ ജ്വലിക്കുകയായിരുന്നു. നമ്മുടെ പ്രേഷിതപ്രവർത്തനത്തിൽ *ദൈവവചനം നമ്മുടെ ഹൃദയങ്ങളെ പ്രകാശിപ്പിക്കു*

*കയും പരിവർത്തനപ്പെടുത്തുകയും ചെയ്യുന്നു.* ജറുസലെമിൽനിന്ന് എമ്മാവൂസിലേക്കുള്ള യാത്രയ്ക്കിടെ ആ രണ്ടുശിഷ്യരുടെ ഹൃദയങ്ങൾ ദുഃഖഭരിതമായിരുന്നു. അവരുടെ മ്ലാനവദനങ്ങൾ അക്കാര്യം വ്യക്തമാക്കിയിരുന്നു; അവർ വിശ്വാസമർപ്പിച്ചിരുന്ന ഈശോയുടെ മരണമായിരുന്നു അതിനു കാരണം. ക്രൂശിക്കപ്പെട്ട തങ്ങളുടെ ഗുരുവിന്റെ പരാജയപശ്ചാത്തലത്തിൽ അവിടുന്നു മിശിഹായാണെന്നുള്ള അവരുടെ പ്രത്യാശപൂർവമായ വിശ്വാസം തകർക്കപ്പെട്ടിരുന്നു *(ലൂക്കാ 24:21).*

''അവർ സംസാരിക്കുകയും തർക്കിക്കുകയും ചെയ്തുകൊണ്ടുപോകുമ്പോൾ ഈശോതന്നെ അടുത്തെത്തി അവരോടൊപ്പം യാത്ര ചെയ്തു'' *(ലൂക്കാ 24:15).* ആദ്യശിഷ്യരെ വിളിച്ചവേളയിൽ എന്നപോലെ, ഇപ്പോൾ അവർ മ്ളാനവദനരായിരുന്ന നേരത്ത് കർത്താവ് മുൻകൈയെടുത്തുകൊണ്ട് അവരുടെ മധ്യേ വരുന്നു; അവിടുന്ന് അവരെ സമീപിച്ച്, അവരുടെകൂടെ നടക്കുന്നു. അതുപോലെ തന്റെ നിസ്സീമമായ കരുണയാൽ അവിടുത്തേക്കു നമ്മോട് ഒരിക്കലും മടുപ്പുതോന്നുകയില്ല. നമ്മുടെ എല്ലാ പരാജയങ്ങൾക്കും സംശയങ്ങൾക്കും ബലഹീനതകൾക്കും ഉപരിയാണ് അവിടുത്തെ കരുണ; അല്പവിശ്വാസികളായ നാം നമ്മുടെ ദുഃഖവും നൈരാശ്യവാദവുംമൂലം ''ഭോഷന്മാരും ഹൃദയം മന്ദീഭവിച്ചവരും''*(ലൂക്കാ 24:25)* ആയാൽപ്പോലും.

അന്നത്തെപ്പോലെ ഇന്നും ഉത്ഥിതനായ കർത്താവ് തന്റെ പ്രേഷിത ശിഷ്യരോടു ചേർന്നിരിക്കുന്നു. അവിടുന്ന് അവരുടെ ചാരെ നടക്കുന്നു, ഏറെ പ്രത്യേകിച്ച് അവർ ലക്ഷ്യരഹിതരും നിരുത്സാഹപ്പെട്ടവരും തങ്ങൾക്കു ചുറ്റും നിൽക്കുന്നതും തങ്ങളെ വലയം ചെയ്യാൻ ഉദ്ദേശിക്കുന്നതുമായ തിന്മയുടെ രഹസ്യത്തെ ഭയപ്പെടുന്നവരുമാകുമ്പോൾ. ആകയാൽ, ''പ്രത്യാശ മോഷ്ടിക്കപ്പെട്ടവരാകാതിരിക്കാൻ നമുക്കു ശ്രമിക്കാം'' (സുവിശേഷത്തിന്റെ സന്തോഷം 6). നമ്മുടെ എല്ലാ പ്രശ്നങ്ങൾക്കും അതീതനായവനാണ് കർത്താവ്, പ്രത്യേകിച്ച് ലോകത്തോടു സുവിശേഷം പ്രഘോഷിക്കുകയെന്ന നമ്മുടെ ദൗത്യത്തിനു മുന്നിലാണ് പ്രസ്തുത പ്രശ്നങ്ങൾ നാം അഭിമുഖീകരിക്കുന്നതെങ്കിൽ. എന്തെന്നാൽ, ഈ ദൗത്യം അവിടുത്തേതാണ്; നമ്മൾ കേവലം വിനീതസഹപ്രവർത്തകരത്രേ, ''പ്രയോജനമില്ലാത്ത ദാസർ'' *(ലൂക്കാ 17:10).*

ഇത്തരുണത്തിൽ പ്രേഷിതപ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന ലോകംമുഴുവനുള്ള എല്ലാ സ്ത്രീപുരുഷന്മാരെയും എന്റെ സാമിപ്യം അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു, ഏറെ പ്രത്യേകിച്ച് ഏതെങ്കിലും തരത്തിൽ ഈ പ്രക്രിയയിലായിരിക്കുമ്പോൾ വലിയ സഹനം ഏറ്റെടുത്തിരിക്കുന്നവരോടു. പ്രിയ സുഹൃത്തുക്കളേ, ഉത്ഥിതനായ നാഥൻ നിങ്ങളോടൊപ്പം എപ്പോഴുമുണ്ട്. നിങ്ങളുടെ ഔദാര്യവും വിദൂരനാടുകളിൽ സുവിശേഷവൽക്കരണം നടത്തുന്ന നിങ്ങളുടെ ദൗത്യത്തിൽ നിങ്ങൾ ചെയ്യുന്ന ത്യാഗപൂർണമായ പ്രവൃത്തികളെയും അവിടുന്നു കാണുന്നു.

നിങ്ങളുടെ ദിവസങ്ങളെല്ലാം സ്വസ്ഥവും കാർമേഘരഹിതവുമാണെന്നു ഞാൻ കരുതുന്നില്ല. എന്നാൽ തന്റെ പീഡാനുഭവത്തിനുമുമ്പായി തന്റെ സുഹൃത്തുക്കളോട് അവിടുന്നു പറഞ്ഞതു നമുക്കു വിസ്മരിക്കാതിരിക്കാം: ''ലോകത്തിൽ നിങ്ങൾക്കു ഞെരുക്കമുണ്ടാകും. എങ്കിലും ധൈര്യമുള്ളവരായിരിക്കുവിൻ; ഞാൻ ലോകത്തെ കീഴടക്കിയിരിക്കുന്നു'' *(യോഹ 16:33)*.

എമ്മാവൂസിലേക്കുള്ള വഴിയിലെ രണ്ടുശിഷ്യരെ ശ്രവിച്ചശേഷം, ''മോശ മുതൽ എല്ലാ പ്രവാചകന്മാരും വിശുദ്ധലിഖിതങ്ങളിലെല്ലാം തന്നെപ്പറ്റി എഴുതിയിരുന്നവ അവൻ അവർക്കു വ്യാഖ്യാനിച്ചുകൊടുത്തു'' *(ലൂക്കാ 24:27)*. ശിഷ്യരുടെ ഹൃദയങ്ങൾ, അവർ പിന്നീട് പരസ്പരം പങ്കുവച്ചതുപോലെ, ഉത്സാഹഭരിതമായി: ''വഴിയിൽവച്ച് അവൻ നമ്മോടു സംസാരിച്ചുകൊണ്ടിരുന്നപ്പോഴും നമ്മോടു വിശുദ്ധലിഖിതങ്ങൾ വ്യാഖ്യാനിച്ചുകൊണ്ടിരുന്നപ്പോഴും നമ്മുടെ ഹൃദയം ജ്വലിക്കുകയായിരുന്നില്ലേ?'' *(ലൂക്കാ 24:32)*. ഈശോതന്നെയാണ് ജീവിക്കുന്ന വചനം; അവിടുത്തേക്കു മാത്രമേ നമ്മുടെ ഹൃദയങ്ങളെ ജ്വലിപ്പിക്കാനാവൂ; എന്തെന്നാൽ അവിടുന്ന് അവയെ പ്രകാശിപ്പിക്കുകയും പരിവർത്തനപ്പെടുത്തുകയും ചെയ്യുന്നു.

ഈ പശ്ചാത്തലത്തിലാണ് നാം വി. ജറോമിന്റെ സൂക്തം കൂടുതൽ വ്യക്തമായി മനസ്സിലാക്കുന്നത്: ''വിശുദ്ധലിഖിതങ്ങളെക്കുറിച്ചുള്ള അജ്ഞത മിശിഹായെക്കുറിച്ചുള്ള അജ്ഞതയാണ്'' *(Commentary on Isaiah, Prologue)*. ''കർത്താവ് നമുക്കതു വ്യാഖ്യാനിച്ചുതന്നില്ലെങ്കിൽ, വിശുദ്ധലിഖിതങ്ങൾ ആഴത്തിൽ മനസ്സിലാക്കാൻ നമുക്കു കഴിയുകയില്ല; അതേസമയം, മറിച്ചുള്ളതും ഇതുപോലെതന്നെ സത്യമാണ്: വിശുദ്ധലിഖിതങ്ങളില്ലാതെ ഈശോയുടെ ദൗത്യത്തിലെ സംഭവങ്ങളും ലോകത്തിൽ അവന്റെ സഭയുടെ ദൗത്യവും അസ്പഷ്ടമായിരിക്കും'' *(അവൻ അവർക്കു തുറന്നുകൊടുത്തു, 1 [Aperuit Illis])*. ആയതിനാൽ, ക്രിസ്തീയജീവിതത്തിൽ വിശുദ്ധലിഖിതങ്ങളെക്കുറിച്ചുള്ള അറിവ് പ്രധാനപ്പെട്ടതാണ്; മിശിഹായെയും അവിടുത്തെ സുവിശേഷത്തെയും പ്രസംഗിക്കണമെങ്കിലാകട്ടെ ഈ അറിവ് അതിലേറെ പ്രാധാന്യമർഹിക്കുന്നയൊന്നാണ്. അങ്ങനെയല്ലെങ്കിൽ, നിങ്ങൾ കൈമാറുന്നത് നിങ്ങളുടെ ആശയങ്ങളും പദ്ധതികളുമായിരിക്കില്ലേ? ഒരു തണുത്ത ഹൃദയത്തിനു മറ്റുഹൃദയങ്ങളെ ഒരിക്കലും ജ്വലിപ്പിക്കാനാകുകയില്ലല്ലോ!

ഉത്ഥിതനായ നാഥൻതന്നെ നമുക്കു വിശുദ്ധലിഖിതങ്ങളുടെ അർത്ഥം വ്യാഖ്യാനിച്ചു തരുന്നതിനാൽ അവിടുന്നിനാൽ അനുഗമനം ചെയ്യപ്പെടാൻ നാം സദാ സന്നദ്ധരായിരിക്കണം. അവിടുന്നു നമ്മുടെയുള്ളിലെ ഹൃദയങ്ങളെ ജ്വലിപ്പിക്കട്ടെ; നമ്മെ പ്രകാശിപ്പിക്കുകയും പരിവർത്തനപ്പെടുത്തുകയും ചെയ്യട്ടെ. അങ്ങനെ നമുക്കു ലോകത്തിന്റെ മുമ്പിൽ

അവിടുത്തെ ആത്മാവിൽനിന്നുവരുന്ന ശക്തിയിലും ജ്ഞാനത്തിലും രക്ഷയുടെ രഹസ്യം പ്രഘോഷിക്കാനാകും.

**2.** അപ്പം മുറിച്ചപ്പോൾ ''ഞങ്ങളുടെ കണ്ണുകൾ തുറക്കുകയും ഞങ്ങൾ അവനെ തിരിച്ചറിയുകയും ചെയ്തു.'' ദിവ്യകാരുണ്യത്തിലെ ഈശോ നമ്മുടെ പ്രേഷിതദൗത്യത്തിന്റെ ഉറവയും ഉച്ചിയുമാണ്. ദൈവവചനത്തിനായി തങ്ങളുടെ ഹൃദയങ്ങൾ ജ്വലിച്ചുകൊണ്ടിരുന്നതിനാൽ എമ്മാവൂസിലേക്കുപോയ ശിഷ്യർ നേരം സന്ധ്യയായതിനാൽ തങ്ങളുടെ കൂടെചേർന്ന ആ അപരിചിതനായ വഴിപോക്കനെ തങ്ങളോടൊപ്പം വസിക്കാൻ ക്ഷണിച്ചു. അവർ മേശക്കരികിൽ ഇരുന്നനേരം അവിടുന്ന് അപ്പം മുറിച്ചുനൽകിയപ്പോൾ അവരുടെ നയനങ്ങൾ തുറക്കപ്പെടുകയും അവർ അവിടുത്തെ തിരിച്ചറിയുകയും ചെയ്തു. ശിഷ്യരുടെ നയനങ്ങൾ തുറക്കപ്പെടാനിടയാക്കിയ നിർണായക ഘടകം ഈശോ നിർവഹിച്ച അനുക്രമമായ ചില പ്രവൃത്തികളാണ്: അവിടുന്ന് അപ്പമെടുത്ത് ആശീർവദിച്ചു മുറിച്ച് അവർക്കു കൊടുത്തു. ഒരു യഹൂദഭവനത്തിലെ കുടുംബനാഥൻ സാധാരണ ചെയ്തിരുന്ന പ്രവൃത്തികളാണവ. എന്നാൽ പരിശുദ്ധാത്മാവിന്റെ കൃപാവരത്തിൽ ഈശോമിശിഹാ അതു ചെയ്തപ്പോൾ മേശക്കരികിലിരുന്ന ആ രണ്ടുപേർക്കും അത് അപ്പം വർദ്ധിപ്പിക്കലിന്റെയും എല്ലാറ്റിനുമുപരിയായി, കുരിശിലെ ബലിയുടെ കൂദാശയായ പരി. കുർബാനയുടെയും അടയാളം ആവർത്തിക്കുന്നതിന്റെ അനുഭവമായിരുന്നു. എന്നാൽ അപ്പം മുറിച്ച അതേനിമിഷംതന്നെ, അവർ ഈശോയെ തിരിച്ചറിഞ്ഞപ്പോൾതന്നെ, ''അവൻ അവരിൽനിന്ന് അപ്രത്യക്ഷനായി'' *(ലൂക്കാ 24:31)*. ഇവിടെ നാം നമ്മുടെ വിശ്വാസത്തിന്റെ ഒരു അടിസ്ഥാന യാഥാർഥ്യം തിരിച്ചറിയുന്നു: അപ്പം മുറിക്കുന്ന ഈശോ ഇപ്പോൾ മുറിക്കപ്പെടുന്ന അപ്പമായി ഭവിക്കുന്നു; അവിടുന്നു ശിഷ്യരുടെയിടയിൽ പങ്കുവയ്ക്കപ്പെടുകയും ഉൾക്കൊള്ളപ്പെടുകയും ചെയ്യുന്നു. അവിടുന്ന് ഇനിമേൽ കാണപ്പെടുന്നില്ല; അവിടുന്നിപ്പോൾ ശിഷ്യരുടെ ഹൃദയങ്ങളിൽ പ്രവേശിച്ചവനായി; അങ്ങനെ അവർ കൂടുതൽ ജ്വലിക്കുന്നവരായിത്തീരും. അതവരെ ഉത്ഥിതനായ നാഥനെ കണ്ടുമുട്ടിയതിന്റെ അതുല്യമായ അനുഭവം എല്ലാവരുമായി പങ്കുവയ്ക്കാൻ ഉടനെതന്നെ ഇറങ്ങിപ്പുറപ്പെടാൻ പ്രേരിപ്പിക്കുന്നു. ആകയാൽ, ഉത്ഥിതനായ മിശിഹാ അപ്പം മുറിക്കുന്നവനും അതേസമയംതന്നെ നമുക്കായി മുറിക്കപ്പെട്ട അപ്പമായും ഭവിക്കുന്നു. അതിനാൽ, ഓരോ പ്രേഷിതശിഷ്യനും ഈശോയെപ്പോലെ ആയിത്തീരാൻ വിളിക്കപ്പെട്ടിരിക്കുന്നു. അങ്ങനെ മിശിഹായിലൂടെയും പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താലും അവൻ അപ്പം മുറിക്കുന്നവനും ലോകത്തിനുവേണ്ടി മുറിക്കപ്പെടുന്ന അപ്പമായും മാറേണ്ടിയിരിക്കുന്നു. യഥാർത്ഥത്തിൽ ഈശോനാമത്തിൽ വിശക്കുന്നവരുമായി ഭൗതികമായ അപ്പം മുറിക്കുന്നതുതന്നെ ക്രൈസ്തവ പ്രേഷിതപ്രവൃത്തിയാണെന്നു തിരിച്ചറിയേണ്ടതുണ്ട്. അങ്ങനെയെങ്കിൽ,

ദിവ്യകാരുണ്യ അപ്പംമുറിക്കൽ അതിനേക്കാളേറെ വലിയ പ്രേഷിത പ്രവർത്തനമല്ലേ? കാരണം, മിശിഹാതന്നെയാണ് മുറിക്കപ്പെടുന്നത്; അതു പ്രേഷിതപ്രവർത്തനത്തിന്റെ സമുന്നതഭാവമാണ്; എന്തെന്നാൽ സഭയുടെ ജീവിതത്തിന്റെയും പ്രേഷിതദൗത്യത്തിന്റെയും ഉറവയും ഉച്ചിയുമാണ് പരി. കുർബാന.

ബനഡിക്റ്റ് 16-ാമൻ മാർപാപ്പ ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ: ''ദിവ്യകാരുണ്യകൂദാശയിൽ നാം ആഘോഷിക്കുന്ന സ്നേഹം നമുക്കു സ്വകാര്യമായി വയ്ക്കാവുന്ന ഒന്നല്ല. എല്ലാവരുമായി അതു പങ്കുവയ്ക്കണമെന്ന് അത് അതിന്റെ സ്വഭാവത്തിൽത്തന്നെ ആവശ്യപ്പെടുന്നു. ലോകത്തിന് ആവശ്യമായിരിക്കുന്നതു ദൈവത്തിന്റെ സ്നേഹമാണ്. മിശിഹായെ കണ്ടുമുട്ടുകയും അവനിൽ വിശ്വസിക്കുകയും ചെയ്യുക ലോകത്തിന്റെ ആവശ്യമാണ്. അതുകൊണ്ട് ദിവ്യകാരുണ്യം സഭയുടെ ജീവിതത്തിന്റെ മാത്രമല്ല, അവളുടെ പ്രേഷിതദൗത്യത്തിന്റെയും ഉറവിടവും അത്യുച്ചസ്ഥാനവുമാണ്: 'യഥാർത്ഥ ദിവ്യകാരുണ്യപരമായ സഭ ഒരു പ്രേഷിതസഭയാണ്' (സ്നേഹത്തിന്റെ കൂദാശ 84).

ഫലം പുറപ്പെടുവിക്കണമെങ്കിൽ നാം ഈശോയുമായി ഐക്യപ്പെട്ടിരിക്കണം *(യോഹ. 15;4-9)*. ദൈനംദിനമുള്ള പ്രാർത്ഥനവഴിയാണ് ഈ ഐക്യം സാധ്യമാകുന്നത്, ഏറെ പ്രത്യേകിച്ച് പരി. കുർബാനയുടെ ആരാധനവഴി. ദിവ്യകാരുണ്യ ആരാധനയിൽ ദിവ്യകൂദാശയിൽ നമ്മോടൊപ്പമായിരിക്കുന്ന കർത്താവിന്റെ സാന്നിധ്യത്തിൽ നാം നിശബ്ദരായി ഇരിക്കുകയാണല്ലോ! മിശിഹായുമായുള്ള ഐക്യം സ്നേഹപൂർവം പരിപോഷിപ്പിക്കുന്നതുവഴി പ്രേഷിതശിഷ്യന് ഒരു പ്രവർത്തനനിരതനായ യോഗിയായി (mystic in action) തീരാൻ സാധിക്കും. നമ്മുടെ ഹൃദയങ്ങൾ എപ്പോഴും ഈശോയുമായുള്ള സഹവാസത്തിലായിരിക്കാൻ കാംഷിക്കട്ടെ, ഏറെ പ്രത്യേകിച്ച് സായംസന്ധ്യകളിൽ; എമ്മാവൂസിലേക്കു പോയ ആ രണ്ടുശിഷ്യരുടെ തീക്ഷ്ണമായ യാചന അവയിൽ പ്രതിധ്വനിക്കട്ടെ: ''നാഥാ ഞങ്ങളോടൊത്തു വസിച്ചാലും'' *(ലൂക്കാ 24:29)*.

**3.** നമ്മുടെ പാദങ്ങൾ പാതയിലായിരിക്കുകയും ഉത്ഥിതനായ മിശിഹായെക്കുറിച്ചു മറ്റുള്ളവരോടു സന്തോഷപൂർവം സംസാരിക്കുകയും ചെയ്യുന്നു. എപ്പോഴും പുറത്തേക്കു ഗമിക്കുന്ന സനാതന യുവത്വമുള്ള ഒരു സഭയുടെ ചിത്രമാണിത്. അപ്പം മുറിക്കലിൽ കണ്ണുകൾ തുറക്കപ്പെടുകയും അങ്ങനെ ഈശോയെ തിരിച്ചറിയുകയും ചെയ്ത ആ ശിഷ്യർ ''ഉടനെതന്നെ ജറുസലെമിലേക്കു തിരികെപോയി'' *(ലൂക്കാ 24:33)*. കർത്താവിനെ കണ്ടതിന്റെ സന്തോഷം മറ്റുള്ളവരുമായി പങ്കുവയ്ക്കാൻ തിടുക്കത്തിൽ നടത്തിയ ഈ പുറപ്പാട് ഒരുകാര്യം വ്യക്തമാക്കുന്നു: ''സുവിശേഷത്തിന്റെ സന്തോഷം ഈശോയെ കണ്ടുമുട്ടുന്ന എല്ലാവരുടെയും ഹൃദയങ്ങളിലും ജീവിതം മുഴുവനിലും നിറയുന്നു.

അവിടുന്നുവഴിയായി രക്ഷ പ്രാപിക്കാനായി തങ്ങളെത്തന്നെ അനുവദിക്കുന്നവർ പാപം, ദുഃഖം, ആന്തരികശൂന്യത, ഏകാന്തത എന്നിവയിൽ നിന്നു സ്വതന്ത്രരാക്കപ്പെടുന്നു. ഈശോമിശിഹായോടൊപ്പം സന്തോഷം നിരന്തരം ജനിക്കുകയും പുനർജനിക്കുകയും ചെയ്യുന്നു'' (സുവിശേഷത്തിന്റെ സന്തോഷം, 1).

അവിടുത്തെക്കുറിച്ച് എല്ലാവരോടും പറയാനുള്ള അത്യുത്സാഹം ജനിപ്പിക്കപ്പെടാതെ ഒരാൾക്കു താൻ ഉത്ഥിതനായ ഈശോയെ യഥാർത്ഥമായും കണ്ടുമുട്ടിയെന്നു പറയാനാകില്ല. ആകയാൽ, നമ്മുടെ പ്രേഷിത ദൗത്യത്തിനു പ്രഥമവും പ്രധാനവുമായ വിഭവമെന്നു പറയുന്നത് ഉത്ഥിതനായ മിശിഹായെ വിശുദ്ധലിഖിതങ്ങളിലും പരി. കുർബാനയിലും തിരിച്ചറിഞ്ഞ ആളുകളാണ്; തങ്ങളുടെ ഹൃദയങ്ങളിൽ അവിടുത്തെ അഗ്നിയും മിഴികളിൽ അവിടുത്തെ പ്രകാശവും പേറുന്നവരാണവർ. ബുദ്ധിമുട്ടേറിയതും അന്ധകാരപൂരിതവുമായ വേളകളിൽപോലും ഒരിക്കലും അവസാനിക്കാത്ത ജീവനെക്കുറിച്ച് അവർക്കു സാക്ഷ്യം നൽകാനാകും.

''പാതകളിലായിരിക്കുന്ന പാദങ്ങൾ'' എന്ന ചിത്രം ജനതകളോടുള്ള പ്രേഷിതദൗത്യത്തിന്റെ *(missio ad gentes)* സനാതനസാധ്യതയെക്കുറിച്ചു വീണ്ടും നമ്മെ ഓർമിപ്പിക്കുന്നു. അതായത്, ഉത്ഥിതനായ നാഥൻ സഭയെ ഭരമേല്പിച്ച ഭൂമിയുടെ അതിർത്തികൾവരെ എല്ലാ വ്യക്തികളെയും ജനപദങ്ങളെയും സുവിശേഷവൽക്കരിക്കുകയെന്ന പ്രേഷിതദൗത്യം. അനീതിയുടെ അസംഖ്യം സാഹചര്യങ്ങളാലും ഒട്ടനവധി ഭിന്നതകളാലും യുദ്ധങ്ങളാലും മുറിവേറ്റിരിക്കുന്ന നമ്മുടെ മനുഷ്യകുടുംബത്തിന് ഇന്ന് മറ്റെന്നത്തേക്കാളും ഉപരിസമാധാനത്തിന്റെ സദ്വാർത്തയും മിശിഹായിലുള്ള രക്ഷയുമാവശ്യമായിരിക്കുന്നു. ഈ അവസരത്തിൽ വീണ്ടും ഞാൻ ഊന്നിപ്പറയുന്നു, ''സുവിശേഷം ലഭിക്കാൻ എല്ലാവർക്കും അവകാശമുണ്ട്. ആരെയും ഒഴിവാക്കാതെ സുവിശേഷം പ്രഘോഷിക്കാൻ ക്രൈസ്തവർക്കു കടമയുമുണ്ട്. പുതിയ ബാധ്യതകൾ അടിച്ചേൽപ്പിക്കുന്നുവെന്നു തോന്നിപ്പിക്കാതെ അവർ തങ്ങളുടെ സന്തോഷം പങ്കുവയ്ക്കാൻ ആഗ്രഹിക്കുന്നവരായി, സൗന്ദര്യത്തിന്റെ നവചക്രവാളം ചൂണ്ടിക്കാണിക്കുന്നവരായി, മറ്റുള്ളവരെ രുചികരമായ സദ്യയിലേക്കു ക്ഷണിക്കുന്നവരായി കാണപ്പെടണം'' (സുവിശേഷത്തിന്റെ സന്തോഷം, 14). നാം വ്യക്തികൾ എന്നനിലയിലും സമൂഹങ്ങൾ എന്നനിലയിലും പ്രേഷിതദൗത്യത്തിനായി പരിവർത്തനപ്പെടണമെന്നതായിരിക്കണം നമ്മുടെ മുഖ്യലക്ഷ്യം, എന്തെന്നാൽ, സഭയുടെ മുഴുവൻ പ്രവർത്തനത്തിനും അടിസ്ഥാന മാതൃകയായിരിക്കുന്നതു പ്രേഷിതപ്രവർത്തനം തന്നെയാണ്'' (സുവിശേഷത്തിന്റെ സന്തോഷം, 15).

പൗലോസ് അപ്പസ്തോലൻ പറയുന്നതുപോലെ മിശിഹായുടെ സ്നേഹം നമ്മെ കീഴടക്കുകയും നിർബന്ധിക്കുകയും ചെയ്യുന്നു

*(2 കോറി 5:14)*. ഈ സ്നേഹത്തിനു രണ്ടുവശങ്ങളുണ്ട്: ഈശോയ്ക്കു നമ്മോടുള്ള സ്നേഹം; അതു നമ്മുടെ സ്നേഹത്തെ ക്ഷണിക്കുകയും പ്രചോദിപ്പിക്കുകയും അവനോടുള്ള സ്നേഹത്തിനായി നമ്മെ പ്രേരിപ്പിക്കുകയും ചെയ്യുന്നു. ഈ സ്നേഹമാണ് സഭയെ രൂപപ്പെടുത്തുന്നത്; അതു നിരന്തരം നവമായിക്കൊണ്ടിരിക്കുകയും സഭയെ യുവത്വത്തിൽ നിലനിർത്തുകയും ചെയ്യുന്നു. എന്തെന്നാൽ, ഈശോയുടെ സുവിശേഷം പ്രസംഗിക്കുകയെന്ന ദൗത്യം സഭ അവളുടെ എല്ലാ അംഗങ്ങളെയും ഭരമേൽപ്പിക്കുന്നു: ''ജീവിക്കുന്നവർ ഇനിയും തങ്ങൾക്കുവേണ്ടി ജീവിക്കാതെ, തങ്ങളെപ്രതി മരിക്കുകയും ഉയിർക്കുകയും ചെയ്തവനുവേണ്ടി ജീവിക്കേണ്ടതിനാണ് അവിടുന്ന് എല്ലാവർക്കുംവേണ്ടി മരിച്ചത്'' *(2 കോറി 5:15)* എന്ന ബോധ്യത്തിന്റെ അടിസ്ഥാനത്തിലാണിത്. നമുക്കെല്ലാവർക്കും ഈ പ്രേഷിതദൗത്യത്തിനോടു സഹകരിക്കാനാകും: നമ്മുടെ പ്രാർത്ഥനകൾ, പ്രവർത്തനങ്ങൾ, ഭൗതികമായ കാഴ്ചവസ്തുക്കൾ, സഹനത്തിലുള്ള കാഴ്ചവെപ്പ്, വ്യക്തിപരമായ സാക്ഷ്യം എന്നിവ വഴി. 'ഭൗതികവും ആധ്യാത്മികവുമായ തലങ്ങളിലുള്ള പ്രേഷിത സഹകരണത്തിന് ഉത്തമസാഹചര്യങ്ങൾ ഒരുക്കുന്ന പ്രസ്ഥാനങ്ങളാണ് പൊന്തിഫിക്കൽ മിഷൻ സൊസൈറ്റികൾ. അതിനാൽ, ലോക മിഷൻ ഞായറാഴ്ചയിലെ ധനസമാഹരണം വിശ്വാസപ്രചാരണത്തിനുള്ള പൊന്തിഫിക്കൽ സൊസൈറ്റിയ്ക്കു (Pontifical Society for the Propagation of the Faith) വേണ്ടിയുള്ളതാണ്.

മിഷനറിപ്രവർത്തനത്തിനുവേണ്ടിയുള്ള സഭയുടെ ത്വര അവളുടെ എല്ലാ അംഗങ്ങളും തമ്മിലുള്ളതും എല്ലാതലത്തിലുള്ളതുമായ പ്രേഷിത സഹകരണത്തിനു നമ്മെ ക്ഷണിക്കുന്നു. കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിത ദൗത്യം എന്നീ താക്കോൽ സംജ്ഞകളാൽ നയിക്കപ്പെട്ട് സഭ ഇപ്പോൾ നടത്തുന്ന സിനഡാത്മകസഞ്ചാരത്തിന്റെ അടിസ്ഥാനലക്ഷ്യങ്ങളിലൊന്ന് ഇതുതന്നെയാണ്. ഈ സഞ്ചാരമെന്നു പറയുന്നത് സഭ' തന്നിലേക്കു തന്നെ തിരിയുന്നതിന്റെ ഭാവമല്ല; സഭ എന്തു വിശ്വസിക്കുകയും എന്തു നടപ്പിൽ വരുത്തുകയും ചെയ്യണമെന്നതിന്റെ വോട്ടെടുപ്പല്ല; അതു മാനുഷികമായ മുൻഗണനകൾ നിർണയിക്കുന്ന ഒരു കാര്യവുമല്ല. മറിച്ച്, എമ്മാവൂസിലേക്കുപോയ ശിഷ്യരെപ്പോലെ, ഉത്ഥിതനായ നാഥനെ ശ്രവിച്ചുകൊണ്ട് ഇറങ്ങിപ്പുറപ്പെടുന്ന ഭാവമാണ് സഭയ്ക്കുള്ളത്. എന്തെന്നാൽ, വിശുദ്ധലിഖിതങ്ങൾ വ്യാഖ്യാനിച്ചുതരാനും നമുക്കായി അപ്പം മുറിച്ചു തരാനും കർത്താവ് എപ്പോഴും നമ്മുടെ പക്കലേക്കുവരുന്നു; അങ്ങനെ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ ലോകത്തിൽ അവിടുത്തെ ദൗത്യം നമുക്കു നിർവഹിക്കാനാകും.

വഴിമധ്യേ എന്താണ് സംഭവിച്ചതെന്ന് എമ്മാവൂസിലേക്കുപോയ ആ രണ്ടുശിഷ്യർ മറ്റുള്ളവരോടു പറഞ്ഞതുപോലെ *(ലൂക്കാ 24:35)* നമ്മുടെ പ്രഘോഷണം കർത്താവായ മിശിഹായെക്കുറിച്ചായിരിക്കും; അത്

അവിടുത്തെ ജീവൻ, പീഡാനുഭവം, മരണം, ഉത്ഥാനം എന്നിവയെയും അവിടുന്നു നമ്മുടെ ജീവിതങ്ങളിൽ നടത്തിയ സ്നേഹത്തിന്റെ വിസ്മയങ്ങളെക്കുറിച്ചുമായിരിക്കും. ആകയാൽ, ഉത്ഥിതനായ; നാഥനുമായ കണ്ടുമുട്ടലിനാൽ പ്രകാശിതരും അവിടുത്തെ ആത്മാവാൽ പ്രചോദിതരുമായി നമുക്കു വീണ്ടും ഇറങ്ങിപ്പുറപ്പെടാം. ജ്വലിക്കുന്ന ഹൃദയവുമായി നമുക്ക് ഇറങ്ങിച്ചെല്ലാം; നമ്മുടെ നയനങ്ങൾ തുറന്നു വയ്ക്കാം; നമ്മുടെ പാദങ്ങൾ പാതയിൽ മുന്നേറട്ടെ. മറ്റുള്ളവരുടെ ഹൃദയങ്ങൾ ദൈവവചനത്താൽ ഉജ്ജ്വലിപ്പിക്കപ്പെടുന്നതിനും പരി. കുർബാനയിലുള്ള ഈശോയിലേക്ക് അവരുടെ കണ്ണുകൾ തിരിക്കുന്നതിനും ദൈവം മനുഷ്യരാശിക്കു മുഴുവനുമായി ചൊരിഞ്ഞിരിക്കുന്ന സമാധാനത്തിന്റെയും രക്ഷയുടെയും പാതയിലൂടെ ഒരുമിച്ചു സഞ്ചരിക്കുന്നതിനുമായി നമുക്ക് അവരെ ക്ഷണിക്കുകയും ചെയ്യാം. പ്രേഷിതശിഷ്യരുടെ മാതാവും പ്രേഷിതരംഗങ്ങളുടെ രാജ്ഞിയും രക്ഷയുടെ പാതയിലെ സ്ത്രീയുമായ പരി. കന്യകാമറിയം നമുക്കുവേണ്ടി പ്രാർത്ഥിക്കട്ടെ.

റോമിലെ വി. ജോൺ ലാറ്ററൻ ബസിലിക്കായിൽ കർത്താവിന്റെ പ്രത്യക്ഷവത്ക്കരണ മഹോത്സവദിനത്തിൽ, 2023 ജനുവരി 6-ാം തീയതി നൽകിയത്.

Francis

**ഫ്രാൻസിസ് പാപ്പ**

പി.ഒ.സി., കേരളകത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

# ആരാധനാജീവിതം:
# അനുബന്ധമാർഗനിർദേശങ്ങൾ – 3

## 10. ദൈവാലയം വിശുദ്ധസ്ഥലം

ആരാധനക്രമം പരികർമം ചെയ്യുമ്പോൾ അതിന്റെ പ്രാധാന്യത്തിനും ശ്രേഷ്ഠതയ്ക്കും ദൈവികതയ്ക്കും ചേർന്ന തയ്യാറെടുപ്പും ക്രമീകരണവും സമീപനവുമാവശ്യമാണ്. ദൈവവും മനുഷ്യനും കണ്ടുമുട്ടുന്ന പവിത്രവും രക്ഷാകരവുമായ സന്ദർഭമാണ് ലിറ്റർജി. കൂദാശ ചെയ്യപ്പെട്ട ദൈവാലയം മുഴുവൻ വിശുദ്ധസ്ഥലമാണ്. ദൈവാലയത്തിലെ നാലു സ്ഥലങ്ങൾ ദൈവ-മനുഷ്യബന്ധത്തിന്റെ സവിശേഷാനുഭവം ഉളവാക്കുന്നതാണ്. ഏറ്റവും പ്രധാനപ്പെട്ടത് അതിവിശുദ്ധസ്ഥലമായ മദ്ബഹായും അവിടെ സ്ഥാപിക്കപ്പെട്ടിരിക്കുന്ന ബലിപീഠവുമാണ്. രണ്ടാമത്തെ സ്ഥലം ദൈവം നമ്മോടു സംസാരിക്കുന്ന വചനവേദി(ബേമ്മാ)യാണ്. മൂന്നാമത്തേതു ദൈവമക്കളെന്നനിലയിൽ നമ്മൾ പുനർജനിക്കുന്ന മാമ്മോദീസാത്തൊട്ടിയാണ്. നാലാമത്തേത്, അനുതപിക്കുന്ന പാപിയ്ക്കു പാപമോചനം നൽകാൻ കരുണയോടും സ്നേഹത്തോടുംകൂടി കർത്താവ് കാത്തിരിക്കുന്ന അനുരഞ്ജനവേദിയാണ്.

ഈ സ്ഥലങ്ങൾ ഏറ്റവും വെടിപ്പോടെ സംരക്ഷിക്കയും ഭക്ത്യാദരവുകളോടെ സമീപിക്കയും വേണം. ദൈവാലയത്തോടു ചേർന്നിരിക്കുന്നതിനാൽ ദൈവാലയാങ്കണത്തിനും ഒരു വിശുദ്ധപരിവേഷമുണ്ട്. അതിനുചേരുന്ന രീതിയിൽവേണം അവിടെ വ്യാപരിക്കാൻ; വെടിപ്പായി സംരക്ഷിക്കുകയും വേണം.

## 11. സങ്കീർത്തിയിൽ ആദരപൂർവം വ്യാപരിക്കണം

തിരുക്കർമങ്ങൾക്കുള്ള വസ്തുക്കൾ സൂക്ഷിക്കുകയും തിരുക്കർമങ്ങൾക്കായി ഒരുങ്ങുകയും ചെയ്യുന്ന സ്ഥലമാണ് സങ്കീർത്തി. മദ്ബഹായോടു ചേർന്നുള്ള സങ്കീർത്തി ഏറ്റവും വെടിപ്പായി സൂക്ഷിക്കണം. ഏവർക്കും യഥേഷ്ടം കയറിയിറങ്ങി നടക്കാനുള്ള സ്ഥലമല്ലത്. തിരുകർമാനുഷ്ഠാനങ്ങളുമായി പ്രത്യേകം ബന്ധപ്പെട്ട കാർമികരും ദൈവാലയശുശ്രൂഷികളും അൾത്താരശുശ്രൂഷികളുമാണ് സങ്കീർത്തിയിൽ വ്യാപരിക്കുന്നത്. സങ്കീർത്തിയിൽ നിശബ്ദത പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ആദരവോടും ഏകാഗ്രതയോടുംകൂടിയാണ് തിരുക്കർമങ്ങൾക്കായി ഒരുങ്ങേണ്ടത്.

## 12. തിരുക്കർമങ്ങൾക്കുള്ള വസ്തുക്കൾ

തിരുവസ്ത്രങ്ങൾ, തിരുപ്പാത്രങ്ങൾ, ധൂപക്കുറ്റി, ആരാധനാഗ്രന്ഥങ്ങൾ തുടങ്ങിയവയെല്ലാം സങ്കീർത്തിയിൽ യഥാസ്ഥാനത്തു വൃത്തിയായി സൂക്ഷിക്കേണ്ടതാണ്. തിരുക്കർമാനുഷ്ഠാനസമയത്തു സങ്കീർത്തിയിൽ ആരും സംസാരിച്ചിരിക്കാനിടയാവരുത്.

മിശിഹായുടെ തിരുശ്ശരീരരക്തങ്ങളെ സംവഹിക്കേണ്ട കാസയും

പീലാസയും കുസ്തോദികളുമൊക്കെ യഥാസമയം മിനുക്കി ഭംഗിയായി സൂക്ഷിക്കണം. അതേപോലെതന്നെ ധൂപക്കുറ്റിയും കുന്തുരുക്കത്തിനുള്ള കപ്പലും ഹന്നാൻ വെള്ളത്തിനുള്ള കറാപ്പും വി. കുർബാന സ്വീകരിക്കുമ്പോൾ പിടിക്കുന്ന തട്ടവും ആവശ്യാനുസരണം മിനുക്കി ഭംഗിയായി സൂക്ഷിക്കണം. ചങ്ങലകളിൽ ചെറിയ മണികൾ പിടിപ്പിച്ചിരിക്കുന്ന ധൂപക്കുറ്റി ഉപയോഗിക്കുവാൻ ശ്രദ്ധിക്കുക. സുഗന്ധം പ്രസരിപ്പിക്കുന്ന നല്ല കുന്തുരുക്കം ഉപയോഗിക്കുക. കുന്തുരുക്കത്തിനുള്ള കപ്പൽ തീരെ ചെറുതായിരിക്കരുത്.

ദിവ്യകാരുണ്യം നൽകുമ്പോൾ തിരുശ്ശരീരരക്തങ്ങളുടെ ചെറിയൊരു അംശംപോലും നിലത്തു വീഴാതിരിക്കുവാനുള്ള കരുതലാണ് കുർബാന ത്തട്ടം പിടിക്കുന്നത്. അതു ശ്രദ്ധയോടെ ചെയ്യണം.

ആശീർവദിക്കുന്നതിനായി ധൂപക്കുറ്റിയും കുന്തുരുക്കവുമായി കാർമികനെ സമീപിക്കുമ്പോഴും കൈകഴുകൽ ശുശ്രൂഷയ്ക്കായി വെള്ളവും തുവാലയുമായി സമീപിക്കുമ്പോഴും ശുശ്രൂഷികൾ ഈരണ്ടുപേരായി അവ കൈകളിൽ വഹിക്കുന്നതാണ് ഉചിതം.

തിരുക്കർമങ്ങളിൽ സഹായികളാകുന്ന അൾത്താരശുശ്രൂഷകർ കൊത്തീനായും സൂനാറയും ധരിച്ചിരിക്കണം. വൈദികാർത്ഥികളാണെങ്കിൽ അവരുടെ പദവിക്കനുസൃതമായ തിരുവസ്ത്രങ്ങൾ ധരിക്കേണ്ടതാണ്.

### 13. ധൂപാർപ്പണം

അനാഫൊറയുടെ സമയം മുഴുവൻ ധൂപാർപ്പണം നടത്തുവാൻ ശ്രദ്ധിക്കുക. അവസാനത്തെ ധൂപാർപ്പണം തിരുവോസ്തി ഉയർത്തിക്കഴിയുന്നതുവരെ നടത്തുക.

### 14. സജ്ജീകരണങ്ങൾ

തിരുക്കർമങ്ങൾക്കു മദ്ബഹായിലും ബേമ്മായിലും ആവശ്യമായ സജ്ജീകരണങ്ങൾ മുൻകൂട്ടി കൃത്യമായി ചെയ്യുവാൻ ശ്രദ്ധിക്കണം. മൈക്ക് ക്രമീകരിക്കുന്നത്, ഇരിപ്പിടങ്ങൾ ഒരുക്കുന്നത് തുടങ്ങിയവ. ബലിപീഠത്തിൽ മൈക്കുസ്റ്റാന്റ് വയ്ക്കരുത്. കുർബാനതക്സായും സുവിശേഷ ഗ്രന്ഥവും വയ്ക്കുന്നതിന് ഓരോ കുഷ്യനുകൾ യഥാസ്ഥാനത്തു ബലിപീഠത്തിൽ ക്രമീകരിക്കുക.

വചനവേദിയിൽ(ബേമ്മാ) കാർമികർക്കും ശുശ്രൂഷികൾക്കും ആവശ്യമായ ഇരിപ്പിടങ്ങൾ യഥാസ്ഥാനത്തു മുൻകൂട്ടി സജ്ജീകരിച്ചിരിക്കണം. ഇരിക്കേണ്ട സമയത്തു ശുശ്രൂഷികളും അവിടെ ഇരിക്കേണ്ടതാണ്.

### 15. വേദപുസ്തകവായനകൾ

സുവിശേഷവായന ഒഴികെയുള്ള മറ്റു വായനകളുടെ സമയത്ത് എല്ലാവർക്കും ഇരിക്കാവുന്നതാണ്. ആദ്യവായനയ്ക്കുമുമ്പു ശുശ്രൂഷി ആരാധനാസമൂഹത്തോട് ഇരിക്കാൻ ആഹ്വാനം ചെയ്തതിനുശേഷമാണ് എല്ലാവരും ഇരിക്കേണ്ടത്. വായനയ്ക്കുമുമ്പു വായനക്കാരൻ കാർമികനിലേക്കു

തിരിഞ്ഞ് കുർബാനപുസ്തകത്തിലെ നിർദേശപ്രകാരം ആശീർവാദം സ്വീകരിക്കേണ്ടതാണ്.

പ്രാർത്ഥനാരൂപിയോടെ ഭക്ത്യാദരപൂർവം ഈണത്തിൽ സ്പഷ്ട മായും സാവധാനവും വേദപുസ്തകവായന നടത്തണം. ഒരു പ്രസംഗം പറയുന്ന രീതിയിലല്ല വായിക്കേണ്ടത്. ദൈവം വായനക്കാരന്റെ അധര ങ്ങളിലൂടെ സംസാരിക്കുന്നുയെന്ന മനോഭാവത്തോടെ വായിക്കുകയും ദൈവം സംസാരിക്കുന്നുയെന്ന മനോഭാവത്തോടെ സമൂഹം ഭക്തിയോടും ശ്രദ്ധയോടുംകൂടി കേൾക്കുകയും വേണം.

## 16. ദിവ്യകാരുണ്യസ്വീകരണം

മറ്റു മതിയായകാരണങ്ങളില്ലെങ്കിൽ, ഇരുസാദൃശ്യങ്ങളിലാണ് ദിവ്യ കാരുണ്യം നൽകേണ്ടത്. നാവിൽതന്നെ കൊടുക്കുകയും ചെയ്യുക. വി. കുർബാന സ്വീകരിക്കാനണയുന്നതും സ്വീകരിച്ചുകഴിഞ്ഞ് തിരിച്ചുപോ കുന്നതും കൈകൾകൂപ്പി ഭക്തിപൂർവമായിരിക്കണം.

ഉത്ഥിതനായ ഈശോ ഓരോ വിശ്വാസിയിലേയ്ക്കും കടന്നുവന്നു കൂടെവസിക്കുന്ന അനുഭവമാണ് ദിവ്യകാരുണ്യസ്വീകരണം. സക്കേവൂ സിന്റെയും ലാസറിന്റെയുമൊക്കെ ഭവനത്തിൽ പോയതുപോലെ. ഈശോ യുമായി വ്യക്തിപരമായി സ്നേഹസംഭാഷണം നടത്താനും ഈശോയുടെ സജീവസാന്നിധ്യം ധ്യാനിച്ചനുഭവിക്കാനുമുള്ള അവസരമാണ് ദിവ്യ കാരുണ്യ സ്വീകരണത്തിനുശേഷമുള്ള അല്പസമയം. ഈ സമയംമുഴു വൻ ഗീതങ്ങൾ ആലപിക്കേണ്ടതില്ല. ഒരുഗീതം ആലപിച്ച് ബാക്കിസമയം നിശബ്ദതയോടെ ഈശോയുമായി ഒരുമിച്ചായിരിക്കുന്ന അനുഭവം ആത്മീ യമായി ആസ്വദിക്കാനുള്ള സമയമാണ്.

## 17. കാസയും പീലാസയും കഴുകിത്തുടയ്ക്കുന്നത്

ബലിപീഠത്തിൽവച്ചല്ല, ബേസ്ഗസ്സായിൽവച്ചാണ് ദിവ്യകാരുണ്യ സ്വീകരണത്തിനുശേഷം കാസയും പീലാസയും കഴുകിത്തുടയ്ക്കേണ്ടത്.

## 18. ഇരുഗണമായി ചൊല്ലേണ്ടവ

സങ്കീർത്തനങ്ങളും മറ്റു ചില ഗീതങ്ങളും ഇരുഗണമായി മാറിമാറി ചൊല്ലേണ്ടതാണ്. *ഉദാ:* ഉത്ഥാനഗീതം, ത്രിശുദ്ധകീർത്തനം. 'വചനവേദി യിലുള്ളവർ' എന്നെഴുതിയിരിക്കുന്ന പ്രാർത്ഥനകളും ഗീതങ്ങളും കാർമി കനും ശുശ്രൂഷികളും ഒരുമിച്ചു ചൊല്ലേണ്ടതാണ്. *ഉദാ:* സകലത്തിന്റെയും നാഥാ..., പരിശുദ്ധനായ ദൈവമേ...

(തുടരും)

മിശിഹായിൽ സ്നേഹപൂർവം,

**ആർച്ചുബിഷപ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത




# I

## പ്രതിനിധിയോഗാംഗങ്ങളുടെ സമ്മേളനം

| തീയതി | സമയം | ഫൊറോന |
|---|---|---|
| ഒക്ടോബർ 01 | 02:00 pm | നെടുങ്കുന്നം |
| ഒക്ടോബർ 07 | 02:30 pm | കൊല്ലം-ആയൂർ |
| ഒക്ടോബർ 08 | 02:30 pm | അമ്പൂരി |
| ഒക്ടോബർ 14 | 02:00 pm | അതിരമ്പുഴ |
| ഒക്ടോബർ 15 | 02:00 pm | മണിമല |
| ഒക്ടോബർ 22 | 03:00 pm | തിരുവനന്തപുരം |
| ഒക്ടോബർ 28 | 02:00 pm | ചെങ്ങന്നൂർ |
| ഒക്ടോബർ 29 | 10:00 am | ആലപ്പുഴ |

# II

## മിഷൻ ഞായർ

2023 ഒക്ടോബർ 22-ാം തീയതിയാണ് ഈ വർഷത്തെ മിഷൻ ഞായർ. എമ്മാവൂസിലേയ്ക്കുള്ള യാത്രയിൽ ശിഷ്യന്മാരുടെ 'ഹൃദയങ്ങൾ തീ പിടിച്ചു, കാൽനടയാത്രയിൽ' *(ലൂക്കാ 24: 13- 35)* എന്ന ദൈവവചനഭാഗമാണ് 2023 ലെ ലോകപ്രേഷിതദിനത്തിന്റെ ധ്യാനവിഷയം.

മിഷൻ ഞായറാഴ്ചയിലെ സ്തോത്രകാഴ്ച 2023 ഒക്ടോബർ 31 നു മുമ്പായി അതിരൂപതാ സാമ്പത്തികകാര്യാലയത്തിൽ ഏൽപ്പിക്കേണ്ടതാണ്.

# III

## മൂറോൻ കൂദാശ

മാർ തോമാശ്ലീഹായുടെ ഭാരതപ്രവേശനത്തിന്റെ ഓർമ്മദിനമായ 2023 നവംബർ 21-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.15 നു ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളിയിൽ വി. മൂറോൻ കൂദാശ ചെയ്യുന്നു.

# IV

## പ്രസ്ബിറ്റേറിയം

ഈ വർഷത്തെ രണ്ടാമത്തെ വൈദികസമ്മേളനം 2023 നവംബർ 21-ാം തീയതി ചൊവ്വാഴ്ച രാവിലെ സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളിയിൽ നടക്കുന്ന വി. മൂറോൻ കൂദാശാകർമത്തിനുശേഷം പാരീഷ് ഹാളിൽ നടത്തപ്പെടുന്നു. ചങ്ങനാശേരി അതിരൂപതാവൈദികർ മാത്രമാണ് ഈ സമ്മേളനത്തിൽ പങ്കെടുക്കേണ്ടത്.

# V

## സമുദായനാമ പരിഷ്കരണം

2023 ജൂലൈ 08 നു കേരളസംസ്ഥാന പൊതുഭരണവകുപ്പിൽനിന്നു പുറപ്പെടുവിച്ച് ഓഗസ്റ്റ് 08 ലെ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ സ. ഉ. കൈ (നമ്പർ) 109/2023/പൊ. ഭ. വ. ഉത്തരവുപ്രകാരം സീറോമലബാർ സഭാംഗങ്ങളായ സുറിയാനി കത്തോലിക്കരുടെ സമുദായനാമം **സീറോ മലബാർ സിറിയൻ കാത്തലിക് (Syro Malabar Syrian Catholic)** എന്നതായി സംസ്ഥാനസർക്കാർ നിജപ്പെടുത്തിയിരിക്കുന്നു. സീറോമലബാർസഭയിലെ സുറിയാനി കത്തോലിക്കർ നാളിതുവരെ RC, RCS, RCSC, SC, റോമൻ കാത്തലിക്, സിറിയൻ കാത്തലിക്, ക്രിസ്ത്യൻ റോമൻ കാത്തലിക്, ക്രിസ്ത്യൻ RC, ക്രിസ്ത്യൻ RCSC, സീറോമലബാർ തുടങ്ങിയ വിവിധ പേരുകളാണ് സമുദായനാമമായി SSLC ബുക്കിലും മറ്റ് ഔദ്യോഗിക രേഖകളിലും ഉപയോഗിച്ചിരുന്നത്. സ്കൂൾരേഖകളിലും മറ്റും ഇനി മുതൽ 'സീറോമലബാർ സിറിയൻ കാത്തലിക്' എന്ന സമുദായനാമമാണ് സ്വീകരിക്കേണ്ടത് എന്നറിയിക്കുന്നു. നിലവിൽ RCSC മുതലായ പേരുകൾ ഓദ്യോഗികരേഖകളിൽ ഉപയോഗിക്കുന്നവർ അവ തിരുത്തേണ്ടിവരുന്ന നിർബന്ധിതസാഹചര്യം ഇപ്പോഴില്ല. എന്നാൽ മാറ്റംവരുത്താൻ സാധിക്കുന്ന എല്ലാ രേഖകളിലും മാട്രിമോണിയൽ പോലെയുള്ള അനൗദ്യോഗിക ഉപയോഗങ്ങളിലും ഈ പേരുമാറ്റം വരുത്തേണ്ടതാണ്. മാത്രമല്ല അവരുടെ കുട്ടികളുടെ വിവരങ്ങൾ പുതിയതായി ഔദ്യോഗിക രേഖകളിൽ ചേർക്കുമ്പോൾ 'സീറോമലബാർ സിറിയൻ കാത്തലിക്' എന്ന സമുദായനാമംതന്നെയാണ് ഉപയോഗിക്കേണ്ടത്. ഇതിനു ചുരുക്കരൂപമില്ല. നിലവിലുള്ള വിദ്യാർത്ഥികളുടെ സ്കൂൾ രജിസ്റ്ററുകളിലും സാധ്യമായ തിരുത്തലുകൾ വരുത്തേണ്ടതാണ്. ക്നാനായ കാത്തലിക്, ദളിത് കാത്തലിക്, നാടാർ കാത്തലിക് എന്നീ വിഭാഗങ്ങളിൽപ്പെട്ട സീറോമലബാർ സഭാംഗങ്ങൾ നിലവിൽ അവർ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന സമുദായനാമംതന്നെയാണ് ഉപയോഗിക്കേണ്ടത്.

# VI

Prot. No. 1006/2023

# DECREE

**Particular Law on Betrothal and Publishing of Banns in Mixed Marriages Solemnized with Dispensation from Catholic Form of Marriage**

Whereas the III Session of the XXXI Synod of Bishops of the Syro-Malabar Church held from August 21 to 26, 2023, in accordance with CCEO c. 110 §1, approved by voting the law on betrothal and publishing of banns in mixed marriages solemnized with dispensation from Catholic form of marriage, the undersigned Cardinal George Alencherry, Major Archbishop of the Syro-Malabar Church, as per c. 112 §1 of CCEO, promulgates the following:

**i.** Betrothal and publication of banns shall be allowed in mixed marriages solemnized with dispensation from the Catholic form of marriage if requested by at least one of the parties.

**ii.** Banns shall indicate that the marriage announced is solemnized with dispensation from the Catholic form of marriage granted by the Major Archbishop and that it will be solemnized in the Church of the non-Catholic party.

*Given from the Major Archiepiscopal Curia of the Syro-Malabar Church at Mount St. Thomas, Kakkanad on 21 September 2023, the Feast of St. Matthew the Apostle.*

**Cardinal George Alencherry**
Major Archbishop of the Syro-Malabar Church

**Fr. Abraham Kavilpurayidathil**
Major Archiepiscopal Chancellor

## VII

Prot. No. 1007/2023

# DECREE

### Particular Law on Civil Registration of Marriage for Obtaining Family Visa before Sacramental Solemnization of Marriage

Whereas the III Session of the XXXI Synod of Bishops of the Syro-Malabar Church held from 21 to 26 August, 2023, in accordance with CCEO c. 110 §1, approved by voting the law on civil registration of marriage of Syro-Malabar faithful before solemnizing sacramental marriage for the purpose of obtaining family visa, the undersigned Cardinal George Alencherry, Major Archbishop of the Syro-Malabar Church, as per c. 112 §1 of CCEO, promulgates the following:

**i.** The Syro-Malabar faithful who, for serious reasons such as obtaining family visa to foreign countries find it necessary to register their marriages under relevant civil law before the sacramental solemnization of the marriage in the church, may approach their own local hierarch, with proper application and testimonial letter from the parish priest concerned, for obtaining permission to that effect.

**ii.** The party who approaches the local hierarch for permission shall present a written request to that effect which shall carry the undertaking that they will not live together, being aware of the sinfulness of cohabitation before the sacramental marriage and that they will get marriage sacramentally solemnized at the earliest possibility. In addition, the request shall also carry the signatures of both the bride and the bridegroom.

**iii.** The testimonial letter shall indicate whether the applicant/s belong to the parishes indicated in the application and whether the facts mentioned are true.

**iv.** Ordinarily the request is to be addressed to the local hierarch of the bridegroom. However, when the local hierarch of the bridegroom cannot be accessed, then the local hierarch of the bride may be approached.

**v.** In the permission it shall be specifically mentioned that it is granted under condition that the applicants agree not to cohabit before sacramental marriage and that they will get married sacramentally at the earliest possibility.

**vi.** After the civil registration of the marriage a copy of the certificate of registration shall be given to both parish priests and the information about the marriage shall be entered in a special section of the marriage registers of both the parishes.

**vii.** If at least one of the parties requests for betrothal and publication of banns before the solemnization of the sacramental marriage, the request shall be granted by the parish priests. To do so, no permission from the local hierarch is required.

**viii.** The date of marriage to be entered in the marriage register after the sacramental marriage is the date of the sacramental marriage. In the remark column, however, the date of the civil marriage is to be mentioned.

**ix.** While issuing marriage certificates the parish priests shall indicate the date of sacramental solemnization.

All contrary dispositions notwithstanding.

*Given from the Major Archiepiscopal Curia of the Syro-Malabar Church at Mount St. Thomas, Kakkanad on 21 September 2023, the Feast of St. Matthew the Apostle.*

**Cardinal George Alencherry**
Major Archbishop of the Syro-Malabar Church

**Fr. Abraham Kavilpurayidathil**
Major Archiepiscopal Chancellor

■

## റോമിൽ നടക്കുന്ന സിനഡിന്റെ വിജയത്തിനായുള്ള പ്രാർത്ഥന

**പരി. കുർബാനയിലെ കാറോസൂസായിൽ (ഒക്ടോബർ 01 ഞായറാഴ്ച മുതൽ 29 ഞായറാഴ്ച വരെ) ചേർത്തുചൊല്ലേണ്ടത്**

**ശുശ്രൂ:** എമ്മാവൂസിലേക്കുപോയ ശിഷ്യന്മാരോടൊപ്പം യാത്രചെയ്തു വിശുദ്ധലിഖിതം വിശദീകരിക്കുകയും അപ്പമെടുത്തു ആശീർവദിച്ചു മുറിച്ചുനല്കുകയും അതു വഴി അവരുടെ ഹൃദയങ്ങളെ ജ്വലിപ്പിക്കുകയും ചെയ്ത മിശിഹായേ, ഫ്രാൻസിസ് മാർപാപ്പായുടെ നേതൃത്വത്തിൽ റോമിൽ നടക്കുന്ന മെത്രാന്മാരുടെ സിനഡിനെയും അതിൽ പങ്കെടുക്കുന്ന എല്ലാവരെയും പരിശുദ്ധാത്മാവിനാൽ നയിക്കുകയും പ്രകാശിപ്പിക്കുകയും ചെയ്യണമേ. കൂട്ടായ്മയിലും പങ്കാളിത്തത്തിലും പ്രേഷിതദൗത്യത്തിലും ശക്തിപ്പെട്ടു കാലത്തിന്റെ ആവശ്യങ്ങളനുസരിച്ചു പുതിയ സമീപനങ്ങൾ സ്വീകരിക്കാനും സുവിശേഷത്തിനു സജീവവും ആകർഷകവുമായ സാക്ഷ്യം നല്കാനും ഉതകുന്ന സഭാജീവിതശൈലി രൂപപ്പെടുത്താൻ ഈ സിനഡുസമ്മേളനത്തെ അനുഗ്രഹിക്കണമേയെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

# സന്ദേശനിലയം

ഈശോയിൽ സ്നേഹം നിറഞ്ഞവരേ,

ഈ വർഷത്തെ വിശ്വാസപരിശീലനത്തിന്റെ ഒന്നാംഘട്ടം പൂർത്തിയായിരിക്കുകയാണല്ലോ. വിശ്വാസജീവിതത്തിൽ നാം എത്രമാത്രം ആഴപ്പെട്ടു എന്നതിന്റെ വിലയിരുത്തൽ കൂടിയായി ഒന്നാം ടേം പരീക്ഷയെ കാണാം. ബൈബിൾ കലോത്സവവേദികളിൽ വീറും വാശിയും അതിരുകടന്നതാകാതെ വിശ്വാസം കലകളിലൂടെ അവതരിപ്പിക്കുന്ന പ്രഘോഷണവേദിയാണെന്ന ബോധ്യത്തോടെ വിജയത്തിനൊപ്പം പരാജയങ്ങളെ ശാന്തതയോടെ സ്വാഗതം ചെയ്യാനും അംഗീകരിക്കുവാനും സാധിക്കണം. മിശിഹായുടെ രണ്ടാം വരവ് പ്രതീക്ഷിച്ച് ഒരുക്കത്തോടെ കാത്തിരുന്ന ആദിമസഭാസമൂഹത്തെപോലെ ജാഗ്രതയോടെ, കരുതലോടെ വ്യാപരിക്കാം. ഏലിയാ-സ്ലീവാ-മൂശെക്കാലത്തിലെ ധ്യാനചിന്തകൾ അതിനു സഹായകമാകട്ടെ.

കഴിഞ്ഞ രണ്ടുവർഷക്കാലം തികഞ്ഞ അവധാനതയോടെ മതബോധന രംഗത്ത് അസിസ്റ്റന്റ് ഡയറക്ടറെന്നനിലയിൽ സന്ദേശനിലയത്തിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും പ്രചോദനമായിരുന്ന ജോസഫ് ഈറ്റോലിലച്ചനെ നന്ദിയോടെ സ്മരിക്കുന്നു. അച്ചന് എല്ലാവിധ ഭാവുകങ്ങളും പ്രാർത്ഥനാപൂർവം നേരുന്നു.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. ജോസഫ് ഈറ്റോലിൽ**
**ഫാ. ജോസഫ് പുളിക്കപ്പറമ്പിൽ**
*(അസിസ്റ്റന്റ് ഡയറക്ടേഴ്സ്)*

**ഫാ. ആൻഡ്രൂസ് പാണംപറമ്പിൽ**
*(ഡയറക്ടർ)*

## അറിയിപ്പുകൾ

**ഒക്ടോബർ 2023**

01 ഞായർ : **സൺഡേസ്കൂൾ ഒന്നാം ടേം എഴുത്ത് പരീക്ഷ**
ഏലിയാ-സ്ലീവാ-മൂശെ അഞ്ചാം ഞായർ - ക്ലാസ്സ് 18

02 തിങ്കൾ : **ഒന്നാം ടേം വാചിക പരീക്ഷ ആരംഭിക്കുന്നു.**

07 ശനി : CLT Class

08 ഞായർ : ഏലിയാ-സ്ലീവാ-മൂശെ ആറാം ഞായർ - ക്ലാസ്സ് 19
**SMCC പ്രതിഭാ അവാർഡ് ഫൊറോനാതല തിരഞ്ഞെടുപ്പ്**
*(കോട്ടയം, എടത്വാ, ചമ്പക്കുളം, കുറുമ്പനാടം, കുടമാളൂർ, ചങ്ങനാശേരി, ചെങ്ങന്നൂർ ഫൊറോനകൾക്കു സന്ദേശനിലയത്തിൽ)*

09 തിങ്കൾ : **ദൈവദാസൻ മാർ മാത്യു കാവുകാട്ട്**

14 ശനി : CLT Class, **ഒന്നാം ടേം വാചിക പരീക്ഷ അവസാനിക്കുന്നു**

15 ഞായർ : **പി.റ്റി.എഫ്. & സൺഡേസ്കൂൾ ലീഡേഴ്സ് പ്രതിനിധികളുടെ അതിരൂപതാതല സമ്മേളനം**
ഏലിയാ-സ്ലീവാ-മൂശെ ഏഴാം ഞായർ - ക്ലാസ്സ് 20

21 ശനി : CLT Class

22 ഞായർ : ഏലിയാ-സ്ലീവാ-മൂശെ എട്ടാം ഞായർ - ക്ലാസ്സ് 21,
**മിഷൻ ഞായർ**
28 ശനി : CLT Class, Mission Quest 2023 ഓൺലൈൻ ക്വിസ് മത്സരം
29 ഞായർ : ഏലിയാ-സ്ലീവാ-മൂശെ ഒമ്പതാം ഞായർ - ക്ലാസ്സ് 22

**നവംബർ 2023**

05 ഞായർ : പള്ളിക്കൂദാശാ ഒന്നാം ഞായർ - ക്ലാസ്സ് 23
11 ശനി : CLT Class
12 ഞായർ : പള്ളിക്കൂദാശാ രണ്ടാം ഞായർ - ക്ലാസ്സ് 24

### മതാധ്യാപക സെമിനാർ

മതാധ്യാപകർക്കായി ഫൊറോനാതലത്തിൽ നടത്തപ്പെടുന്ന കുർബാനാനുഭവ സെമിനാർ രാവിലെ 9.30ന് ആരംഭിച്ച് ഉച്ചകഴിഞ്ഞ് 3.30ന് അവസാനിക്കുന്നു. ഫൊറോനയിലെ വിശ്വാസപരിശീലകർ ഇതിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. ഏതെങ്കിലും അടിയന്തിര സാഹചര്യത്തിൽ പങ്കെടുക്കാൻ സാധിക്കാതെ വന്നാൽ മറ്റു ഫൊറോനകളിലെ സെമിനാറിൽ സംബന്ധിക്കുവാൻ ശ്രദ്ധിക്കുമല്ലോ. വിശ്വാസപരിശീലകരുടെ തുടർപരിശീലനത്തിന്റെ ഭാഗമായ ഈ സെമിനാറിലൂടെ വി. കുർബാനാനുഭവത്തിന്റെ ആഴങ്ങളിലേക്കു പ്രവേശിക്കാനും തങ്ങൾ പരിശീലിപ്പിക്കുന്ന കുട്ടികളെ അതിലേക്കു നയിക്കുവാനും വിശ്വാസപരിശീലകർക്കു സാധിക്കട്ടെ.

| **തീയതി** | **ഫൊറോന** |
|---|---|
| ഒക്ടോബർ 02 തിങ്കൾ | കൊല്ലം - ആയൂർ |
| ഒക്ടോബർ 14 ശനി | കുടമാളൂർ |
| ഒക്ടോബർ 24 ചൊവ്വ | മുഹമ്മ |
| നവംബർ 04 ശനി | തൃക്കൊടിത്താനം |
| നവംബർ 11 ശനി | അമ്പൂരി |
| നവംബർ 18 ശനി | ചങ്ങനാശേരി |
| നവംബർ 25 ശനി | കുറുമ്പനാടം |
| ഡിസംബർ 02 ശനി | തുരുത്തി |
| ഡിസംബർ 09 ശനി | കോട്ടയം |
| ഡിസംബർ 16 ശനി | മണിമല |

### പി.റ്റി.എഫ്. (പേരന്റ് ടീച്ചേഴ്സ് ഫെലോഷിപ്പ്) & സൺഡേസ്കൂൾ ലീഡേഴ്സ് മീറ്റ്

പേരന്റ് ടീച്ചേഴ്സ് ഫെലോഷിപ്പ് & സൺഡേസ്കൂൾ ലീഡേഴ്സ് പ്രതിനിധികളുടെ അതിരൂപതാതല സമ്മേളനം **ഒക്ടോബർ 15 ഞായറാഴ്ച** രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 1.30 വരെ ചങ്ങനാശേരി അസംപ്ഷൻ കോളേജ് ഓഡിറ്റോറിയത്തിൽ നടത്തപ്പെടും. എല്ലാ സൺഡേസ്കൂളിൽനിന്നും പ്രതിനിധികളെ അയയ്ക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. നല്കിയിരിക്കുന്ന ഗൂഗിൾഫോം പൂരിപ്പിച്ച് പങ്കെടുക്കുന്നവരുടെ പേരുവിവരങ്ങൾ സന്ദേശനിലയത്തിൽ അറിയിക്കുവാൻ പ്രധാനാധ്യാപകൻ ശ്രദ്ധിക്കേണ്ടതാണ്.

### സി.ആർ.റ്റി. സന്ദർശനം

ഈ വർഷത്തെ CRT സന്ദർശനം ഒക്ടോബർ, നവംബർ, ഡിസംബർ മാസ

ങ്ങളിൽ നടത്തപ്പെടുന്നതാണ്. സൺഡേസ്കൂളിന്റെ പ്രവർത്തനസമയത്തുതന്നെയായിരിക്കും CRT സന്ദർശനം. സമയബന്ധിതമായും സുഗമമായും ഈ സന്ദർശനം പൂർത്തീകരിക്കുന്നതിന് ഏവരും സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

### പ്രത്യേക ശ്രദ്ധയ്ക്ക്

കുട്ടികളുടെയും അധ്യാപകരുടെയും സ്ഥിതിവിവരകണക്കുകൾ ഏൽപ്പിക്കേണ്ട അവസാനതീയതി കഴിഞ്ഞിരിക്കുകയാണ്. ഇനിയും ഏതെങ്കിലും സൺഡേസ്കൂളുകൾ ഇതുമായി ബന്ധപ്പെട്ടുള്ളവ ചെയ്തുതീർക്കുവാനുണ്ടെങ്കിൽ എത്രയുംവേഗം പൂർത്തിയാക്കേണ്ടതാണ്. ഇതുവരെ പ്രിന്റർ കോപ്പി സന്ദേശനിലയത്തിൽ ഏല്പിക്കാത്തവർ അതും നല്കണമെന്ന് ഓർമിപ്പിക്കുന്നു. ഒന്നാം ടേം വാചികപരീക്ഷ ഒക്ടോബർ 14 ന് അവസാനിക്കുന്നു. കുട്ടികളുടെ മാർക്കും ഹാജരും ക്ലാസ്സടിസ്ഥാനത്തിൽ ecos@sandes ൽ എന്റർ ചെയ്യേണ്ടതാണ്.

### പ്രത്യേക ശ്രദ്ധയ്ക്ക്

ഗാനമേളയെ സംബന്ധിച്ച് കലോത്സവം ബ്രോഷറിൽ കൊടുത്തിരിക്കുന്ന നിബന്ധനയിൽ കൂടുതൽ വ്യക്തത വരുത്താൻ ആഗ്രഹിക്കുന്നു. ഇലക്ട്രിക് ഓർഗൺ ഉപയോഗിക്കുന്നവർക്ക് ആവശ്യമെങ്കിൽ അതിലുള്ള rhythm ഉപയോഗിക്കാം. എന്നാൽ അത് Auto rhythm (without accompaniment) എന്നനിലയിൽ മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ. മറ്റു സംഗീതോപകരണങ്ങൾ ഉപയോഗിക്കുന്നതിൽ തടസമില്ല.

### ഈറ്റോലിലച്ചനു നന്ദി

അതിരൂപതാ മതബോധനകേന്ദ്രം അസിസ്റ്റന്റ് ഡയറക്ടറായി സ്തുത്യർഹമായ സേവനമനുഷ്ഠിച്ച് ഉപരിപഠനത്തിനായി യാത്രയാകുന്ന ജോസഫ് ഈറ്റോലിലച്ചന് അതിരൂപതാ സന്ദേശനിലയം കുടുംബത്തിന്റെ അകമഴിഞ്ഞ നന്ദി ഹൃദയപൂർവം നേരുന്നു. സന്ദേശനിലയത്തിന്റെ അനുദിനപ്രവർത്തനങ്ങളിൽ കാര്യക്ഷമതയോടെയും സൗമ്യതയോടെയും പ്രവർത്തിക്കുവാനും ഇവിടെ നല്കപ്പെടുന്ന പരിശീലനപരിപാടികളിൽ സഭയുടെ പ്രബോധനങ്ങൾ വ്യക്തവും ശക്തവുമായ കാഴ്ചപ്പാടോടെ പകർന്നുനല്കുവാനും അച്ചനു കഴിഞ്ഞിരുന്നു. റോമിലേയ്ക്കു പുറപ്പെടുന്ന അച്ചനെ സർവശക്തനായ ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ. സന്ദേശനിലയം കുടുംബത്തിന്റെ സ്നേഹനിർഭരമായ പ്രാർത്ഥനാശംസകൾ.

### ആദരാഞ്ജലികൾ

സന്ദേശനിലയത്തിൽ ദീർഘകാലം സേവനംചെയ്ത ജോളി സജിയുടെ മാതാവിന്റെയും കുറ്റിക്കോണം സൺഡേസ്കൂൾ അധ്യാപകൻ കെ. എം. ഇമ്മാനുവേലിന്റെയും പൊങ്ങ സൺഡേസ്കൂൾ അധ്യാപകനും അതിരൂപതാ CRT അംഗവുമായ മനയ്ക്കൽ ജോയ് തോമസിന്റെ മാതാവിന്റെയും ചങ്ങനാശേരി മെത്രാപ്പോലീത്തൻ സൺഡേസ്കൂൾ അധ്യാപികയായ സി. അമൽ മരിയ CMC യുടെ മാതാവിന്റെയും കുടമാളൂർ സെന്റ് മേരീസ് സൺഡേസ്കൂൾ മുൻ അധ്യാപിക സി. ഫ്ളോറൻസ് മേരി FCC യുടെയും നിര്യാണത്തിൽ സന്ദേശനിലയം – മിഷൻലീഗ് കുടുംബം അനുശോചനവും പ്രാർത്ഥനയും അറിയിക്കുന്നു.

■

# ചെറുപുഷ്പ മിഷൻലീഗ് (CML)

ഈശോയിൽ സ്നേഹം നിറഞ്ഞവരേ,

ഒക്ടോബർ മാസത്തിലേക്കു നാം പ്രവേശിച്ചിരിക്കുന്നു. ഈ മാസം നമ്മെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ടതാണ്. ചെറുപുഷ്പ മിഷൻ ലീഗിന്റെ ജന്മദിനം, സ്വർഗീയമധ്യസ്ഥയുടെ തിരുനാൾ, സ്ഥാപകപിതാവിന്റെ ചരമദിനം, പ്രേഷിതമാസം എന്നിങ്ങനെ... ഈ ദിനങ്ങളുടെ പ്രാധാന്യം ഒട്ടും കുറയാതെ ശാഖകളിൽ പ്രത്യേക പരിപാടികളോടെ ആഘോഷിക്കുവാൻ ശ്രദ്ധിക്കുമല്ലോ? അതിരൂപതാകൗൺസിലിലും അതിരൂപതാതല മാലിപ്പറമ്പിലച്ചൻ അനുസ്മരണത്തിലും പങ്കെടുത്ത ശാഖ, മേഖലാ ഡയറക്ടേഴ്സ്, ജോയിന്റ് ഡയറക്ടേഴ്സ്, ഓർഗനൈസേഴ്സ്, ഭാരവാഹികൾ എന്നിവർക്കു നന്ദി. ചെറുപുഷ്പ മിഷൻലീഗിലൂടെ കൂടുതൽ തീക്ഷ്ണതയോടെ ദൈവരാജ്യം പ്രഘോഷിക്കാം.

ഈ അവസരത്തിൽ കഴിഞ്ഞ രണ്ടുവർഷക്കാലം ചെറുപുഷ്പ മിഷൻലീഗ് അസിസ്റ്റന്റ് ഡയറക്ടറായും വൊക്കേഷൻ ബ്യൂറോയുടെ ഡയറക്ടറായും സേവനമനുഷ്ഠിച്ചശേഷം ഉപരിപഠനത്തിനായി റോമിലേയ്ക്കു യാത്രയാകുന്ന ജോസഫ് ഈറ്റോലിൽ അച്ചനെ നന്ദിയോടെ ഓർക്കുകയും അച്ചനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യാം.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. ജോസഫ് ഈറ്റോലിൽ**
**ഫാ. ജോസഫ് പുളിക്കപ്പറമ്പിൽ**
*(അസിസ്റ്റന്റ് ഡയറക്ടേഴ്സ്)*

**ഫാ. ആൻഡ്രൂസ് പാണംപറമ്പിൽ**
*(ഡയറക്ടർ)*

## അറിയിപ്പുകൾ

**ഒക്ടോബർ 2023**

- 01 ഞായർ : **വി. കൊച്ചുത്രേസ്യായുടെ തിരുനാൾ**, അംഗത്വനവീകരണം നടത്തുക, ദൈവവിളി ദിനം, ദൈവവിളിയ്ക്കായി പ്രാർത്ഥിക്കുക
- 03 ചൊവ്വ : 77-ാം സ്ഥാപകദിനം
- 04 ബുധൻ : **വി. ഫ്രാൻസിസ് അസ്സീസ്സിയുടെ തിരുനാൾ**
- 08 ഞായർ : ബേത്‌ലെഹെം മീറ്റ്, പഠനഗ്രന്ഥ ചർച്ച
- 09 തിങ്കൾ : ദൈവദാസൻ മാർ മാത്യു കാവുകാട്ടിന്റെ 54-ാം ചരമവാർഷികം
- 16 തിങ്കൾ : വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചൻ
- 22 ഞായർ : മിഷൻ ഞായർ, ഇടവകാംഗങ്ങളായ മിഷനറിമാരുടെ സംഗമം ശാഖകളിൽ നടത്തുക, മിഷൻ എക്സിബിഷൻ മേഖലാതലത്തിൽ
- 27 വെള്ളി : **മിഷൻലീഗ് സ്ഥാപകപിതാവ് അഭി. ജയിംസ് കാളാശ്ശേരിയുടെ ചരമദിനം**, അതിരൂപതയ്ക്കുവേണ്ടി പ്രാർത്ഥിക്കുക.
- 28 ശനി : സ്ഥാപകപിതാവിന്റെ അനുസ്മരണം ശാഖകളിൽ, Mission Quest 2023 ഓൺലൈൻ ക്വിസ് മത്സരം

30 തിങ്കൾ : എക്ലേസിയ ക്വിസ്, മേഖലകളുടെ ലിസ്റ്റ് സമർപ്പിക്കേണ്ട അവസാന തീയതി

**നവംബർ 2023**

05 ഞായർ : ബേത്‌ലെഹെം മീറ്റ്, പഠനഗ്രന്ഥ ചർച്ച

11 ശനി : എക്ലേസിയ ക്വിസ്, മിഷൻ ആന്ത മത്സരങ്ങൾ (അതിരൂപതാതലത്തിൽ), മാർഗരേഖ പേജ് 32, 33 കാണുക.

## സ്വർഗീയമധ്യസ്ഥയുടെ തിരുനാൾ

ചെറുപുഷ്പ മിഷൻലീഗിന്റെ സ്വർഗീയമധ്യസ്ഥയായ വിശുദ്ധ കൊച്ചുത്രേസ്യായുടെ തിരുനാൾ ശാഖകളിൽ വിവിധ പരിപാടികളോടെ സമുചിതമായി ആഘോഷിക്കേണ്ടതാണ്. കുഞ്ഞുമിഷനറിമാർ അനുരഞ്ജനകൂദാശ സ്വീകരിച്ച് പരി. കുർബാനയിൽ പങ്കുകൊള്ളുക.

അംഗത്വസ്വീകരണവും ശാഖകളിൽ പ്രത്യേക സമ്മേളനവും നടത്തുക. വിശുദ്ധയുടെ ജീവിതശൈലി അനുകരിക്കാനുതകുന്ന രീതിയിലുള്ള മത്സരങ്ങൾ സംഘടിപ്പിക്കുക. കൊച്ചുത്രേസ്യാ നാമധാരികൾക്ക് ആശംസകളർപ്പിക്കുക. വിശുദ്ധയുടെ ആത്മകഥയായ 'നവമാലിക' വായിക്കുക.

## മിഷൻ ഞായർ – ഒക്ടോബർ 22

ഒക്ടോബർ 22 നു ആഗോള മിഷൻ ഞായർ ആചരിക്കുന്നു. സഭയുടെ മിഷൻ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിനും കുഞ്ഞുമിഷനറിമാരിൽ മിഷൻ തീക്ഷ്ണത വളർത്തുന്നതിനുമായി ശാഖകളിൽ വിവിധ പരിപാടികൾ ക്രമീകരിക്കുന്നത് ഉചിതമായിരിക്കും. മിഷൻ ഞായറിനോടനുബന്ധിച്ച് ഭവന സന്ദർശനം നടത്തി, സംഭാവനകൾ ശേഖരിച്ച് മിഷനെ സഹായിക്കുന്നതിനായി അതിരൂപതാ ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്.

## മാർ ജയിംസ് കാളാശ്ശേരി പിതാവിന്റെ 74-ാം ചരമവാർഷികം

**ഒക്ടോബർ 27 വെള്ളിയാഴ്ച** ചെറുപുഷ്പ മിഷൻലീഗ് സ്ഥാപക പിതാവായ മാർ ജയിംസ് കാളാശ്ശേരിയുടെ 74-ാം ചരമവാർഷികമാണ്. അന്നേ ദിവസം വൈകുന്നേരം 4.45 നു ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ദൈവാലയത്തിൽ പരി. കുർബാനയും കബറിടത്തിൽ ഒപ്പീസുപ്രാർത്ഥനയുമുണ്ടായിരിക്കുന്നതാണ്. സാധിക്കുന്ന എല്ലാവരും പ്രത്യേകിച്ച് ചങ്ങനാശേരി, തുരുത്തി, തൃക്കൊടിത്താനം, കുറുമ്പനാടം മേഖലകളിലെ ഭാരവാഹികളും കുഞ്ഞുമിഷനറിമാരും അതിൽ സംബന്ധിക്കേണ്ടതാണ്.

## Mission Quest 2023

'മിഷനെ അറിയുക മിഷനറിയാകുക' എന്ന ലക്ഷ്യത്തോടെ സീറോമലബാർ മിഷൻ ഓഫീസും മതബോധന കമ്മിഷനും സംയുക്തമായി നടത്തി വരുന്ന Mission Quest ഓൺലൈൻ ക്വിസ് മത്സരം ഈ വർഷം **ഒക്ടോബർ 28 ശനിയാഴ്ച വൈകിട്ട് 8.00 മണിക്കു** നടത്തപ്പെടുന്നു. മുതിർന്നവർക്കും കുട്ടികൾക്കുമായി പ്രത്യേകം നടത്തപ്പെടുന്ന ഈ മത്സരത്തിൽ മതാധ്യാപകരും മിഷൻലീഗ് ഭാരവാഹികളും കുട്ടികളും പങ്കെടുക്കണമെന്ന് ഓർമിപ്പിക്കുന്നു.

**പാഠഭാഗങ്ങൾ**

1. വി. മർക്കോസിന്റെ സുവിശേഷം
2. കോറിന്തോസുകാർക്ക് എഴുതിയ ഒന്നാം ലേഖനം (മുതിർന്നവർക്കുമാത്രം) – 40%
3. ഏഴുകൂദാശകളും കൂദാശാനുകരണങ്ങളും – 30%
4. പൊതുവിജ്ഞാനം
   - സീറോമലബാർസഭാ ചരിത്രവും ഹയരാർക്കിയും
   - സീറോമലബാർസഭയിലെ വിശുദ്ധരും വാഴ്ത്തപ്പെട്ടവരും ധന്യരും
   - സിറോമലബാർസഭയുടെ പ്രേക്ഷിതദൗത്യവും മിഷൻ രൂപതകളും
   - സഭയിലെ പ്രേഷിതമുന്നേറ്റങ്ങൾ – മിഷൻലീഗ്, ജീസസ് യൂത്ത് തുടങ്ങിയവ

## ദൈവവിളിയ്ക്കായി എന്റെ സംഭാവന

മിഷൻലീഗ് സംഘടനയുടെ പ്രഖ്യാപിതലക്ഷ്യങ്ങളിലൊന്നായ ദൈവവിളിയുടെ പ്രോത്സാഹനാർത്ഥം പ്രാർത്ഥിക്കുന്നതോടൊപ്പം വൊക്കേഷൻ ബ്യൂറോയുടെ പ്രവർത്തനങ്ങൾക്കായി ദൈവവിളിദിനമായ ഒക്ടോബർ 01 നു മതബോധന ക്ലാസ്സുകളിലെ എല്ലാ കുട്ടികളിൽനിന്നും 2 രൂപ വീതം ശേഖരിച്ച് ഒക്ടോബർ 30 നു മുമ്പായി അതിരൂപതാകേന്ദ്രത്തിലെത്തിക്കേണ്ടതാണ്. അതിരൂപതാ വിഹിതം അടയ്ക്കുവാൻ ശ്രദ്ധിക്കണമേ.

**മിഷൻവോയ്സ് പത്രം:** മാർഗരേഖ പേജ് 33. അതിരൂപതാ ഓഫീസിൽ ഏല്പിക്കേണ്ട **അവസാന തീയതി നവംബർ 19**.

## ഈറ്റോലിൽ അച്ചനു നന്ദി

അതിരൂപതാ ചെറുപുഷ്പ മിഷൻലീഗ് സംഘടനയുടെ അസിസ്റ്റന്റ് ഡയറക്ടറായും വൊക്കേഷൻ ബ്യൂറോയുടെ ഡയറക്ടറായും കഴിഞ്ഞ രണ്ടുവർഷത്തോളം പ്രവർത്തിച്ചും കുഞ്ഞുമിഷനറിമാർക്ക് ഏറെ അറിവും വെളിച്ചവും പകരുന്ന രീതിയിലുള്ള പ്രോഗ്രാമുകൾ സംഘടിപ്പിച്ചും മിഷൻലീഗംഗങ്ങളെ ഏറെ സ്നേഹിക്കുകയും വഴിനടത്തുകയും ചെയ്ത ജോസഫ് ഈറ്റോലിലച്ചന് അതിരൂപതാ മിഷൻലീഗ് കുടുംബത്തിന്റെ ഹൃദയംനിറഞ്ഞ നന്ദി. ഉപരിപഠനത്തിനായി റോമിലേയ്ക്കു യാത്രയാകുന്ന അച്ചനു തുടർന്നും ഇതേ തീക്ഷ്ണതയോടും ചുറുചുറുക്കോടുംകൂടെ ഏൽപ്പിക്കപ്പെട്ടിരിക്കുന്ന ദൗത്യങ്ങൾ അതിന്റെ പൂർണതയിൽ പൂർത്തീകരിക്കുന്നതിനുള്ള ആരോഗ്യവും അനുഗ്രഹാശിസ്സുകളും സർവശക്തനായ ദൈവം കനിഞ്ഞരുളട്ടെയെന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു. അതിരൂപതാ മിഷൻലീഗ് കുടുംബത്തിന്റെ ഹൃദയംനിറഞ്ഞ പ്രാർത്ഥനാശംസകൾ.

■

# ബൈബിൾ അപ്പോസ്തലേറ്റ് & കുടുംബക്കൂട്ടായ്മ

ഏറ്റവും സ്നേഹം നിറഞ്ഞവരേ,

ഏവർക്കും ദൈവാനുഗ്രഹങ്ങൾ നേരുന്നു. കെരിഗ്മയ്ക്ക് ഒരുക്കമായുള്ള ഇടവകസന്ദർശനങ്ങൾ നടന്നുവരികയാണ്. എല്ലായിടത്തും നല്ല സഹകരണമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. ഓരോ ഫൊറോനയിലെയും ചുമതലയുള്ള ഫൊറോനാവികാരിയച്ചന്മാരുടെയും ഫൊറോനാ ഡയറക്ടറച്ചന്മാരുടെയും ഇടവകവികാരിമാരുടെയും സഹകരണം ഏറെ പ്രശംസനീയമായിരുന്നു. എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു. ഈ വർഷത്തെ ലോഗോസ് പരീക്ഷ വളരെ ഭംഗിയായി ക്രമീകരിക്കാനായതിൽ ദൈവത്തിനു നന്ദി പറയുന്നു. വളരെപ്പേരുടെ സഹായത്താലാണ് എല്ലാം ഭംഗിയായി ക്രമീകരിക്കുവാൻ സാധിച്ചത്.

ഫൊറോനാസംഗമങ്ങൾക്കു സമാപനംകുറിച്ചുകൊണ്ട് മൂന്നുവർഷത്തിലൊരിക്കൽ അഭി. പിതാവ് വിളിച്ചുകൂട്ടുന്ന കുടുംബക്കൂട്ടായ്മാ ലീഡേഴ്സ്, സെക്രട്ടറിമാർ, ആനിമേറ്റേഴ്സ് തുടങ്ങിയവരുടെ മഹാസംഗമം '**ഹെസദ് 2023**' ഈ വർഷമാണ് ക്രമീകരിച്ചിരിക്കുന്നത്. നവംബർ 11 രണ്ടാം ശനിയാഴ്ച ചങ്ങനാശേരി സെന്റ് ബർക്മൻസ് കോളേജ് കാവുകാട്ട് ഹാളിൽ രാവിലെ 9.00 മുതൽ 1.30 വരെ നടക്കുന്ന ഈ സംഗമത്തിൽ അതിരൂപതയിലെ 3000 കുടുംബക്കൂട്ടായ്മകളിൽനിന്നായി ആറായിരത്തിലധികം കൂട്ടായ്മ ലീഡേഴ്സിന്റെ സാന്നിധ്യം പ്രതീക്ഷിക്കുകയാണ്.

അന്നേദിവസം നൂറുമേനി സീസൺ 2 ഔദ്യോഗിക ഉദ്ഘാടനവും നിർവഹിക്കപ്പെടുന്നു. ഉടൻതന്നെ പുസ്തകം തയ്യാറാകുന്നതാണ്. ഈ വർഷം സുവിശേഷങ്ങളും അപ്പസ്തോലപ്രവർത്തനങ്ങളുമാണ് നൂറുമേനി വചനപഠനത്തിനായി നൽകിയിരിക്കുന്നത്. എല്ലാ കുടുംബങ്ങളും ഇതിൽ പങ്കെടുക്കണമെന്നാണ് അഭി. പിതാക്കന്മാർ നിർദ്ദേശിച്ചിരിക്കുന്നത്. മാതാപിതാക്കളും യുവജനങ്ങളും കുട്ടികളും ഇപ്പോൾത്തന്നെ പഠനം ആരംഭിക്കുമല്ലോ. പ്രസ്തുതഭാഗം വായിക്കാനും ഒരു ദിവസം 5 വചനങ്ങൾ മനഃപാഠമാക്കുവാനും പരിശ്രമിക്കാം. വചനത്തെ സ്വന്തമാക്കുമ്പോൾ ഈശോയെതന്നെയാണ് സ്വന്തമാക്കുന്നതെന്ന തിരിച്ചറിവിലേക്കു നമുക്കു വളരാം. **ഹെസദ്** മഹാസംഗമത്തിന്റെ വിജയത്തിനായി നമുക്കു പ്രാർത്ഥിച്ചൊരുങ്ങാം.

പ്രാർത്ഥനകൾ നേരുന്നു,

**ഫാ. ജോർജ് മാന്തുരുത്തിൽ**
*(ഡയറക്ടർ)*

## അറിയിപ്പുകൾ

**ഹെസദ് 2023**

മൂന്നുവർഷത്തിലൊരിക്കൽ അതിരൂപതാതലത്തിൽ അഭി. പിതാവ് വിളിച്ചുകൂട്ടുന്ന കുടുംബക്കൂട്ടായ്മ ലീഡേഴ്സ്, സെക്രട്ടറിമാർ, ആനിമേറ്റർ സിസ്റ്റേഴ്സ്, ഫൊറോനാ ഡയറക്ടർമാർ എന്നിവരുടെ അതിരൂപതാതല മഹാസംഗമം

‘ഹെസദ് 2023’ **നവംബർ 11–ാം തീയതി രണ്ടാം ശനിയാഴ്ച രാവിലെ 9.00 മുതൽ ഉച്ചയ്ക്ക് 1.30 വരെ** ചങ്ങനാശേരി സെന്റ് ബർക്മൻസ് കോളേജ് കാവുകാട്ട് ഹാളിൽ നടക്കും.

***പങ്കെടുക്കേണ്ടവർ***

കുടുംബക്കൂട്ടായ്മാ ലീഡേഴ്സ്, സെക്രട്ടറീസ്, ഫൊറോനാസമിതി അംഗങ്ങൾ, സിസ്റ്റർ ആനിമേറ്റേഴ്സ്, ഫൊറോനാ ഡയറക്ടേഴ്സ്.

***രജിസ്ട്രേഷൻ***

കുടുംബക്കൂട്ടായ്മ ഫൊറോനാ ഡയറക്ടറുടെ നേതൃത്വത്തിൽ ഫൊറോനാ സമിതിയംഗങ്ങൾ ഓരോ ഇടവകയിലുമെത്തി രജിസ്ട്രേഷൻ സ്വീകരിക്കുന്നതാണ് (ഒരാൾക്ക് 100/- രൂപ). മുതിർന്നവരുടെ വിശ്വാസപരിശീലനവേദിയായി ഇതിനെ കണ്ടുകൊണ്ട് രജിസ്ട്രേഷൻ ചിലവുകൾ അതാത് ഇടവകകൾ വഹിക്കേണ്ടതാണ്.

‘അതിരൂപതയിൽ നാം ഒരു കുടുംബം’ എന്നു പ്രഖ്യാപിക്കുന്ന ഈ സംഗമത്തിലേയ്ക്ക് എല്ലാവരെയും സ്നേഹപൂർവം ക്ഷണിക്കുകയും ഇതിന്റെ വിജയത്തിനും ഫലപ്രാപ്തിക്കുമായി പ്രാർത്ഥനാസഹായം അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

### കുടുംബക്കൂട്ടായ്മ സംഗമങ്ങൾ (കെരിഗ്മ)

| **തീയതി** | **ഫൊറോന** |
|---|---|
| ഒക്ടോബർ 01 ഞായർ | അതിരമ്പുഴ |
| ഒക്ടോബർ 02 തിങ്കൾ | ചങ്ങനാശേരി |
| ഒക്ടോബർ 08 ഞായർ | കുടമാളൂർ |
| ഒക്ടോബർ 14 ശനി | കുറുമ്പനാടം |
| ഒക്ടോബർ 15 ഞായർ | തൃക്കൊടിത്താനം |
| ഒക്ടോബർ 15 ഞായർ | കൊല്ലം-ആയൂർ |
| ഒക്ടോബർ 22 ഞായർ | നെടുങ്കുന്നം |
| ഒക്ടോബർ 28 ശനി | ചെങ്ങന്നൂർ |
| ഒക്ടോബർ 29 ഞായർ | തിരുവനന്തപുരം (ഓൺലൈൻ) |
| ഒക്ടോബർ 29 ഞായർ | ചമ്പക്കുളം |

ഇടവകയിൽനിന്നും കൂട്ടായ്മ ലീഡേഴ്സ്, കൺവീനേഴ്സ്, സെക്രട്ടറീസ്, ആനിമേറ്റർ സിസ്റ്റേഴ്സ്, DFC ഭാരവാഹികൾ എന്നിവർ പങ്കെടുക്കേണ്ടതാണ്.

### ലോഗോസ് ക്വിസ് 2023

ഈ വർഷത്തെ ലോഗോസ് ക്വിസ് മത്സരപരീക്ഷ സെപ്റ്റംബർ 24 നു നടന്നു. എല്ലാവരുടെയും സഹകരണത്തിനു നന്ദി. ഉത്തരക്കടലാസുകളും രജിസ്ട്രേഷൻ ഫീസും ഇനിയും നൽകാനുള്ളവർ ഉടൻതന്നെ ഏൽപ്പിക്കേണ്ടതാണ്.

### ലോഗോസ് ഫാമിലി ക്വിസ്

ലോഗോസ് ഫാമിലി ക്വിസിന് ഒരുരൂപതയിൽനിന്നും മൂന്നുപേരടങ്ങിയ ഒരു ടീമിനു മത്സരിക്കാവുന്നതാണ്. രൂപതയിൽ ഏറ്റവും കൂടുതൽ മാർക്ക് ലഭിക്കുന്ന കുടുംബത്തിനാണ് മത്സരത്തിന് അർഹത ലഭിക്കുന്നത്. രജിസ്റ്റർ ചെയ്തപ്പോൾ 'ഫാമിലി' എന്ന് രേഖപ്പെടുത്താത്ത കുടുംബങ്ങളുണ്ടെങ്കിൽ ഒക്ടോബർ 05 നകം അതിരൂപതാ കുടുംബക്കൂട്ടായ്മ ഓഫീസിൽ അറിയിക്കേണ്ടതാണ്.

### ബധിര ഭിന്നശേഷിക്കാർക്കുള്ള ലോഗോസ് മത്സരം

രൂപതാമത്സരത്തിൽ ഏറ്റവും കൂടുതൽ മാർക്ക് ലഭിക്കുന്ന 10 പേർക്കു POC യിൽ നടക്കുന്ന ഈ മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്. ബധിര ഭിന്നശേഷി വിഭാഗത്തിൽ ആരെങ്കിലും മത്സരിച്ചിട്ടുണ്ടെങ്കിൽ ആ വിവരം ഒക്ടോബർ 05 നു മുമ്പായി അതിരൂപതാ കുടുംബക്കൂട്ടായ്മ ഓഫീസിൽ അറിയിക്കേണ്ടതാണ്: 7306208356, 9961369380

### ഏകവർഷ ബൈബിൾ കോഴ്സ്

ഏകവർഷ ബൈബിൾ കോഴ്സ് വളരെ ഭംഗിയായി നടന്നുവരുന്നു. അടുത്ത കോഴ്സ് മംഗലവാർത്തക്കാലത്തിൽ ആരംഭിക്കുന്നതാണ്.

■



## പൗരോഹിത്യപദവിയിലേയ്ക്ക്...

**ഡീക്കൻ ജോസഫ് കാമിച്ചേരി (അനീഷ്)**

**07 ഒക്ടോബർ 2023, 09.15 am**

**സെന്റ് ജോസഫ് ദൈവാലയം**
**കുട്ടമംഗലം (കൈനകരി)**

**അതിരൂപതാകുടുംബത്തിന്റെ ആശംസകൾ**

# ഫാമിലി അപ്പോസ്തലേറ്റ്

ഈശോമിശിഹായിൽ പ്രിയരേ,

കുടുംബപ്രേഷിതശുശ്രൂഷ വളരെ സജീവമാക്കുന്നതിൽ നിങ്ങളെല്ലാവരും പ്രകടിപ്പിക്കുന്ന ആത്മാർത്ഥതയെയും ഏറ്റെടുക്കുന്ന ത്യാഗത്തെയും അഭിനന്ദിക്കുന്നു. കുടുംബസംഗമവും പിതൃവേദി റൂബിജൂബിലി സന്ദേശയാത്രയും ഇതിനോടകം 12 ഫൊറോനകളിൽ പൂർത്തിയായി. വളരെ ആവേശത്തോടെയും മികവുള്ള ക്രമീകരണങ്ങളിലൂടെയും പുരോഗമിക്കുന്ന പ്രസ്തുത പരിപാടികൾ കുടുംബപ്രേഷിതശുശ്രൂഷകരിൽ സന്തോഷവും സംഘടനാംഗങ്ങളിൽ ഉണർവുമുളവാക്കുന്നുണ്ട്.

ഒക്ടോബർ 'സമുദായ ശക്തീകരണ മാസമായി' ആചരിക്കുവാൻ അഭി. പിതാക്കന്മാർ ആഹ്വാനം ചെയ്തിരിക്കുകയാണ്. മാതൃവേദിക്കും പിതൃവേദിക്കും സമുദായശക്തീകരണ സംബന്ധമായി ചെയ്യുവാൻ സാധിക്കുന്ന ഏതാനും കാര്യങ്ങൾ നിർദേശിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ചുള്ള വിവരങ്ങൾ അറിയിപ്പുകളിൽ നൽകിയിരിക്കുന്നതു ശ്രദ്ധിക്കുമല്ലോ.

കലോത്സവകാലം ആരംഭിക്കുകയായി! സംഘടനാംഗങ്ങളിലെ സർഗശേഷിയെ ഉണർത്തുക, പരിപോഷിപ്പിക്കുക, കൂട്ടായ്മ വളർത്തുക എന്നിങ്ങനെയുള്ള ലക്ഷ്യങ്ങളാണല്ലോ അതിനുള്ളത്. ആ ലക്ഷ്യപ്രാപ്തിക്ക് അനുഗുണമായ ആവേശവും മത്സരവും നല്ലതുതന്നെ; എന്നാൽ അതിരുകടന്ന മാത്സര്യചിന്തയും തന്മൂലമുണ്ടാകുന്ന അനഭിലഷണീയ പ്രതികരണങ്ങളും ഉന്നതമായ ലക്ഷ്യങ്ങൾക്കു വിഘാതമാകാനിടയാകരുത്. എല്ലാവർക്കും ആശംസകൾ നേരുന്നു.

സ്നേഹപൂർവം,

**ഫാ. ജോസഫ് ഇരുപ്പക്കാട്ട്**
*(അസിസ്റ്റന്റ് ഡയറക്ടർ)*

**ഫാ. സെബാസ്റ്റ്യൻ ചാമക്കാല**
*(ഡയറക്ടർ)*

## റിപ്പോർട്ട്

### മാതൃസംഗമം-മാതൃവേദി ജന്മദിനാഘോഷങ്ങളുടെ അതിരൂപതാതല ഉദ്ഘാടനം-മാതൃസംരംഭങ്ങളുടെ എക്സിബിഷൻ

ഫൊറോനാ ആനിമേഷൻ ടീമംഗങ്ങൾ, യൂണിറ്റ് പ്രസിഡന്റ്, സെക്രട്ടറി, ഫൊറോനാ ഡയറക്ടർമാർ, ഫൊറോനാ ആനിമേറ്റർമാർ എന്നിവരെ ഉൾക്കൊള്ളിച്ചുകൊണ്ട് ഓഗസ്റ്റ് 31 വ്യാഴാഴ്ച രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ മാതൃസംഗമവും മാതൃവേദി ജന്മദിനാഘോഷങ്ങളുടെ ഉദ്ഘാടനവും മാതൃസംരംഭങ്ങളുടെ എക്സിബിഷനും നടത്തപ്പെട്ടു. അഭി. മാർ തോമസ് തറയിൽ പിതാവ് സമ്മേളനം ഉദ്ഘാടനം ചെയ്തു മാതാക്കൾക്കുള്ള ക്ലാസ് നയിച്ചു. മണിപ്പുരിൽ സമാധാനം സ്ഥാപിക്കാൻ അധികാരികൾ അടിയന്തരമായി ഇടപെടണമെന്നാവശ്യപ്പെട്ട് പ്രമേയം അവതരിപ്പിക്കപ്പെട്ടു.

### ഓൺലൈൻ ടാബ്ലോ മത്സരം

മാതൃവേദിയുടെ സ്വർഗീയമദ്ധ്യസ്ഥയായ പരി. കന്യകാമറിയത്തിന്റെ പിറവിത്തിരുനാളിനോടനുബന്ധിച്ച് അമ്മയുടെ ജീവിതത്തിലെ സംഭവങ്ങൾ കോർത്തി

ണക്കിയ ടാബ്ലോ മത്സരം അതിരൂപതാതലത്തിൽ സംഘടിപ്പിച്ചു. ഫൊറോനാ തലത്തിൽ മത്സരം നടത്തി വിജയികളായവരാണ് അതിരൂപതാതലത്തിൽ പങ്കെടുത്തത്. സമ്മാനാർഹരായ ചങ്ങനാശേരി, ആലപ്പുഴ, തൃക്കൊടിത്താനം, കോട്ടയം ഫൊറോനകൾക്കു മാതൃസംഗമത്തിൽ അഭി. തോമസ് തറയിൽ പിതാവ് സമ്മാനങ്ങൾ കൈമാറി.

### മാതൃവേദി ജന്മദിനവും സ്വർഗീയ മധ്യസ്ഥയുടെ തിരുനാളും

1980 സെപ്റ്റംബർ 20 ന് അതിരൂപതയിൽ ഔദ്യോഗികമായി തുടക്കംകുറിച്ച് 43 വർഷങ്ങൾ പിന്നിടുന്ന മാതൃവേദി സംഘടനാംഗങ്ങൾക്കു ജന്മദിനത്തിന്റെ ആശംസകൾ. സെപ്റ്റംബർമാസം യൂണിറ്റുതലത്തിൽ മാതൃവേദി ജന്മദിന ത്തിന്റെയും സ്വർഗീയമധ്യസ്ഥയുടെ തിരുനാളിന്റെയും ആഘോഷങ്ങൾ ക്രമീ കരിച്ചു. അതിരൂപതാ ഓഫീസിൽ മാതൃവേദി-പിതൃവേദി അതിരൂപതാ ആനി മേഷൻ ടീമംഗങ്ങൾചേർന്നു ലളിതമായ ആഘോഷങ്ങൾ നടത്തി.

### മാതൃസ്വരമാധുരി 2023, അമ്മയോടൊപ്പം

മാതൃവേദിയുടെ സ്വർഗീയമദ്ധ്യസ്ഥയായ പരി. കന്യകാമറിയത്തിന്റെ പിറവി ത്തിരുനാളിനോടനുബന്ധിച്ച് 18 ഫൊറോനകളിലെ മാതാക്കളെ ഉൾക്കൊള്ളിച്ച് പരി. അമ്മയെ സ്തുതിക്കുന്ന കീർത്തനങ്ങൾ കോർത്തിണക്കി വീഡിയോ തയ്യാറാക്കി.

### പിതൃവേദി റൂബിജൂബിലി സന്ദേശയാത്ര

സെപ്റ്റംബർമാസം 02, 03 തീയതികളിൽ ചമ്പക്കുളം ഫൊറോനയിലും 09, 10 തീയതികളിൽ ആലപ്പുഴ ഫൊറോനയിലും 16, 17 തീയതികളിൽ പുളിങ്കുന്ന് ഫൊറോനയിലും 23, 24 തീയതികളിൽ എടത്വാ ഫൊറോനയിലും 30 നു ചെങ്ങന്നൂർ ഫൊറോനയിലും പിതൃവേദി റൂബിജൂബിലി സന്ദേശയാത്ര നടത്ത പ്പെട്ടു.

### കുടുംബസംഗമങ്ങൾ

സെപ്റ്റംബർ 06 ബുധൻ ചമ്പക്കുളം, 17 ഞായർ ആലപ്പുഴ, 22 വെള്ളി പുളി ങ്കുന്ന്, 27 ബുധൻ എടത്വാ ഫൊറോനകളിൽ കുടുംബസംഗമങ്ങൾ നടത്ത പ്പെട്ടു. വിശ്വാസപ്രഘോഷണറാലിയോടെ ആരംഭിച്ച കുടുംബസംഗമങ്ങളിൽ യൂണിറ്റുകളിൽനിന്നും അഭിനന്ദനാർഹമായ പങ്കാളിത്തമുണ്ടായിരുന്നു. മാർ സെബാസ്റ്റ്യൻ വാണിയപ്പുരക്കൽ, മാർ ജോസഫ് പെരുന്തോട്ടം, മാർ തോമസ് തറയിൽ എന്നിവർ മുഖ്യാതിഥികളായിരുന്നു.

### പിതൃവേദി ആനിമേഷൻ ടീമംഗങ്ങളുടെ മീറ്റിങ്

സെപ്റ്റംബർ 16 ശനിയാഴ്ച വൈകുന്നേരം 6.30 നു അതിരൂപതാ ഫാമിലി അപ്പോസ്തലേറ്റ് ഓഫീസിൽ പിതൃവേദി റൂബിജൂബിലിയുടെ തുടർപ്രവർത്തന ങ്ങളെക്കുറിച്ചു ചിന്തിക്കാൻ ആനിമേഷൻ ടീമംഗങ്ങളുടെ മീറ്റിങ് നടത്തപ്പെട്ടു. റൂബിജൂബിലി സുവനീർ, സന്ദേശയാത്ര സമാപനം, റൂബിജൂബിലി സമ്മേളനം എന്നിവ ചർച്ച ചെയ്യപ്പെട്ടു.

## ഒക്ടോബർ മാസത്തിൽ ഓർമിക്കാൻ

### സമുദായ ശക്തീകരണ മാസാചരണം

മാതൃവേദി സംഘടന ഇടവകയിൽ കേന്ദ്ര, സംസ്ഥാന EWS കൾക്ക് അർഹ

രായ 35 വയസുവരെ പ്രായമുള്ള തൊഴിൽരഹിതരായ വിവാഹിതകളെക്കൊണ്ട് സർട്ടിഫിക്കറ്റ് വാങ്ങിപ്പിക്കുകയും സർട്ടിഫിക്കറ്റ് ഉള്ളവരെയും ഇല്ലാത്തവരെയും കൊണ്ട് PSC, UPSC രജിസ്ട്രേഷൻ നടത്തുകയും ചെയ്യുക. അതിരൂപത പുതിയതായി ആരംഭിച്ചിരിക്കുന്ന PSC കോച്ചിങ്ങിൽ പങ്കെടുക്കാൻ വനിതകളെയും യുവജനങ്ങളെയും ആഹ്വാനം ചെയ്യുക. പ്രായമേറിയിട്ടും വിവാഹം കഴിക്കാത്ത യുവതീയുവാക്കൾക്കായി മാതൃവേദി-പിതൃവേദി സംഘടനകൾക്കു പദ്ധതികൾ ആവിഷ്കരിക്കാവുന്നതാണ്. ഗർഭിണികൾക്കുള്ള സർക്കാർസഹായമായ 'മാതൃവന്ദന യോജന' പ്രചരിപ്പിക്കുകയും അപേക്ഷകൾ സമർപ്പിക്കാൻ സഹായിക്കുകയും ചെയ്യുക.

പിതൃവേദി സംഘടന ലൈഫ് മിഷൻ ഭവനനിർമാണപദ്ധതി പ്രചരിപ്പിക്കുകയും സർക്കാർ അപേക്ഷ ക്ഷണിക്കുമ്പോൾ അർഹരായവരെ അപേക്ഷകൾ സമർപ്പിക്കാനും കടബാധ്യതകളുള്ള കുടുംബങ്ങളെ കണ്ടെത്തി സാമ്പത്തിക നിർദേശങ്ങൾ നൽകാനും കാർഷിക കടാശ്വാസപദ്ധതി പരിചയപ്പെടുത്താനും കിടപ്പാടത്തിനു ജപ്തിഭീഷണി നേരിടുന്നവർക്കായി മുഖ്യമന്ത്രിക്ക് അപേക്ഷ സമർപ്പിക്കാനും സഹായിക്കുക. കുറഞ്ഞപലിശയ്ക്കു ലോണുകൾ നൽകുന്ന കേരള സംസ്ഥാന ന്യൂനപക്ഷവികസന ധനകാര്യ കോർപ്പറേഷൻ, പിന്നാക്ക വികസന കോർപ്പറേഷൻ എന്നിവ പരിചയപ്പെടുത്തുക.

**പിതൃവേദി സന്ദേശയാത്ര**

| തീയതി | ഫൊറോന |
|---|---|
| ഒക്ടോബർ 07 | തുരുത്തി ഫൊറോന |
| ഒക്ടോബർ 14 | ചങ്ങനാശേരി ഫൊറോന |
| ഒക്ടോബർ 21 | നെടുങ്കുന്നം ഫൊറോന |
| ഒക്ടോബർ 28 | തൃക്കൊടിത്താനം ഫൊറോന |

**കുടുംബസംഗമങ്ങൾ**

| തീയതി | ഫൊറോന |
|---|---|
| ഒക്ടോബർ 02 | ചെങ്ങന്നൂർ ഫൊറോന |
| ഒക്ടോബർ 08 | തുരുത്തി ഫൊറോന |
| ഒക്ടോബർ 15 | ചങ്ങനാശേരി ഫൊറോന |
| ഒക്ടോബർ 22 | നെടുങ്കുന്നം ഫൊറോന |
| ഒക്ടോബർ 29 | തൃക്കൊടിത്താനം ഫൊറോന |

**അതിരൂപത രചനാമത്സരങ്ങൾ**

മാതൃവേദി- പിതൃവേദി അതിരൂപത രചനാമത്സരങ്ങൾ ഫൊറോനകളിൽ **ഒക്ടോബർ 01 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 നു** ക്രമീകരിക്കുക. വിഷയം വാട്സ്ആപ്പ് മുഖേന മത്സരത്തിനു 15 മിനിറ്റുമുമ്പു നൽകുന്നതാണ്. ഫൊറോനാതല രചനാമത്സരവിജയികളുടെ രചനകളും ലിസ്റ്റും ഒക്ടോബർ 17 നു മുമ്പായി അതിരൂപതാ ഓഫീസിൽ ഏല്പിക്കേണ്ടതാണ്.

**കലോത്സവം**

**ഫൊറോനാതല അവതരണമത്സരങ്ങൾ ഒക്ടോബർ 30 നകം പൂർത്തീകരിച്ച്** വിജയികളുടെ ലിസ്റ്റ് ഒക്ടോബർ 31 നുതന്നെ അതിരൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്. **അതിരൂപതാ അവതരണ, ക്വിസ് മത്സരങ്ങൾ നവംബർ 11 നു** നടത്തപ്പെടും.

### ഏലിയാ-സ്ലീവാ-മൂശെക്കാലങ്ങൾ: വിചിന്തനവിഷയം

ഏലിയാ-സ്ലീവാ-മൂശെക്കാലങ്ങളിലേക്കു നാം പ്രവേശിച്ചിരിക്കുകയാണ്. ഈ കാലത്തിലെ വിചിന്തനവിഷയം *കുടുംബം പ്രാർഥനയുടെ ഒരുമയിൽ* എന്നതാണ്. സംഘടനകൾ ഒരിക്കലെങ്കിലും ഒന്നിച്ചുകൂടി പ്രാർഥിക്കുകയും വിചിന്തനവിഷയത്തെക്കുറിച്ച് ചർച്ചനടത്തുകയും ചെയ്യണമെന്നു ഓർമിപ്പിക്കുന്നു.

### പ്രോലൈഫ് സെൽ

പ്രോലൈഫ് സെല്ലിന്റെ അതിരൂപതാതല മീറ്റിങ് സെപ്റ്റംബർ 19 ചൊവ്വ രാവിലെ 10.30 ന് അതിരൂപതാ ഓഫീസിൽ നടത്തപ്പെട്ടു. പ്രോലൈഫ് പ്രാർഥനാക്കൂട്ടായ്മകളുടെ ക്രമീകരണത്തിൽ മാറ്റങ്ങൾ വരുത്തി. **പാറേൽ സെന്റ് മേരീസ് പള്ളിയിൽവച്ചുള്ള അതിരൂപതാതലത്തിലുള്ള പ്രാർഥനാസമ്മേളനം ഇനിമുതൽ മാർച്ച്, ജൂൺ, സെപ്തംബർ, ഡിസംബർ മാസങ്ങളിൽ മാത്രമായിരിക്കും.** *ജനുവരി, ഏപ്രിൽ, ജൂലൈ, ഒക്ടോബർ മാസങ്ങളിൽ യൂണിറ്റുതലത്തിലും ഫെബ്രുവരി, മെയ്, ഓഗസ്റ്റ്, നവംബർ മാസങ്ങളിൽ ഫൊറോനാതലത്തിലും* പ്രോലൈഫ് പ്രാർഥനകൾ സംഘടിപ്പിക്കേണ്ടതാണ്. ഇതിനു മാതൃവേദി-പിതൃവേദി പ്രവർത്തകർ യൂണിറ്റ്-ഫൊറോനാതലങ്ങളിൽ അതാത് ഡയറക്ടർ അച്ചന്മാരുടെയും സിസ്റ്റർ ആനിമേറ്റേഴ്സിന്റെയും സഹകരണത്തോടെ നേതൃത്വം കൊടുക്കാൻ ശ്രദ്ധിക്കുമല്ലോ.

### ഒക്ടോബർ മാസത്തിലെ പ്രധാനപ്പെട്ട ദിനാചരണങ്ങൾ

ദിനാചരണങ്ങൾ വേണ്ട ക്രമീകരണങ്ങളോടുകൂടി നടത്തുകയും അതതു ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വ്യക്തികളെ ഉൾക്കൊള്ളിച്ചുകൊണ്ട് യൂണിറ്റ് -ഫൊറോനാതലങ്ങളിൽ പ്രോഗ്രാമുകൾ ക്രമീകരിക്കുകയും ചെയ്യുക.

ഒക്ടോബർ 01 - വയോജനദിനം
ഒക്ടോബർ 10 - ലോക മാനസികാരോഗ്യദിനം
ഒക്ടോബർ 22 - മിഷൻ ഞായർ, വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ (കുടുംബങ്ങളുടെ പാപ്പ)
ഒക്ടോബർ 24-31 - ലോകമാധ്യമ സാക്ഷരതാവാരം

## വിവാഹ ഒരുക്കധ്യാനം

| മാസം | തീയതി | സ്ഥലം |
|---|---|---|
| ഒക്ടോബർ | 09, 10, 11 | കുന്നന്താനം സീയോൻ ധ്യാനകേന്ദ്രം |
| | 22, 23, 24 | ചങ്ങനാശേരി പാസ്റ്ററൽ സെന്റർ |
| നവംബർ | 06, 07, 08 | ചങ്ങനാശേരി പാസ്റ്ററൽ സെന്റർ |
| | 20, 21, 22 | കുന്നന്താനം സീയോൻ ധ്യാനകേന്ദ്രം |

**കൂടുതൽ വിവരങ്ങൾക്ക്: 0481 2424476, 9447016240**
**വിളിക്കേണ്ട സമയം: 10 am - 05 pm**

■

# യുവദീപ്തി - SMYM

## മെസ്സിസ്സ് 2K23 – കൊല്ലം ഫൊറോനാ ക്യാമ്പ്

കൊല്ലം ഫൊറോനയുടെ 2023 പ്രവർത്തനവർഷത്തെ പ്രാർത്ഥനാ പഠനപരിശീലന ക്യാമ്പ് ആര്യങ്കാവ് സെന്റ് മേരീസ് ഹൈസ്കൂളിൽ ഓഗസ്റ്റ് 31 സെപ്റ്റംബർ 01, 02 തീയതികളിൽ നടത്തിപ്പെട്ടു. ഫൊറോനാ പ്രസിഡന്റ് ഷാരോണിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ ഫൊറോനാ വികാരി ഫാ. മാത്യു അഞ്ചിൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ആര്യങ്കാവ് സെന്റ് മേരീസ് പള്ളി വികാരി ഫാ. ഫിലിപ്പ് തയ്യിൽ, ഫൊറോനാ ഡയറക്ടർ ഫാ. വർഗീസ് കൊച്ചുപറമ്പിൽ, ജോസ്ന തോമസ്, അൻവിൻ സജി, ജിത്യ മേരി ഷിബു, ജിസ് മരിയ ജയിംസ് എന്നിവർ ആശംസകളർപ്പിച്ചു സംസാരിച്ചു. മാർ തോമസ് തറയിൽ, ഫാ. ആന്റണി ആനക്കല്ലുങ്കൽ, ലാലിച്ചൻ മറ്റത്തിൽ, ഫാ. ക്രിസ്റ്റിൻ ചക്കാനിക്കുന്നേൽ CSsR, ജോർജ് സെബാസ്റ്റ്യൻ എന്നിവർ ക്ലാസ്സുകൾ നയിച്ചു. ഡെപ്യൂട്ടി പ്രസിഡന്റ് രേഷ്മ ദേവസ്യ, മീഡിയ കോഡിനേറ്റർ ക്രിസ്റ്റി കെ. കുഞ്ഞുമോൻ, ബ്ലസ്സൻ തോമസ്, ബ്രദർ ഡെറിക് കത്തിക്കര എന്നിവർ നേതൃത്വം നൽകി.

## മെസ്സിസ്സ് 2K23 – കോട്ടയം ഫൊറോനാ ക്യാമ്പ്

കോട്ടയം ഫൊറോനയുടെ പ്രാർത്ഥനാപഠന പരിശീലനക്യാമ്പ് സെപ്റ്റംബർ 08–10 തീയതികളിൽ മാങ്ങാനം സ്പിരിച്ച്വാലിറ്റി സെന്ററിൽ നടത്തപ്പെട്ടു. ഫൊറോനാ പ്രസിഡന്റ് ആൽബിൻ ജെ. പടിഞ്ഞാറെകരയുടെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ അതിരൂപതാ ഡയറക്ടർ ഫാ. ആന്റണി ആനക്കല്ലുങ്കൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു.

ഫൊറോനാ ഡയറക്ടർ ഫാ. ചാക്കോ ഒറ്റാറയ്ക്കൽ മാർഗനിർദേശ പ്രസംഗം നടത്തി. ജിനോമോൻ ജോർജ്, ആനീസ് ബെന്നി, ആതിയ തെരേസ തോമസ്, ആൻ മേരി തോമസ് എന്നിവർ ആശംസകളർപ്പിച്ചു സംസാരിച്ചു. സാജൻ പാപ്പച്ചൻ, സിജു ആലഞ്ചേരി, ഫാ. ആന്റണി ആനക്കല്ലുങ്കൽ എന്നിവർ ക്ലാസ്സുകൾ നയിച്ചു. ബ്രദർ ഡെറിക് കത്തിക്കര, ക്രിസ്റ്റി കെ. കുഞ്ഞുമോൻ, രേഷ്മ ദേവസ്യ, ജോർജ് സെബാസ്റ്റ്യൻ, ജോയൽ ജോൺ റോയി എന്നിവർ നേതൃത്വം നൽകി.

## മെസ്സിസ്സ് 2K23 – ആലപ്പുഴ ഫൊറോനാ ക്യാമ്പ്

ആലപ്പുഴ ഫൊറോനയുടെ ഈ വർഷത്തെ പ്രാർത്ഥനാപഠന പരിശീലന ക്യാമ്പ് പുന്നപ്ര മാർ ഗ്രിഗോറിയോസ് കോളേജ് ഓഡിറ്റോറിയത്തിൽ സെപ്റ്റംബർ 01–03 തീയതികളിൽ നടത്തപ്പെട്ടു. ഡെപ്യൂട്ടി പ്രസിഡന്റ് ആൻ മേരി ജോസഫിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ അതിരൂപതാ സിഞ്ചെള്ളൂസ് വെരി റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. യൂണിറ്റ് ഡയറക്ടർ ഫാ. അബ്രാഹം കരിപ്പിങ്ങാപുറം അനുഗ്രഹ പ്രഭാഷണവും ഫൊറോനാ ഡയറക്ടർ ഫാ. ജോസഫ് പള്ളിച്ചിറയിൽ മാർഗനിർദേശപ്രസംഗവും നടത്തി. സ്നേഹ സജി, റ്റിനു ദേവസ്യ, ലിന്റാ ജോഷി

എന്നിവർ പ്രസംഗിച്ചു. അതിരൂപതാ ഡയറക്ടർ ഫാ. ആന്റണി ആനക്കല്ലുങ്കൽ, സാജൻ പാപ്പച്ചൻ, ഫാ. തോമസ് ഈറ്റയ്ക്കകുന്നേൽ, ജോർജ് സെബാസ്റ്റ്യൻ എന്നിവർ ക്ലാസ്സുകൾ നയിച്ചു. ജോയൽ ജോൺ റോയി, ബ്രദർ ഡെറിക് കത്തിക്കര, ലൂസി ഫിലിപ്പോസ്, ജാസ്മിൻ മാത്യു, നേഹ ലെസ്ലി, ക്രിസ്റ്റി കെ. കുഞ്ഞുമോൻ എന്നിവർ നേതൃത്വം നൽകി.

## മെസ്സിസ്സ് 2K23- കുടമാളൂർ ഫൊറോനാ ക്യാമ്പ്

കുടമാളൂർ ഫൊറോനയുടെ 2023 പ്രവർത്തനവർഷത്തെ ക്യാമ്പ് മാന്നാനം സെന്റ് എഫ്രേംസ് ഹയർ സെക്കന്ററി സ്കൂളിൽ സെപ്റ്റംബർ 08-10 തീയതികളിൽ നടത്തപ്പെട്ടു. ലിജോ എബ്രാഹം ജോണിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ മാന്നാനം സെന്റ് ജോസഫ്സ് ആശ്രമം പ്രിയോർ ഫാ. കുര്യൻ ചാലങ്ങാടി CMI ക്യാമ്പ് ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഡയറക്ടർ ഫാ. ആന്റണി ആനക്കല്ലുങ്കൽ ആമുഖപ്രഭാഷണം നടത്തി. അതിരൂപതാ പ്രസിഡന്റ് ജോർജ് സെബാസ്റ്റ്യൻ, ഫൊറോനാ ഡയറക്ടർ ഫാ. ലൂക്കാ വെട്ടുവേലിക്കളം, അലീന മരിയ മാത്യു, അലീന അഗസ്റ്റിൻ എന്നിവർ പ്രസംഗിച്ചു. അതിരൂപതാ ഡയറക്ടർ ഫാ. ആന്റണി ആനക്കല്ലുങ്കൽ, സാജൻ പാപ്പച്ചൻ, സിജു ആലഞ്ചേരി എന്നിവർ ക്യാമ്പിൽ ക്ലാസ്സുകൾ നയിച്ചു. ബ്രദർ ഡെറിക് കത്തിക്കര, രേഷ്മ ദേവസ്യ, അലൻ സിബി, ജാസ്മിൻ മാത്യു, ജോയൽ ജോൺ റോയി, ക്രിസ്റ്റി കെ. കുഞ്ഞുമോൻ, നേഹ ലെസ്ലി തുടങ്ങിയവർ നേതൃത്വം നൽകി.

## ഉത്സവ് 2023

യുവദീപ്തി - SMYMന്റെ ആഭിമുഖ്യത്തിൽ ഉത്സവ് (കലോത്സവം) സെപ്റ്റംബർ 06, 22 തീയതികളിലായി ചങ്ങനാശേരി സെന്റ് ബർക്മൻസ് ഹയർ സെക്കന്ററി ഹൈസ്കൂളിൽ നടത്തപ്പെട്ടു. 6-ാം തീയതി രചനാമത്സരങ്ങളും 22-ാം തീയതി അവതരണമത്സരങ്ങളായിരുന്നു. 6-ാം തീയതി ബുധനാഴ്ച രാവിലെ 9.30 നു സ്കൂൾ ഓഡിറ്റോറിയത്തിൽ അതിരൂപതാ പ്രസിഡന്റ് ജോർജ് സെബാസ്റ്റ്യന്റെ അദ്ധ്യക്ഷതയിലുള്ള സമ്മേളനത്തിൽ അതിരൂപതാ ഡയറക്ടർ ഫാ. ആന്റണി ആനകല്ലുങ്കൽ 'ഉത്സവ് 2023' ഉദ്ഘാടനം ചെയ്തു. ജോയൽ ജോൺ റോയി, രേഷ്മ ദേവസ്യ, അലൻ സിബി, ജാസ്മിൻ മാത്യു, ലിന്റാ ജോഷി എന്നിവർ പ്രസംഗിച്ചു.

## യൂത്ത് ട്രെയിനിങ് പ്രോഗ്രാം (YTP)

യുവദീപ്തി - SMYMന്റെ ആഭിമുഖ്യത്തിലുള്ള യൂത്ത് ട്രെയിനിംഗ് പ്രോഗ്രാമിന്റെ (YTP) പുതിയ ബാച്ച് ഒക്ടോബർ 01 നു ഞായറാഴ്ച രാവിലെ 11 മണിക്കു ചങ്ങനാശേരി പാസ്റ്ററൽ സെന്ററിൽ ആരംഭിച്ചു. YTPയിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ അതിരൂപതാ ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**ജോർജ് സെബാസ്റ്റ്യൻ തയ്യിൽ**
*(പ്രസിഡന്റ്)*

**ഫാ. ആന്റണി ആനക്കല്ലുങ്കൽ**
*(ഡയറക്ടർ)*

■





**ചങ്ങനാശേരി സെന്റ് മേരീസ്**
**മെത്രാപ്പോലീത്തൻ കബറിടപ്പള്ളിയിൽ**

54-ാമത്

# ശ്രാദ്ധപ്പെരുന്നാളും

**ഒക്ടോബർ 01-09**

4 -ാമത് **കാവുകാട്ട് കൺവൻഷനും**

**ഒക്ടോബർ 02, 03, 04**

പരിശുദ്ധ കുർബാന | യാമപ്രാർത്ഥനകൾ

ദിവ്യകാരുണ്യ ആരാധന | മദ്ധ്യസ്ഥപ്രാർത്ഥന



Mar Mathew Arackal



Mar Thomas Padiyath



Mar Jose Pulickal



Mar Joseph Perumthottam



Mar Thomas Tharayil



Mar George Rajendran



Mar George Kocherry

## ഒക്ടോബർ 09 – പ്രധാന തിരുനാൾദിനം

| | |
|---|---|
| 05.45 am | ▸ പരി. കുർബാന, ഒപ്പീസ്: **മാർ തോമസ് തറയിൽ** |
| 07.30 am | ▸ പരി. കുർബാന, ഒപ്പീസ്: **മാർ ജോസഫ് പെരുന്തോട്ടം** |
| 09.00 am | ▸ പരി. കുർബാന, ഒപ്പീസ്: **വെരി റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ** |
| 10.15 am | ▸ പരി. കുർബാന, ഒപ്പീസ്: **മാർ ജോർജ് രാജേന്ദ്രൻ** |
| 11.30 am | ▸ പരി. കുർബാന, ഒപ്പീസ്: **വെരി റവ. ഡോ. ഐസക് ആലഞ്ചേരി** |
| 12.30 pm | ▸ **ശ്രാദ്ധപ്പൊതിച്ചോർ ആശീർവാദം: വെരി റവ. ഡോ. ജോസ് കൊച്ചുപറമ്പിൽ** |
| 02.30 pm | ▸ പരി. കുർബാന, ഒപ്പീസ്: **വെരി റവ. ഫാ. മാത്യു താന്നിയത്ത്** |
| 03.30 pm | ▸ പരി. കുർബാന, ഒപ്പീസ്: **അതിരൂപതയിലെ നവവൈദികർ** |
| 04.30 pm | ▸ പരി. കുർബാന, ഒപ്പീസ്: **മാർ ജോർജ് കോച്ചേരി** |

# കെ.സി.എസ്.എൽ.

ഈശോയിൽ സ്നേഹംനിറഞ്ഞ കെ.സി.എസ്.എൽ. കൂട്ടുകാരേ,

എല്ലാവരും ഓണാവധി നന്നായി ആസ്വദിച്ചുവെന്നു വിശ്വസിക്കുന്നു. നമ്മുടെ സംഘടനയുടെ പ്രവർത്തനങ്ങൾ നന്നായി മുന്നോട്ടുപോകുന്നതിൽ ദൈവത്തിനു നന്ദിപറയാം.

## കിഡ്സ് കൺവൻഷൻ - "Chosen 2K23"

ചങ്ങനാശേരി, പുളിങ്കുന്ന്, ചമ്പക്കുളം എന്നീ സോണുകളിൽ ജീസസ് കിഡ്സ് കൺവൻഷൻ നടത്തി. അതിനോടു സഹകരിച്ചവർക്കു നന്ദിപറയുന്നു. ആടിയും പാടിയും ഈശോയെ സ്നേഹിക്കാൻ ലഭിച്ച നിമിഷങ്ങൾ കുട്ടികൾ ആസ്വദിച്ചു. അടുത്തമാസം അതിരമ്പുഴ, കുറുമ്പനാടം, അമ്പൂരി, ആലപ്പുഴ എന്നീ സോണുകളുടെ കൺവൻഷൻ ഉണ്ടായിരിക്കുന്നതാണ്.

## ധന്യൻ മാർ തോമസ് കുര്യാളശ്ശേരി ക്വിസ് 2023

SABS ചങ്ങനാശേരി സെന്റ് തോമസ് പ്രൊവിൻസും KCSL സംഘടനയും സംയുക്തമായി നടത്തിയ ധന്യൻ മാർ തോമസ് കുര്യാളശ്ശേരി ക്വിസ് സെപ്റ്റംബർ 16 നു വാഴപ്പള്ളി സെന്റ് തെരേസാസ് TTI ൽ നടത്തപ്പെട്ടു. 100 ടീമുകളുടെയും അതിരൂപതാ സെക്രട്ടറിമാരായ എയ്ഞ്ചലിൻ റ്റെസ മരിയ, ജാന എലിസബത്ത് എന്നിവരുടെയും സാന്നിധ്യമുണ്ടായിരുന്നു. ജോസഫ് വേളങ്ങാട്ടുശ്ശേരി അച്ചൻ ക്വിസ് മത്സരം ഉദ്ഘാടനം ചെയ്തു. ചെയർപേഴ്സൺ നേഹ മരിയ അധ്യക്ഷത വഹിച്ചു.

| വിഭാഗം | സ്ഥാനം | സ്കൂൾ |
|---|---|---|
| UP | ഒന്നാം സ്ഥാനം | സെന്റ് സേവ്യേഴ്സ് പച്ച-ചെക്കിടിക്കാട് |
| | രണ്ടാം സ്ഥാനം | സെന്റ് പീറ്റേഴ്സ് കുറുമ്പനാടം |
| | മൂന്നാം സ്ഥാനം | സെന്റ് ജോസഫ്സ് ചങ്ങനാശേരി |
| HS | ഒന്നാം സ്ഥാനം | സെന്റ് ജോസഫ്സ് ചങ്ങനാശേരി |
| | രണ്ടാം സ്ഥാനം | ലൂർദ് മാതാ പച്ച-ചെക്കിടിക്കാട് |
| | മൂന്നാം സ്ഥാനം | സെന്റ് മേരീസ് അതിരമ്പുഴ |
| HSS | ഒന്നാം സ്ഥാനം | സെന്റ് തെരേസാസ് വാഴപ്പള്ളി |
| | രണ്ടാം സ്ഥാനം | സെന്റ് ജോൺ ദ ബാപ്റ്റിസ്റ്റ് നെടുങ്കുന്നം |
| | മൂന്നാം സ്ഥാനം | സെന്റ് തെരേസാസ് വാഴപ്പള്ളി |

## സാഹിത്യോത്സവം

2023 ലെ **അതിരൂപതാ സാഹിത്യോത്സവം സോണുകളിൽ ഒക്ടോബർ 02 ന്**

## സ്കൂൾ സന്ദർശനം

സെന്റ് ജോൺ ദ ബാപ്റ്റിസ്റ്റ് നെടുങ്കുന്നം, സെന്റ് ജോസഫ്സ് കുളത്തൂർ എന്നീ സ്കൂളുകൾ ഡയറക്ടറച്ചനും റീജന്റ് ബ്രദറും സന്ദർശിച്ച് പരി. കുർബാന യർപ്പിച്ചു വചനസന്ദേശം നൽകി. കഴിഞ്ഞ 6 മാസം സ്തുത്യർഹമായ സേവനം കാഴ്ചവച്ചശേഷം പുതിയ ഉത്തരവാദിത്തങ്ങളിലേക്കു കടക്കുന്ന ജിൽസൺ മുളമൂട്ടിൽ ബ്രദറിനു KCSL കുടുംബം നന്ദിയും പ്രാർത്ഥനയും നേരുന്നു.

സ്നേഹപൂർവം,

**ഫാ. ജോസഫ് വേളങ്ങാട്ടുശ്ശേരി**
*(ഡയറക്ടർ)*

■

## CANA – ഫാമിലി ആൻഡ് ലൈഫ് പ്രൊമോഷൻ സെന്റർ
## തുരുത്തി

# ഫാമിലി മിനിസ്ട്രി & കൗൺസിലിങ് കോഴ്സ്

**2023 ഒക്ടോബർ 16 മുതൽ 2024 ഫെബ്രുവരി വരെ**

- കുടുംബപ്രേഷിതരംഗത്തു പ്രവർത്തിക്കാനാഗ്രഹിക്കുന്നവർക്കുള്ള സമഗ്രപരിശീലനം
- ഫാമിലി കൗൺസിലിങ്, സ്കൂൾ കൗൺസിലിങ്, യുവജനകൗൺസിലിങ്, ഹോം മിഷൻ, ഹോസ്പിറ്റൽ കൗൺസിലിങ് എന്നിവയിൽ പരിശീലനം
- മനഃശാസ്ത്രരീതികളും ആദ്ധ്യാത്മികതയും സമഗ്രമായി യോജിപ്പിച്ചുള്ള പരിശീലനപരിപാടി
- ദൈവശാസ്ത്ര, മനഃശാസ്ത്ര, സാമൂഹ്യശാസ്ത്ര വിഷയങ്ങളിൽ പ്രാവീണ്യമുള്ളവർ ക്ലാസ്സുകൾ നയിക്കുന്നു
- കുടുംബപ്രേഷിതരംഗത്തു പ്രവർത്തിക്കുന്നവരുടെ അനുഭവസാക്ഷ്യങ്ങൾ
- ക്ലാസ്സുകൾ – തിങ്കൾ മുതൽ വെള്ളി വരെ 10.00 am - 01.00 pm
- ഇതിൽ പൂർണമായി സംബന്ധിക്കുന്നവർക്കു പൊന്തിഫിക്കൽ ജോൺ പോൾ രണ്ടാമൻ ഇൻസ്റ്റിറ്റ്യൂട്ട് നല്കുന്ന സർട്ടിഫിക്കറ്റ്

**9847702651; Email: johnpaulismf1998@gmail.com**

**Fr. Dr. Philip Kavithazhe**
Director, CANA
Thuruthy PO, Changanacherry
Kottayam 686535
9447127568

**Fr. Dr. Tom Kainikkara**
Vice President
Pontifical John Paul II Institute
CANA, Thuruthy PO,
Changanacherry,
Kottayam 686535
9447751276

# CARP
## (DEPARTMENT OF COMMUNITY AWARENESS AND RIGHTS' PROTECTION)

### സമുദായ ശക്തീകരണ മാസാചരണം: മുന്നൊരുക്കങ്ങൾ

ഒക്ടോബർ സമുദായശക്തീകരണമാസമായി ആചരിക്കുകയാണ്. ഇടവകളുടെയും സംഘടനകളുടെയും സഹകരണത്തോടെ അതിരൂപതയുടെ ഒരു പൊതുപരിപാടി എന്നനിലയിലാണ് മാസാചരണം നടത്തുന്നത്. അഭി. പെരുന്തോട്ടം പിതാവിന്റെ നിർദേശമനുസരിച്ച് കാർപ്പിന്റെ ആഭിമുഖ്യത്തിൽ സമുദായശക്തീകരണ മാസം ആചരിക്കുവാനുള്ള ഒരുക്കങ്ങൾ നടന്നു. കൂട്ടായ്മകളിൽ സർക്കാർ പദ്ധതികൾ പ്രചരിപ്പിക്കുകയാണ് ഇതിന്റെ പ്രധാനലക്ഷ്യം.

ഒക്ടോബർ മാസത്തിലെ കുടുംബക്കൂട്ടായ്മകളിൽ ഈ വിഷയത്തിൽ അത്മായരെ / സിസ്റ്റേഴ്സിനെ ഉപയോഗിച്ചു ക്ലാസുകൾ നൽകാനാണ് ഉദ്ദേശിക്കുന്നത്.

ഇതിനായി ഏകദേശം പത്തുകുടുംബക്കൂട്ടായ്മകൾക്ക് ഒരാൾവീതം എന്ന നിലയിൽ ക്ലാസെടുക്കാൻ കഴിവുള്ളവരെ (ഉദാ. റിട്ടയേർഡ് അധ്യാപകർ - പുരുഷന്മാർ, സിസ്റ്റേഴ്സ്) തെരഞ്ഞെടുത്ത് ഇവർക്കായി പ്രത്യേക പരിശീലനവും ഹാൻഡ് ബുക്ക് വിതരണവും സോൺ അടിസ്ഥാനത്തിൽ നൽകി. അതിരൂപതയിലെ ഫോറോനാകളെ ഒന്നുചേർത്ത് സോണുകൾ രൂപീകരിച്ചാണ് ട്രെയിനിങ് നടത്തിയത്.

### ട്രെയിനിങ് പ്രോഗ്രാം

**1. ചങ്ങനാശേരി സോൺ**

ചങ്ങനാശേരി, തുരുത്തി, തൃക്കൊടിത്താനം, ചെങ്ങന്നൂർ ഫൊറോനകളുടെ ട്രെയിനിങ് സെപ്റ്റംബർ 03 ഞായർ 2.30 pm നു ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളിയിൽ നടന്നു.

**2. നെടുങ്കുന്നം സോൺ**

നെടുങ്കുന്നം, മണിമല, കുറുമ്പനാടം എന്നീ ഫൊറോനകളുടെ ട്രെയിനിങ് സെപ്റ്റംബർ 09 രണ്ടാംശനി 2.30 pm നു കൂത്രപ്പള്ളി സെന്റ് മേരീസ് പള്ളിയിൽ നടന്നു.

**3. കോട്ടയം സോൺ**

കുടമാളൂർ, അതിരമ്പുഴ, കോട്ടയം എന്നീ ഫൊറോനകളുടെ ട്രെയിനിങ് സെപ്റ്റംബർ 10 ഞായർ 2.30 pm നു കുടമാളൂർ സെന്റ് അൽഫോൻസാ പബ്ലിക് സ്കൂളിൽ നടന്നു.

**4. ചമ്പക്കുളം സോൺ**

ചമ്പക്കുളം, എടത്വാ, പുളിങ്കുന്ന് എന്നീ ഫൊറോനകളുടെ ട്രെയിനിങ് സെപ്റ്റംബർ 17 ഞായർ 2.30 pm നു ചമ്പക്കുളം സെന്റ് മേരീസ് ബസിലിക്കയിൽ നടന്നു.

**5. തിരുവനന്തപുരം ഫൊറോന**

തിരുവനന്തപുരം ഫൊറോനയുടെ ട്രെയിനിങ് സെപ്റ്റംബർ 24 ഞായർ 2.30 pm നു മണ്ണന്തല റാണിഗിരി പള്ളിയിൽ നടന്നു.

**6. ആലപ്പുഴ സോൺ**

ആലപ്പുഴ, മുഹമ്മ എന്നീ ഫൊറോനകളുടെ ട്രെയിനിങ് സെപ്റ്റംബർ 27 ബുധൻ 2.30 pm നു പഴവങ്ങാടി മാർ സ്ലീവാ ഫൊറോനാ പള്ളിയിൽ നടന്നു.

**8. കൊല്ലം ഫൊറോന**

കൊല്ലം ഫൊറോനയുടെ ട്രെയിനിങ് സെപ്റ്റംബർ 30 ശനി 2.30 pm നു ആയൂർ ക്രിസ്തുരാജ ഫൊറോനാ പള്ളിയിൽ നടന്നു.

## ഒക്ടോബർ മാസത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

**കർഷകരുടെ കടങ്ങൾക്ക് ഇളവനുവദിക്കുന്നു**

കർഷക കടാശ്വാസ കമ്മിഷൻ സഹകരണബാങ്കിൽനിന്നുള്ള കർഷകരുടെ കടങ്ങൾക്കു സർക്കാർ ആനുകൂല്യം ലഭിക്കുന്നതിനുള്ള അപേക്ഷകൾ ക്ഷണിച്ചിരിക്കുകയാണ്. 31 മാർച്ച് 2016 നു മുമ്പു കടമെടുത്തിരിക്കുന്നവർക്കാണ് ഇപ്പോൾ ആനുകൂല്യത്തിനായി അപേക്ഷിക്കാവുന്നത്. **അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 31 ഡിസംബർ 2023**. കേരള കാർഷിക കടാശ്വാസ കമ്മിഷനാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

**ഫോൺ: 0471 2743783, 2743782**

**Email: keralasfdrc@gmail.com**

**വിലാസം:** കേരള കർഷക കടാശ്വാസ കമ്മിഷൻ ഓഫീസ്
അഗ്രി. അർബൻ മാർക്കറ്റ് കോമ്പൗണ്ട്
വെൺപാലവട്ടം, ആനയറ PO
തിരുവനന്തപുരം 695029

**അഭയകിരണം പദ്ധതി**

ആൺമക്കളില്ലാത്ത വിധവകളെ സംരക്ഷിക്കുന്നവർക്ക് പ്രതിമാസം ആയിരം ലഭിക്കുന്ന പദ്ധതിയായ അഭയകിരണം പദ്ധതിക്ക് അപേക്ഷ ക്ഷണിച്ചു. ബ്ലോക്ക് പഞ്ചായത്തിലാണ് അപേക്ഷ നൽകേണ്ടത്.

**ബേബി വട്ടക്കര** (9142121717)
**ടോം ജോസഫ്** (9447207700)
**ബിനു കുര്യാക്കോസ്** (7306513917)
*(കോഡിനേറ്റേഴ്സ്)*

**ഫാ. ജയിംസ് കൊക്കാവയലിൽ**
*(ഡയറക്ടർ)*
6238214912

■

# CAHRDT

## (CHANGANACHERRY ARCHEPARCHIAL HUMAN RESOURCE DEVELOPMENT TRUST)

### സിവിൽ സർവീസ് കോച്ചിങ്

സഭയിലെ യുവത്വത്തെ ഉന്നതിയിലെത്തിക്കുകയെന്ന ലക്ഷ്യത്തെ മുൻനിർത്തി CAHRDT യുടെ കീഴിൽ പ്രവർത്തിക്കുന്ന സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ സംരംഭമായ സിവിൽ സർവീസ് കോച്ചിങ് ഈ വർഷത്തെ ബാച്ചിന്റെ പ്രവർത്തനോദ്ഘാടനം ഓഗസ്റ്റ് 19 ശനിയാഴ്ച ചങ്ങനാശേരി അസംപ്ഷൻ കോളേജ് ആർച്ചുബിഷപ് പവ്വത്തിൽ ഓഡിറ്റോറിയത്തിൽ നടത്തപ്പെട്ടു. കാസർഗോഡ് സബ്കളക്ടർ ദിലീപ് കൈനിക്കര IAS മുഖ്യാതിഥിയായി പങ്കെടുത്ത ചടങ്ങ് ആർച്ചുബിഷപ് ജോസഫ് പെരുന്തോട്ടം ഉദ്ഘാടനം ചെയ്തു. സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ റെന്നി മാത്യു കോഴ്സ് ഡീറ്റെയ്ൽസ് അവതരണവും സ്വാഗതവും അതിരൂപതാ സിഞ്ചെല്ലൂസ് വെരി റവ. ഡോ. ജയിംസ് പാലക്കൽ മുഖ്യപ്രഭാഷണവും നിർവഹിച്ചു. ചങ്ങനാശേരി സെന്റ് ബർക്മൻസ് കോളേജ് പ്രിൻസിപ്പൽ ഫാ. ജോസഫ് പ്ലാത്തോട്ടം, അസംപ്ഷൻ കോളേജ് പ്രിൻസിപ്പൽ ഫാ. തോമസ് പാറത്തറ എന്നിവർ ആശംസകളർപ്പിച്ചു. CARP ഡയറക്ടർ ഫാ. ജയിംസ് കൊക്കാവയലിൽ മൈനോറിറ്റി സ്കോളർഷിപ്പ്, EWS സംവരണം എന്നിവ സംബന്ധിച്ചുള്ള വിവരങ്ങൾ പങ്കുവച്ചു. നിലവിൽ അസംപ്ഷൻ കോളേജിലെയും സെന്റ് ബർക്മൻസ് കോളേജിലെയും ബിരുദ, ബിരുദാനന്തര വിദ്യാർത്ഥികളുൾപ്പെടുന്ന ബാച്ചിൽ 65 കുട്ടികളും കഴിഞ്ഞ ബാച്ചിൽ പഠനം പൂർത്തിയാക്കിവരുന്ന 48 കുട്ടികളുമുൾപ്പെടുന്ന പ്രസ്തുത കോഴ്സ് വിജയകരമായി നടന്നുവരുന്നു.

### പി.എസ്.സി. കോച്ചിങ്

സർക്കാർ സർവീസിൽ സമുദായാംഗങ്ങളുടെ പ്രാതിനിധ്യം കുറഞ്ഞുവരുന്ന സാഹചര്യത്തിൽ, കുട്ടികൾക്കു സർവീസിൽ പ്രവേശിക്കുന്നതിനാവശ്യമായ പരീക്ഷാപരിശീലനവും മാർഗനിർദേശങ്ങളും നൽകുന്നതിന് ആരംഭിച്ചിരിക്കുന്ന പുതിയ ബാച്ചിന്റെ പ്രവർത്തനോദ്ഘാടനം ഓഗസ്റ്റ് 12 ശനിയാഴ്ച, ആർച്ചുബിഷപ് ഹൗസിലെ കോൺഫറൻസ് ഹാളിൽ നടന്നു. പരിശീലനത്തെ സംബന്ധിച്ച വിശദവിവരങ്ങൾ CCSI ഡയറക്ടർ റെന്നി മാത്യു വിശദീകരിച്ചു. ആർച്ചുബിഷപ് ജോസഫ് പെരുന്തോട്ടം ഉദ്ഘാടനകർമവും അതിരൂപതാ സിഞ്ചെല്ലൂസ് വെരി റവ. ഡോ. ജയിംസ് പാലക്കൽ മുഖ്യപ്രഭാഷണവും നിർവഹിച്ചു. ഡോ. റൂബിൾ രാജ്, പ്രൊഫ. പി.സി. അനിയൻകുഞ്ഞ്, ഫാ. ജയിംസ് കൊക്കാവയലിൽ എന്നിവർ ആശംസകളുമർപ്പിച്ചു. അക്കാഡമിക് കോഡിനേറ്റർ ഷൈൻ വി. എസ്. ക്ലാസെടുത്തു. രണ്ടാം ശനിയാഴ്ചയും ഞായറാഴ്ചയും രാവിലെ 10.30 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ, സന്ദേശനിലയത്തിൽ ക്ലാസുകൾ നടക്കുന്നു. ചങ്ങനാശേരി, തുരുത്തി, കുറുമ്പനാടം, തൃക്കൊടിത്താനം ഫൊറോനകളിലെ സമുദായാംഗങ്ങൾക്കായാണ് നിലവിൽ ക്ലാസുകൾ നൽകുന്നത്. മറ്റു ഫൊറോനകളിലുള്ളവർക്കു തുടർന്നുവരുന്ന ബാച്ചുകളിലെ ക്ലാസുകളിൽ പ്രവേശനം നൽകുന്നതാണ്.

**റെന്നി മാത്യു**
*(ഡയറക്ടർ)*

■

# ചാസ്

## (CHANGANACHERRY SOCIAL SERVICE SOCIETY)

പ്രിയ ബഹു. അച്ചാ/സുഹൃത്തേ,

**ചാസിൽനിന്നും ആശംസകൾ !!!**

വ്യക്തിശുചിത്വം പാലിക്കുന്ന കാര്യത്തിൽ മറ്റുള്ളവരെ അപേക്ഷിച്ചു മലയാളികൾ ഏറെ മുമ്പിലാണെങ്കിലും പരിസരശുചിത്വം പാലിക്കുന്ന കാര്യത്തിൽ ഏറെ പിന്നിലാണ്. ഉപഭോഗസംസ്ക്കാരത്തിന്റെ ഭാഗമായി നാം നിത്യേന വലിച്ചെറിയുന്ന മാലിന്യങ്ങൾ മണ്ണ്- ജലസ്രോതസ്-വായുമണ്ഡലം എന്നിവയെ മലീമസമാക്കുന്നതോടൊപ്പം ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്ക് ഇടവരുത്തുകയും ചെയ്യുന്നു. അനിയന്ത്രിതമായി തുടർന്നുകൊണ്ടിരിക്കുന്ന പരിസര മലിനീകരണംമൂലം സംജാതമായ കാലാവസ്ഥാവ്യതിയാനം പ്രകൃതിയുടെ താളം തെറ്റിക്കുകയും അപ്രതീക്ഷിത പ്രകൃതിദുരന്തങ്ങൾക്കു കാരണമാകുകയും ചെയ്യുന്നു.

നമ്മുടെ രാഷ്ട്രപിതാവിന്റെ ജന്മദിനമായ ഒക്ടോബർ 2 ശുചിത്വദിനമായി ആചരിക്കുമ്പോൾ യാഥാർത്ഥ്യബോധത്തോടുകൂടി ഇത്തരം യജ്ഞത്തിൽ കണ്ണിചേരുവാനും അതുവഴി പരിസ്ഥിതിസൗഹാർദശൈലി ജീവിതത്തിലുടനീളം പ്രാവർത്തികമാക്കുവാനും പരിശ്രമിക്കാം. നമ്മുടെ കൂട്ടായപ്രവർത്തനങ്ങൾ നമുക്കുമാത്രമല്ല വരുംതലമുറയ്ക്കുകൂടി മാതൃകയാകണം. ഉറവിടമാലിന്യ സംസ്കരണത്തിന്റെ പ്രാധാന്യമുൾക്കൊണ്ട് നമ്മുടെ കുടുംബങ്ങൾ അതിനുള്ള മാർഗങ്ങൾ സ്വീകരിച്ചാൽ വീടും പരിസരവും മനോഹരമായി മാറും. അങ്ങനെ നാടിനെ ശുചിത്വനാടായി മാറ്റാം. ഈ ഗാന്ധിജയന്തിദിനത്തിൽ മാറ്റത്തിന്റെ വക്താക്കളാകുവാൻ പരിശ്രമിക്കാം.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. ജോർജ് പനക്കേഴം**
**ഫാ. ജോർജ് തൈച്ചേരിൽ**
*(അസിസ്റ്റന്റ് ഡയറക്ടേഴ്സ്)*

**ഫാ. തോമസ് കുളത്തുങ്കൽ**
*(ഡയറക്ടർ)*

## കേന്ദ്രവാർത്തകൾ

### ഓണം വിപണനമേള

ഓണത്തോടനുബന്ധിച്ച് ഓഗസ്റ്റ് 26-28 തീയതികളിൽ ചാസ് അങ്കണത്തിലും പാലാത്ര ബൈപ്പാസ് റോഡിലുള്ള ചാസ് സ്വാശ്രയവിപണിയിലും ഓണം വിപണനമേള സംഘടിപ്പിച്ചു. ചാസ് പ്രസിഡന്റും സിഞ്ചെല്ലൂസുമായ വെരി റവ. ഫാ. ജോസഫ് വാണിയപ്പുരക്കൽ ഉദ്ഘാടനം നിർവഹിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, പ്രോഗ്രാം ഓഫീസർ ജോബി മാത്യു എന്നിവർ ആശംസയർപ്പിച്ചു.

### SAFP ക്ലസ്റ്റർ മീറ്റിങ്

സേവ് എ ഫാമിലി പ്ലാൻ പദ്ധതിയിൽ പുതുതായി തെരഞ്ഞെടുക്കപ്പെട്ട കുടുംബങ്ങളെ സന്ദർശിച്ച് അടുത്ത ആറുവർഷത്തേക്കുള്ള പദ്ധതികൾ ആസൂ

ത്രണം ചെയ്യുന്നതിനും നിലവിലുള്ള കുടുംബങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്നതിനും സെപ്റ്റംബർ 4, 12, 21 തീയതികളിൽ എടത്വാ, ചമ്പക്കുളം, ആലപ്പുഴ പ്രദേശങ്ങളിൽ ക്ലസ്റ്റർ മീറ്റിങ്ങുകൾ സംഘടിപ്പിച്ചു. SAFP കോഡിനേറ്റർ നിവ്യാ ജോസഫ്, സി. ആൽഫി DSJ എന്നിവർ പദ്ധതി നിർവഹണത്തിനാവശ്യമായ നിർദേശങ്ങൾ നൽകി. മേഖലാ കോഡിനേറ്റർ ആൻസി ലോനിച്ചൻ നേതൃത്വം നൽകി.

**LIC Job Interview**

യുവജനങ്ങൾക്കു തൊഴിലവസരം ലഭ്യമാക്കുകയെന്ന ഉദ്ദേശത്തോടുകൂടി LIC ചങ്ങനാശേരി ബ്രാഞ്ചുമായി സഹകരിച്ച് ഇൻഷ്വറൻസ് അഡ്വൈസർമാരെ നിയമിക്കുന്നതിനുള്ള ഇന്റർവ്യൂ സെപ്റ്റംബർ 11 നു ചാസ് കോൺഫ്രൻസ് ഹാളിൽ സംഘടിപ്പിച്ചു. LIC ഡെവലപ്മെന്റ് ഓഫീസർ ജേക്കബ് കളരിക്കൽ നേതൃത്വം നൽകി.

**ഇൻസ്പിറോൺ 2023**

കേരളസംസ്ഥാന പിന്നാക്കവിഭാഗ വികസനകോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം ടാഗോർ സെന്റിനറി ഹാളിൽ സംഘടിപ്പിച്ച ഇൻസ്പിറോൺ 2023 ൽ ചാസ് പ്രതിനിധികൾ പങ്കെടുത്തു. സെപ്റ്റംബർ 13, 14 ദിവസങ്ങളിൽ സംഘടിപ്പിച്ച പ്രോഗ്രാമിൽ സംരംഭകത്വവികസനം ലക്ഷ്യമിട്ട് വിവിധ പ്രവർത്തനങ്ങളുടെ പ്രദർശന–വിപണനമേളയും ബോധവത്ക്കരണ സെമിനാറുകളും നടത്തപ്പെട്ടു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, അസി. ഡയറക്ടർ, ഫാ. ജോർജ് തൈച്ചേരിൽ, സ്റ്റാഫംഗങ്ങൾ, സ്വാശ്രയ സംഘാംഗങ്ങൾ എന്നിവർ പങ്കെടുത്തു.

**സോഷ്യൽ വർക്ക് വിദ്യാർത്ഥികൾക്ക് ഓറിയന്റേഷൻ**

ചങ്ങനാശേരി സെന്റ് ബർക്മാൻസ്, IGNO യൂണിവേഴ്സിറ്റി, പരുമല സെന്റ് ഗ്രിഗോറിയോസ് എന്നീ കോളേജുകളിൽ നിന്നുമെത്തിയ MSW വിദ്യാർത്ഥികൾക്കു സെപ്റ്റംബർ 16 നു ചാസ് കോൺഫ്രൻസ് ഹാളിൽ ഓറിയന്റേഷൻ പ്രോഗ്രാം സംഘടിപ്പിച്ചു. ചാസ് പ്രവർത്തനങ്ങളെക്കുറിച്ചും സന്നദ്ധപ്രവർത്തന മേഖലകളെക്കുറിച്ചും ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, പ്രോഗ്രാം ഓഫീസർ ജോബി മാത്യു എന്നിവർ ക്ലാസ് നയിച്ചു.

**'ചാസ് സ്വാശ്രയ വിപണി' പ്രദർശന–വിപണനമേള**

ചെത്തിപ്പുഴ ക്രിസ്തു ജ്യോതി HSS ന്റെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 20, 21, 22 തീയതികളിൽ സംഘടിപ്പിച്ച XPOVISTA '23 ൽ ചാസ് സ്വാശ്രയ വിപണിയുടെ പ്രദർശനവും വിപണനവും നടത്തപ്പെട്ടു. മേഖലാ കോഡിനേറ്റർമാരായ അൽഫോൻസാ വർഗീസ്, സിജി ബിജുമോൻ എന്നിവർ നേതൃത്വം നൽകി.

**വാർഷികപൊതുയോഗം**

ചാസിന്റെ വാർഷികപൊതുയോഗം സെപ്റ്റംബർ 23 ശനി ഉച്ചകഴിഞ്ഞ് 2.30 നു ചാസ് പ്രസിഡന്റ് വെരി റവ. ഫാ. ജോസഫ് വാണിയപ്പുരക്കലിന്റെ അദ്ധ്യക്ഷതയിൽ ചാസ് കോൺഫ്രൻസ് ഹാളിൽ ചേർന്നു. സെക്രട്ടറി ഫാ. തോമസ്

കുളത്തുങ്കൽ 2022-23 പ്രവർത്തനവർഷത്തെ ഓഡിറ്റ് ചെയ്ത കണക്കുകൾ അവതരിപ്പിച്ചു പാസാക്കി. 2022-2023 ലെ ചാസിന്റെ ആനുവൽ റിപ്പോർട്ട് മീറ്റിങ്ങിൽ പ്രകാശനം ചെയ്തു. തുടർന്ന് ഭാവിപരിപാടികൾ ആസൂത്രണം നടത്തി. ചർച്ചകൾക്കും വിലയിരുത്തലുകൾക്കുശേഷം പൊതുയോഗം അവസാനിച്ചു.

## ചാസ് സാമൂഹ്യസുരക്ഷാ സഹായപദ്ധതി

ചാസ് സാമൂഹ്യസുരക്ഷാ സഹായപദ്ധതികൾ വഴി 2023 സെപ്റ്റംബർ മാസം ആനുകൂല്യം ലഭിച്ച കുടുംബങ്ങൾ

**1) SHG മരണാനന്തര സഹായം** (ഒരു കുടുംബത്തിനു 10,000/- രൂപ വീതം 3 കുടുംബങ്ങൾക്കു 30,000/- രൂപ അനുവദിച്ചു.)

| *പേര്* | *സംഘം* | *യൂണിറ്റ്* | *മേഖല* |
|---|---|---|---|
| 642. തങ്കച്ചൻ മനയത്ത് | സ്നേഹധാര | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 643. ജോസ് തോമസ് | സെന്റ് സെബാസ്റ്റ്യൻ | മുടിയൂർക്കര | കുടമാളൂർ |
| 644. ശശികല ദേവരാജൻ | കരുണ | കിടങ്ങറ | ചങ്ങനാശേരി |

**2) മ്യൂച്വൽ ബനഫിറ്റ് സ്കീം MBS** (ഒരു കുടുംബത്തിനു 10,000/- വീതം 16 കുടുംബങ്ങൾക്കു 1,60,000/- രൂപ മരണാനന്തരസഹായം അനുവദിച്ചു.)

| *പേര്* | *യൂണിറ്റ്* | *മേഖല* |
|---|---|---|
| 909. ഏലിയാമ്മ തോമസ് വഴിപ്പറമ്പിൽ | കൂത്രപ്പള്ളി | നെടുങ്കുന്നം |
| 910. ബാബു വി.ആർ. വെട്ടിക്കാവുങ്കൽ | കൂത്രപ്പള്ളി | നെടുങ്കുന്നം |
| 911. റോസമ്മ ആന്റണി കട്ടിപ്പറമ്പിൽ | മുഹമ്മ | മുഹമ്മ |
| 912. മത്തായി ദേവസ്യ പവ്വത്തിൽ | പൊടിപ്പാറ | തുരുത്തി |
| 913. ബീന ദേവി വാണിയപ്പുരയ്ക്കൽ | ഐക്കരച്ചിറ | കുടമാളൂർ |
| 914. അന്നമ്മ സ്കറിയ പുത്തൻപുരയിൽ | ഐക്കരച്ചിറ | കുടമാളൂർ |
| 915. അക്കമ്മ ആന്റണി കക്കുഴി | കൊണ്ടാക്കൽ | ചമ്പക്കുളം |
| 916. ജോസഫ് കുര്യാക്കോസ് കുന്നിപ്പറമ്പ് | ഇത്തിത്താനം | തുരുത്തി |
| 917. മാർഗരറ്റ് ഫ്രാൻസിസ് കാഞ്ഞിരംചിറ | ആറാട്ടുവഴി | ആലപ്പുഴ |
| 918. ലിസിയാമ്മ അബ്രഹാം | കിഴക്കേ മിത്രക്കരി | എടത്വാ |
| 919. ജോസഫ് മത്തായി വടക്കേപ്പറമ്പിൽ | കുടമാളൂർ | കുടമാളൂർ |
| 920. മേരിക്കുട്ടി ജോസഫ് പുത്തൻവീട് | പാദുവാപുരം | ചമ്പക്കുളം |
| 921. സെബാസ്റ്റ്യൻ തോമസ് തടത്തിൽ | പാറേൽ | ചങ്ങനാശേരി |
| 922. ഹബീബ് മുണ്ടാപ്പള്ളിൽ | ഫിൽഗിരി | കൊല്ലം |
| 923. ലതിക എ. രതിവിലാസം | ഫിൽഗിരി | കൊല്ലം |
| 924. ചെല്ലമ്മ പ്ലാവിലവീട് | ഫിൽഗിരി | കൊല്ലം |

### (3) ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ സെപ്റ്റംബർ മാസം 7 കുടുംബങ്ങൾക്കു ചികിത്സാസഹായമായി 50,773/- രൂപ അനുവദിച്ചു.

| | *പേര്* | *യൂണിറ്റ്* | *തുക* |
|---|---|---|---|
| 1. | ജോസിൻ ജോയി മാളിയേക്കൽ | വെരൂർ | 5,785/- |
| 2. | ഡെയ്സി മാത്യു തെക്കേതോട്ടിൽ | അഞ്ചൽ | 7,075/- |
| 3. | ലൂസി സ്കറിയ പാലത്തൂർ | കുമാരനല്ലൂർ | 8,550/- |
| 4. | സിറിൾ ജോൺ കുളങ്ങരമുറി | മണിമല ന്യൂ | 4,560/- |
| 5. | മറിയമ്മ തോമസ് മുല്ലശ്ശേരി | കൂത്രപ്പള്ളി | 10,825/- |
| 6. | ബിനു ജോസഫ് വാലുപറമ്പിൽ | രാമങ്കരി | 4,178/- |
| 7. | ജോസ് പുതുപ്പള്ളി | വാഴൂർ | 9,800/- |

## മേഖലാവാർത്തകൾ

### സ്വാശ്രയ സംഘരൂപീകരണം

| *തീയതി* | *യൂണിറ്റ്* | *സംഘം* | *അംഗങ്ങൾ* |
|---|---|---|---|
| 19.09.2023 | ഫാത്തിമാപുരം | പെൺമ | 12 |

### പുതിയ എക്സിക്യൂട്ടീവ് സമിതി

മുട്ടാർ ന്യൂ യൂണിറ്റിൽ ഓഗസ്റ്റ് 13 നു പുതിയ എക്സിക്യൂട്ടീവ് സമിതിയുടെ മീറ്റിങ് യൂണിറ്റ് ഡയറക്ടർ ഫാ. ജോസഫ് കട്ടപ്പുറത്തിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. ഭരണസമിതിയംഗങ്ങൾക്കു യൂണിറ്റിന്റെ പ്രവർത്തനത്തെക്കുറിച്ചും എക്സിക്യൂട്ടീവംഗങ്ങളുടെ ചുമതലകളെക്കുറിച്ചും മേഖലാ കോഡിനേറ്റർ ആൻസി ലോനിച്ചൻ വിശദീകരിച്ചു.

### സ്വാശ്രയ സംഘസംഗമവും ഓണാഘോഷവും

ചെത്തിപ്പുഴ യൂണിറ്റിലെ സ്വാശ്രയസംഘങ്ങളുടെ ഓണാഘോഷ പരിപാടി ഓഗസ്റ്റ് 19 നു യൂണിറ്റ് ഡയറക്ടർ ഫാ. തോമസ് കല്ലുകളം CMI ഉദ്ഘാടനം ചെയ്തു. അംഗങ്ങളുടെ കലാകായികമത്സരങ്ങൾ നടത്തി.

മനയ്ക്കച്ചിറ 'ശ്രേയസ്' സ്വാശ്രയസംഘത്തിന്റെ ഓണഘോഷം ഓഗസ്റ്റ് 21 നു സംഘടിപ്പിച്ചു.

വായ്പൂർ ഓൾഡ് യൂണിറ്റിൽ 'ധനശ്രീ' സ്വാശ്രയസംഘത്തിന്റെ ഓണാഘോഷപരിപാടികൾ ഓഗസ്റ്റ് 21 നു നടത്തി.

മാന്നില യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഓഗസ്റ്റ് 26 നു ഓണാഘോഷം സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. ആന്റണി നെരയത്ത് ഉദ്ഘാടനം നിർവഹിച്ചു. പ്രസിഡന്റ് ജോബ് മുരിയങ്കാവുങ്കൽ അദ്ധ്യക്ഷതവഹിച്ചു. മോളി ജോൺ വാറ്റൂപ്പറമ്പിൽ സ്വാഗതമാശംസിച്ചു.

പൊടിപ്പാറ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഓഗസ്റ്റ് 26 നു ഓണാഘോഷ

പരിപാടികൾ സംഘടിപ്പിച്ചു. 9.30 നു മലകുന്നത്തുനിന്നും ആരംഭിച്ച ഘോഷ യാത്ര ഇളംകാവ് ദേവസ്വം ബോർഡ് പ്രസിഡന്റ് കെ. ജി. രാജ്മോഹൻ ഫ്ളാഗ് ഓഫ് ചെയ്തു. അഡ്വ. ജോബ് മൈക്കിൾ MLA ഉദ്ഘാടനം നിർവഹിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. ഐസക് മുണ്ടുനടയ്ക്കൽ അദ്ധ്യക്ഷതവഹിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ മുഖ്യപ്രഭാഷണവും സി. ജോ മരിയാ SD ആശംസയും അർപ്പിച്ചു. വിൻസെന്റ്, യൂണിറ്റ് ഭാരവാഹികളായ രാജു ജോസഫ് പവ്വത്തിൽ, ജോബ് സേവ്യർ ചതുരവാടിയിൽ, കെ. ജെ. ജോൺ കോയിലേടത്ത്, രാജു ജോസഫ് പാലത്തുങ്കൽ എന്നിവർ പ്രസംഗിച്ചു. സ്വാശ്രയ സംഘാംഗങ്ങളുടെ വിവിധ കലാപരിപാടികളും നടത്തപ്പെട്ടു.

വെട്ടിമുകൾ യൂണിറ്റിന്റെ നേതൃത്വത്തിൽ ഓഗസ്റ്റ് 26 നു സ്വാശ്രയസംഘസംഗമവും ഓണാഘോഷപരിപാടികളും നടത്തി. യൂണിറ്റ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ഉദ്ഘാടനം നിർവഹിച്ചു. സമ്മേളനത്തിൽ മികച്ച കർഷകരായ ജോയി വെൻപറമ്പിൽ, ബിന്ദു റൂബി എന്നിവരെ പൊന്നാടയണിയിച്ച് ആദരിച്ചു.

ഏറ്റുമാനൂർ യൂണിറ്റിന്റെ നേതൃത്വത്തിൽ ഓഗസ്റ്റ് 28 നു സ്വാശ്രയസംഘസംഗമവും ഓണാഘോഷപരിപാടികളും നടത്തി. സമ്മേളനം അതിരമ്പുഴ പഞ്ചായത്ത് പ്രസിഡന്റ് സജി തടത്തിൽ ഉദ്ഘാടനം ചെയ്തു. ക്ലാസിക്കൽ ഡാൻസിൽ സത്യഭാവ ദേശീയപുരസ്ക്കാരം ലഭിച്ച 'പുതുമ' സ്വാശ്രയസംഘാംഗമായ ഉഷാ ദിലീപിനെ ആദരിച്ചു.

പുന്നമട യൂണിറ്റിൽ ഓഗസ്റ്റ് 31 നു സ്വാശ്രയസംഘസംഗമവും ഓണാഘോഷ പരിപാടികളും സംഘടിപ്പിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ഉദ്ഘാടനം നിർവഹിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. തോമസ് താന്നിയത്ത് അദ്ധ്യക്ഷതവഹിച്ചു. യൂണിറ്റ് പ്രസിഡന്റ് ജോളി ജോസഫ്, ആനിമേറ്റർ സി. എലിസബത്ത് FDSHJ, യൂണിറ്റ് സെക്രട്ടറി ജോഷി വർഗീസ് നെടിയപറമ്പിൽ, മേഖലാ കോഡിനേറ്റർ ഡി. ജോസഫ്, യൂണിറ്റ് വൈസ് പ്രസിഡന്റ് ജിജി എന്നിവർ പ്രസംഗിച്ചു. യൂണിറ്റിന്റെ ആദ്യകാല ഭാരവാഹികളായ കുര്യച്ചൻ മാളിയേക്കൽ, സെക്രട്ടറി പി.എം. ജോസഫ് പായിക്കാട്, മുൻ ചാസ് ഡയറക്ടർ ബോർഡംഗമായ ജോർജ് ജോസഫ് തോട്ടുങ്കൽ എന്നിവരെ ഡയറക്ടർ പൊന്നാട അണിയിച്ച് ആദരിച്ചു.

### ഓണച്ചന്ത

പൊടിപ്പാറ യൂണിറ്റിന്റെയും സ്വാശ്രയസംഘങ്ങളുടെയും നേതൃത്വത്തിൽ ഓഗസ്റ്റ് 27 ന് ഓണച്ചന്ത സംഘടിപ്പിച്ചു. ഏറ്റവുംനന്നായി സ്റ്റാൾ ക്രമീകരിച്ച് ഒന്നും രണ്ടും സ്ഥാനങ്ങൾ കരസ്ഥമാക്കിയ 'തളിർ', 'തണൽ' എന്നീ സംഘ ങ്ങൾക്ക് 1000/–, 500/– രൂപ വീതം കാഷ് അവാർഡ് നൽകി. 10 സ്വാശ്രയ സംഘങ്ങൾ പങ്കാളികളായി.

### മരിയഭവൻ സന്ദർശിച്ചു

ചേന്നങ്കരി യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 2 നു ഇടവകാംഗ ങ്ങളിൽനിന്നും വസ്ത്രങ്ങൾ ശേഖരിച്ച് പറവൂർ മരിയഭവനിൽ എത്തിച്ചുൽകി. കമ്മറ്റിയംഗങ്ങളായ ആശ വർഗീസ്, ജിൻസി മാത്യു എന്നിവർ നേതൃത്വം നൽകി.

## മാറ്റ് നിർമാണ പരിശീലനം

മുട്ടാർ ഓൾഡ് യൂണിറ്റിൽ സെപ്റ്റംബർ 2 നു മാറ്റ് നിർമാണത്തിൽ മേഖലാ കോഡിനേറ്റർ ആൻസി ലോനിച്ചൻ പരിശീലനം നൽകി. 18 വനിതകൾ പങ്കെടുത്തു. ഭാരവാഹികൾ നേതൃത്വം നൽകി.

## സ്വാശ്രയ വിപണി – സൺഡേ മാർക്കറ്റ്

മാന്നില യൂണിറ്റിൽ സെപ്റ്റംബർ 3 നു പ്രവർത്തനമാരംഭിച്ച സ്വാശ്രയ വിപണിയുടെയും സൺഡേ മാർക്കറ്റിന്റെയും ഉദ്ഘാടനം ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കലും വിപണിയുടെ ആശീർവാദകർമം യൂണിറ്റ് ഡയറക്ടർ ഫാ. ആന്റണി നെരയത്തും നിർവഹിച്ചു.

## സ്വാശ്രയസംഘ വാർഷികം

മുടിയൂർക്കര യൂണിറ്റിലെ 'സെന്റ് തെരേസാസ്' സ്വയം സഹായസംഘത്തിന്റെ 25–ാമതു വാർഷികസമ്മേളനം സെപ്റ്റംബർ 9 നു ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ഉദ്ഘാടനം ചെയ്തു. യൂണിറ്റ് ഡയറക്ടർ ഫാ. അബ്രാഹം കാടാത്തുകളം അദ്ധ്യക്ഷതവഹിച്ചു. സംഘത്തിലെ മുതിർന്ന അംഗവും സെക്രട്ടറിയുമായ ഗ്രേയ്സി ജയിംസിനെ ട്രഷറർ ലില്ലിക്കുട്ടി കുര്യാക്കോസ് പൊന്നാട അണിയിച്ചാദരിച്ചു. ജില്ലാ പഞ്ചായത്തംഗം ഡോ. റോസമ്മ സോണി, പഞ്ചായത്തംഗം ജയിംസ് തോമസ്, മേഖലാ കോഡിനേറ്റർ ടോം സി. തയ്യിൽ, യൂണിറ്റ് സെക്രട്ടറി ബിനു തോപ്പിൽ, സംഘം പ്രസിഡന്റ് ആലീസ് ബാബു, ജോസ് സെബാസ്റ്റ്യൻ, മേരിക്കുട്ടി ജോസഫ് എന്നിവർ പ്രസംഗിച്ചു. വിവിധ കലാപരിപാടികൾ നടത്തപ്പെട്ടു.

## സെമിനാർ സംഘടിപ്പിച്ചു

പുഴവാത് യൂണിറ്റിൽ സെപ്റ്റംബർ 10 നു 'ജീവിതശൈലീരോഗങ്ങളും പ്രതിരോധമാർഗങ്ങളും' എന്ന വിഷയത്തെ ആസ്പദമാക്കി ലെറീഷ് അലക്സ് പുതുപ്പറമ്പിൽ ക്ലാസ് നയിച്ചു. മൈക്രോ ക്രെഡിറ്റ് പ്രോഗ്രാമിനെക്കുറിച്ചും ചാസ് പ്രവർത്തനങ്ങളെക്കുറിച്ചും ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ സംസാരിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. ഫിലിപ്പ് കാഞ്ഞിക്കൽ അദ്ധ്യക്ഷതവഹിച്ചു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

വടക്കേ അമിച്ചകരി യൂണിറ്റിൽ സെപ്റ്റംബർ 17 നു വനിതകൾക്കുവേണ്ടി സെമിനാർ സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. അലക്സ് പാറപ്പുറം അദ്ധ്യക്ഷതവഹിച്ചു. 'സ്വാശ്രയസംഘങ്ങളും പ്രവർത്തനരീതികളും' എന്ന വിഷയത്തിൽ കോഡിനേറ്റർ ബിനു ജോസഫ് ക്ലാസ് നയിച്ചു. യൂണിറ്റ് പ്രസിഡന്റ് ദേവസ്യ പി.ഒ., സെക്രട്ടറി ജെസി ജോജി എന്നിവർ പ്രസംഗിച്ചു.

## സ്വാശ്രയസംഘ വാർഷികം

എടത്വാ 'ഐശ്വര്യ' സ്വാശ്രയസംഘത്തിന്റെ വാർഷികവും ഓണാഘോഷപരിപാടികളും സെപ്റ്റംബർ 14 നു നടത്തപ്പെട്ടു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

**പൊതുയോഗം**

പൊങ്ങന്താനം ചാസ് ഫാർമേഴ്സ് വെൽഫയർ പ്രൊഡ്യൂസർ കമ്പനിയുടെ പൊതുയോഗം നെടുങ്കുന്നം സെന്റ് ജോൺ ദ ബാപ്റ്റിസ്റ്റ് ഫൊറോനാ പള്ളി പാരീഷ് ഹാളിൽ ചേർന്നു. ചെയർമാൻ ജോർജ് തോമസ് അദ്ധ്യക്ഷതവഹിച്ചു. കേരളാ ഗവൺമെന്റ് ചീഫ് വിപ്പ് ഡോ. എൻ. ജയരാജ് ഉദ്ഘാടനം നിർവഹിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, നെടുങ്കുന്നം ഫൊറോനാ വികാരി ഫാ. വർഗീസ് കൈതപ്പറമ്പിൽ, മാടപ്പള്ളി ADA ഡോ. അനീന സൂസൻ സ്കറിയ, നെടുങ്കുന്നം കൃഷി ഓഫീസർ അനിൽ സെബാസ്റ്റ്യൻ, ഡയറക്ടർ കെ. വി. വർഗീസ് എന്നിവർ പ്രസംഗിച്ചു. കൃഷി വകുപ്പിന്റെ മികച്ച കർഷക അവാർഡ് ജേതാക്കളായ ജോയിമോൻ, തോമസ് സെബാസ്റ്റ്യൻ, കെ. വി. വർഗീസ്, ആൻസി ബാബു, എഡ്വിൻ മാത്യു എന്നിവരെ ആദരിച്ചു.

**സ്വാശ്രയസംഘ സംഗമം**

പൊങ്ങ യൂണിറ്റിന്റെ നേതൃത്വത്തിൽ സെപ്റ്റംബർ 05 നു സ്വാശ്രയസംഘ സംഗമം സംഘടിപ്പിച്ചു. സ്വയംതൊഴിൽസംരംഭങ്ങളുടെ ആവശ്യകതയെക്കുറിച്ചു കോഡിനേറ്റർ ബൈജു സി. സേവ്യർ ക്ലാസ് നയിച്ചു. യൂണിറ്റ് സെക്രട്ടറി പി.വി. സെബാസ്റ്റ്യൻ അദ്ധ്യക്ഷതവഹിച്ചു. കൺവീനർ ജോസഫ് സേവ്യർ ആശംസയർപ്പിച്ചു.

നർബോനപുരം യൂണിറ്റിൽ സെപ്റ്റംബർ 12 നു സ്വാശ്രയസംഘസംഗമം സംഘടിപ്പിച്ചു. 'സംരംഭങ്ങളും സാധ്യതകളും' എന്നവിഷയത്തിൽ കോഡിനേറ്റർ ബൈജു സി. സേവ്യർ ക്ലാസ് നയിച്ചു. യൂണിറ്റ് സെക്രട്ടറി തോമസ് ആന്റണി അദ്ധ്യക്ഷതവഹിച്ചു. കോഡിനേറ്റർ ബിനു ജോസഫ് ചർച്ചയ്ക്കു നേതൃത്വം നൽകി.

വെളിയനാട് സെന്റ് സേവ്യേഴ്സ് യൂണിറ്റിൽ സെപ്റ്റംബർ 16 നു സ്വാശ്രയ സംഘസംഗമം നടത്തി. സംഘാത്മക നേതൃത്വത്തെക്കുറിച്ച് കോഡിനേറ്റർ ബിനു ജോസഫ് ക്ലാസ് നയിച്ചു. യൂണിറ്റ് പ്രസിഡന്റ് ജോബ് മാത്യു അദ്ധ്യക്ഷതവഹിച്ചു. കുഞ്ഞമ്മ, മേഖലാ കോഡിനേറ്റർ ബൈജു സേവ്യർ എന്നിവർ പ്രസംഗിച്ചു.

**തയ്യൽ പരിശീലനം**

മാന്നില യൂണിറ്റിൽ ഓഗസ്റ്റ് 17 നു തയ്യൽ പരിശീലനമാരംഭിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. ആന്റണി നെരയത്ത് അദ്ധ്യക്ഷതവഹിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ഉദ്ഘാടനം നിർവഹിച്ചു. അസി. ഡയറക്ടർ ഫാ. ജോർജ് തൈച്ചേരിൽ ആശംസയർപ്പിച്ചു. 18 വനിതകൾ പരിശീലനത്തിൽ പങ്കെടുത്തുവരുന്നു.

പൊങ്ങ യൂണിറ്റിൽ തയ്യൽ പരിശീലനമാരംഭിച്ചു. സെപ്റ്റംബർ 12 നു യൂണിറ്റ് കൺവീനർ ജോസഫ് സേവ്യറുടെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ഉദ്ഘാടനം നിർവഹിച്ചു. കോഡിനേറ്റർമാരായ ബൈജു സി. സേവ്യർ, ബിനു ജോസഫ് എന്നിവർ പ്രസംഗിച്ചു.

നിസ്സി മോൻസിയുടെ നേതൃത്വത്തിൽ 20 വനിതകൾ പരിശീലനത്തിൽ പങ്കെടുത്തുവരുന്നു.

### ഹാർപ്പിക് നിർമാണ പരിശീനം

കൊടുപ്പുന്ന യൂണിറ്റിൽ സെപ്റ്റംബർ 16 നു 'ഹാർപ്പിക്' നിർമിക്കുന്നതിനു മേഖലാ കോഡിനേറ്റർ ആൻസി ലോനിച്ചൻ പരിശീലനം നൽകി. 22 വനിതകൾ പങ്കെടുത്തു. യൂണിറ്റു ഭാരവാഹികൾ നേതൃത്വം നൽകി.

### മേഖലാ എക്സിക്യുട്ടിവ്

വൈശ്യംഭാഗം യൂണിറ്റിൽ സെപ്റ്റംബർ 9 നു യൂണിറ്റ് ഡയറക്ടർ ഫാ. വർക്കി മണവത്തിന്റെ അദ്ധ്യക്ഷതയിൽ മേഖലാ എക്സിക്യുട്ടിവ് സംഘടിപ്പിച്ചു. മേഖലാതല പ്രവർത്തനങ്ങളുടെ വിലയിരുത്തലും വിശദീകരണവും കോഡിനേറ്റർ ബിനു ജോസഫ് നിർവഹിച്ചു. മേഖലാ പ്രസിഡന്റ് ലിജോ കടുക്കാശ്ശേരിൽ, വൈസ് പ്രസിഡന്റ് മോൾബി ജയ്മോൻ എന്നിവർ പ്രസംഗിച്ചു.

### യൂണിറ്റ് സന്ദർശനം

കൊണ്ടാക്കൽ യൂണിറ്റ് സെപ്റ്റംബർ 17 നു ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ സന്ദർശിച്ചു പ്രവർത്തനങ്ങൾ വിലയിരുത്തി ആവശ്യമായ മാർഗനിർദേശങ്ങൾ നൽകി. യൂണിറ്റ് ഡയറക്ടർ ഫാ. തോമസ് കൊച്ചുതറ സന്നിഹിതനായിരുന്നു.

### SLCA-IRCA സന്ദർശനം

കേന്ദ്ര സാമൂഹ്യനീതിശക്തീകരണ മന്ത്രാലയത്തിന്റെ കീഴിൽ ആലപ്പുഴ, തിരുവന്തപുരം ജില്ലകളിൽ പ്രവർത്തിക്കുന്ന 6 ഡി-അഡിക്ഷൻ സെന്ററുകളിൽ SLCA ടീമംഗങ്ങളായ ഫാ. ജിജു വർഗീസ്, റ്റി.എം. മാത്യു തച്ചിലേട്ട്, കാർമൽ ജോബി മാത്യു എന്നിവർ സന്ദർശിച്ചു പ്രവർത്തനങ്ങൾ വിലയിരുത്തുകയും ആവശ്യമായ നിർദേശങ്ങൾ നൽകുകയും ചെയ്തു.

| *തീയതി* | *സെന്റർ* |
|---|---|
| സെപ്റ്റംബർ 12 | അക്സപ്റ്റ് IRCA പുന്നപ്ര |
| സെപ്റ്റംബർ 18 | ഗാലക്സി CPLI തിരുവനന്തപുരം |
| സെപ്റ്റംബർ 18 | ഗാലക്സി ODIC തിരുവനന്തപുരം |
| സെപ്റ്റംബർ 18 | ഗാലക്സി IRCA തിരുവനന്തപുരം |
| സെപ്റ്റംബർ 19 | ബോധി IRCA തിരുവനന്തപുരം |
| സെപ്റ്റംബർ 19 | പ്രതീക്ഷ IRCA തിരുവനന്തപുരം |

■



# 2023 ഒക്ടോബർ 22 ന് ഒമ്പതാമത് അഖിലകേരള നവമാലിക മിഷൻക്വിസ്

## വെട്ടിക്കൽപുരയിടം സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിൽ

ബഹുമാനപ്പെട്ട അച്ചാ,

അഖിലലോക മിഷൻ മധ്യസ്ഥയും വേദപാരംഗതയുമായ വിശുദ്ധ കൊച്ചുത്രേസ്യായുടെ ആത്മകഥയായ 'നവമാലിക'യെ ആസ്പദമാക്കി ഒമ്പതാമത് അഖിലകേരള നവമാലിക മിഷൻ ക്വിസ് വെട്ടിക്കൽപുരയിടം സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിൽ **2023 ഒക്ടോബർ 22** നു നടത്തപ്പെടുന്നു.

ഫാ. ഹെർമൻ നൊണ്ടിമാക്കൽ OCDയുടെ നവമാലിക മലയാള വിവർത്തനത്തെ ആസ്പദമാക്കിയാണ് മത്സരം സംഘടിപ്പിക്കുന്നത്. അങ്ങയുടെ ഇടവകയിൽനിന്നും പങ്കെടുക്കുന്നവരുടെ പേരുകൾ **ഒക്ടോബർ 15 നു മുമ്പായി രജിസ്റ്റർ ചെയ്യണമെന്ന്** അറിയിക്കുന്നു. https://surveyheart.com/form/6470fccf3ce7a45400829cf8 എന്ന ലിങ്കിലൂടെ ഓൺലൈനായും പേരുകൾ ലിസ്റ്റായി നൽകി 8893437695 എന്ന വാട്സ്ആപ്പ് നമ്പറിലൂടെയും രജിസ്റ്റർ ചെയ്യാവുന്നതാണ്.

**ഒന്നാം സമ്മാനം: 5001 രൂപയും ട്രോഫിയും പ്രശസ്തിപത്രവും**

**രണ്ടാംസമ്മാനം: 3001 രൂപയും ട്രോഫിയും പ്രശസ്തിപത്രവും**

**മൂന്നാം സമ്മാനം: 1001 രൂപയും ട്രോഫിയും പ്രശസ്തിപത്രവും**

***ആകർഷകമായ മറ്റു പ്രോത്സാഹനസമ്മാനങ്ങളും***

**രജിസ്ട്രേഷൻ ഫീസ് 200 രൂപ**

പന്ത്രണ്ടാം ക്ലാസ് വരെയുള്ള സൺഡേസ്കൂൾ കുട്ടികൾക്കു പങ്കെടുക്കാം. രണ്ടുപേരടങ്ങുന്നതാണ് ടീം. സീറോമലബാർ, സീറോമലങ്കര, ലത്തീൻ റീത്തുകളിൽപെട്ട ഇടവകകൾക്കു മത്സരത്തിൽ പങ്കെടുക്കാം. വികാരിയച്ചന്റെ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. ജോൺസൺ ചാലയ്ക്കൽ**
(ഡയറക്ടർ, 8893437695)

**സി. റ്റി. സേവ്യർ കരിപ്പൂർ**
(കൺവീനർ, 9446709988)

# ജീവകാരുണ്യനിധി ട്രസ്റ്റ്

## കളർ എ ഡ്രീം ഉന്നതവിദ്യാഭ്യാസപദ്ധതി

കളർ എ ഡ്രീം പദ്ധതിയിലേക്കു **2023 ഓഗസ്റ്റ് 19 മുതൽ 2023 സെപ്റ്റംബർ 20 വരെ** വിവിധ ഇടവക/സംഘടനകളിൽനിന്നും ലഭിച്ച സംഭാവനകൾ

| | ഇടവക/സംഘടന | തുക |
|---|---|---|
| 1. | ലൂർദ് മാതാ ചർച്ച് പച്ച – ചെക്കിടിക്കാട് | 119000 |
| 2. | സെന്റ് ആന്റണീസ് ചർച്ച് മുണ്ടത്താനം | 100000 |
| 3. | സെന്റ് ജോസഫ്സ് ചർച്ച് കുറിച്ചി | 50000 |
| 4. | സെന്റ് ജോസഫ്സ് ചർച്ച് ഫിൽഗിരി | 50000 |
| 5. | സെന്റ് ജോർജ് ചർച്ച് തോട്ടക്കാട് | 30000 |
| 6. | സെന്റ് തോമസ് ചർച്ച് പെരുങ്കാവ് | 28000 |
| 7. | സെന്റ് മേരീസ് ചർച്ച് ആര്യങ്കാവ് | 15000 |
| 8. | സെന്റ് മേരീസ് ബസിലിക്ക ചമ്പക്കുളം | 13000 |

■

# ഹെസദ് 2023

### കുടുംബക്കൂട്ടായ്മ ലീഡേഴ്സിന്റെ മഹാസംഗമം

### നവംബർ 11ന്

അഭി. പിതാവ് മൂന്നുവർഷത്തിൽ ഒരിക്കൽ വിളിച്ചുകൂട്ടുന്ന കുടുംബക്കൂട്ടായ്മ ലീഡേഴ്സിന്റെ മഹാസംഗമം **ഹെസദ് 2023** നവംബർ 11 രണ്ടാം ശനിയാഴ്ച സെന്റ് ബർക്മൻസ് കോളേജിലെ കാവുകാട്ട് ഹാളിൽ നടത്തപ്പെടുന്നു. ഇടവകയിൽനിന്നുള്ള കുടുംബക്കൂട്ടായ്മ ലീഡേഴ്സ്, സെക്രട്ടറിമാർ, ആനിമേറ്റർ സിസ്റ്റേഴ്സ് എന്നിവരെ ഇതിൽ പങ്കെടുപ്പിക്കേണ്ടതാണ്. രാവിലെ 9 മണി ആരംഭിച്ച് ഉച്ചഭക്ഷണത്തോടെ സമാപിക്കും. രജിസ്ട്രേഷൻ ഫീസ് ഒരാൾക്ക് 100 രൂപയാണ്. മുതിർന്നവരുടെ വിശ്വാസ പരിശീലനുവേണ്ടിയുള്ള ഇടവകഫണ്ടിൽനിന്നാണ് പ്രസ്തുത ചെലവ് വഹിക്കേണ്ടത്.

# ദീപിക ഫ്രണ്ട്സ് ക്ലബ് (DFC)

ഈശോയിൽ പ്രിയ അച്ചന്മാരേ, സമർപ്പിതരേ, DFC പ്രവർത്തകരേ, കുടുംബ ക്കൂട്ടായ്മ ഭാരവാഹികളേ,

ദീപികയെ സ്നേഹിച്ച് അതിനെ നെഞ്ചിലേറ്റുകയും അതിന്റെ പ്രചാരകരും പ്രചോദകരുമാകുകയും ചെയ്ത നിങ്ങൾക്കു സ്നേഹപൂർവം മംഗളങ്ങളും നന്ദിയും നേരുന്നു. അതിരൂപതയിലെ ദീപിക ഫ്രണ്ട്സ് ക്ലബ് കൂടുതൽ ഊർജ സ്വലതയോടെ മുന്നോട്ടുപോകുന്നുവെന്ന് അഭിമാനപൂർവം അറിയിക്കട്ടെ.

**അതിരൂപതാസമിതിയുടെ ഇടവകതലസന്ദർശനവും DFC യൂണിറ്റ് പുനഃസംഘ ടനയും**

ഓഗസ്റ്റ്-സെപ്റ്റംബർ മാസങ്ങളിലായി എടത്വാ, ചങ്ങനാശേരി, മണിമല, തുരുത്തി, മുഹമ്മ, കോട്ടയം, ആലപ്പുഴ, പുളിങ്കുന്ന് ഫൊറോനകളിലെ ഇടവക കളിൽ DFC അതിരൂപതാ ഭാരവാഹികൾ ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ സന്ദർ ശിക്കുകയും ദീപിക ഫ്രണ്ട്സ് ക്ലബുകൾ പുനരുജ്ജീവിപ്പിക്കുകയും ചെയ്തു. കുടുംബക്കൂട്ടായ്മാ ഭാരവാഹികളും DFC പ്രവർത്തകരും ഒന്നുചേർന്നു പ്രവർ ത്തിക്കുന്നതിൽ നന്ദിയും അഭിനന്ദനവുമറിയിക്കുന്നു.

**ഫൊറോനകളിൽ കെരിഗ്മ കൺവൻഷനും DFC ഫൊറോനാസമിതി തെരഞ്ഞെ ടുപ്പും**

ജോർജ് മാന്തുരുത്തിലച്ചന്റെ നേതൃത്വത്തിൽ ഫാ. പോൾ വേങ്ങാശ്ശേരി, ഫാ. ക്ലിന്റ് വെട്ടുകുഴിയിൽ MCBS എന്നീ വചനപ്രഘോഷകരുടെ നേതൃത്വത്തിൽ എടത്വാ സെന്റ് ജോർജ് ഫൊറോന, മുഹമ്മ സെന്റ് ജോർജ് ഫൊറോന, തുരു ത്തി സെന്റ് മേരീസ് ഫൊറോന, മണിമല സെന്റ് മാഗി ഫൊറോന, കോട്ടയം ലൂർദ്ദ് ഫൊറോന, ആലപ്പുഴ മാർ സ്ലീവാ ഫൊറോന, പുളിങ്കുന്ന് സെന്റ് മേരീസ് ഫൊറോന, അമ്പൂരി സെന്റ് ജോർജ് ഫൊറോന എന്നീ ദൈവാലയങ്ങളിൽ ക്ര മീകരിച്ച കെരിഗ്മ കൺവൻഷനുകളിൽ കുടുംബക്കൂട്ടായ്മാ ലീഡേഴ്സും DFC പ്രവർത്തകരും പങ്കെടുത്തു. നേതൃത്വംവഹിച്ച ഫൊറോനാ ഡയറക്ടറച്ചന്മാ രെയും കുടുംബക്കൂട്ടായ്മ - DFC ഫൊറോനാ ഡയറക്ടറച്ചന്മാരെയും ആനിമേറ്റർ സിസ്റ്റേഴ്സിനെയും ഇടവകവികാരിയച്ചന്മാരെയും നന്ദിയോടെ ഓർക്കുന്നു.

**സന്ദർശനങ്ങൾ തുടരുന്നു**

മറ്റു ഫൊറോനകളിലെ ഇടവകകളിൽ സന്ദർശനവും ഫൊറോനാകേന്ദ്രങ്ങ ളിൽ കെരിഗ്മ കൺവൻഷനുകളും ഒക്ടോബർമാസം പൂർത്തിയാകുന്നതാണ്.

**ദീപിക തീവ്രപ്രചരണം നവംബറിൽ**

പത്രപ്രവർത്തനദീപം സഭയിലും പൊതുസമൂഹത്തിലും തെളിയിക്കുന്ന നമ്മുടെ സ്വന്തം ദീപികയുടെ പ്രചരണം കൂടുതൽ ശക്തമാക്കുവാൻ നവംബർ മാസം മാറ്റിവച്ചിരിക്കുകയാണ്. ഇടവകകളിൽ പുതുതായി രൂപംകൊണ്ട പാരീഷ് കൗൺസിലിൽ കുടുംബക്കൂട്ടായ്മ ലീഡേഴ്സും മതാദ്ധ്യാപകരും സംഘടനാ പ്രവർത്തകരും ദീപികയുടെ വരിക്കാരാകണമെന്നുള്ള അഭി. മാർ ജോസഫ് പെരുന്തോട്ടം പിതാവിന്റെ ആഹ്വാനമനുസരിച്ച് ഒക്ടോബർമാസം നേതൃ

നിരയെ വരിക്കാരാക്കാൻ പരിശ്രമിക്കാം. കുടുംബക്കൂട്ടായ്മകൾവഴി അതിനുള്ള മുന്നൊരുക്കങ്ങൾ ആരംഭിക്കാം.

**ഓരോ ഇടവകയിലും DFC ഭാരവാഹികളും കുടുംബക്കൂട്ടായ്മ ലീഡേഴ്സും ദീപികയുടെ പ്രചാരകർ**

ദീപിക പ്രചരണത്തിനും വരിക്കാരെ കണ്ടെത്തുന്നതിനും ദീപികയുടെ വിതരണം കാര്യക്ഷമമാക്കുന്നതിനുമായി ഓരോ ഇടവകയിലും DFC ഭാരവാഹികളും കുടുംബക്കൂട്ടായ്മാ ലീഡേഴ്സും നേതൃത്വം ഏറ്റെടുക്കണമെന്നാണ് അഭി. മാർ ജോസഫ് പെരുന്തോട്ടം പിതാവിന്റെ നിർദേശം.

ഈ ലക്ഷ്യം നേടുവാൻ 4 കാര്യങ്ങൾ നടപ്പിലാക്കാം;

1. DFC ഇല്ലാത്ത ഇടവകകളിൽ ഒക്ടോബറിൽ രൂപീകരിക്കുക.

2. കുടുംബക്കൂട്ടായ്മ ലീഡേഴ്സ് അതാതു കൂട്ടായ്മകളിൽ ദീപികവരിക്കാരുടെ രജിസ്റ്റർ തയ്യാറാക്കുകയും മാസവരിയാണോ വാർഷികവരിയാണോയെന്നു രേഖപ്പെടുത്തുകയും ചെയ്യുക.

3. വാർഷികവരിസംഖ്യ/അർദ്ധവാർഷികവരിസംഖ്യാ വരിക്കാരാണെങ്കിൽ എന്നാണ് പുതുക്കേണ്ടതെന്നു രേഖപ്പെടുത്തി അവരെ നേരത്തെ ഓർമിപ്പിച്ചു സർക്കുലേഷൻ സുഗമമായി വളർത്തിക്കൊണ്ടുവരാൻവേണ്ട തുടർകാര്യങ്ങൾ ചെയ്യുക.

4. ഇടവകകളിലെ കുടുംബക്കൂട്ടായ്മകളിൽനിന്നും DFC ഭാരവാഹികളിൽനിന്നും യോഗ്യരായവരെ കണ്ടെത്തി ദീപികയില്ലാത്ത കുടുംബങ്ങളിൽ സ്ക്വാഡ് വർക്ക് നടത്തി പുതിയവരിക്കാരെ കണ്ടെത്താനുള്ള പരിശ്രമം നവംബർ മാസമുണ്ടാകണം. ദീപിക തീവ്രപ്രചരണം വലിയ വിജയമാക്കാൻ എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.


**ഫാ. ജോർജ് മാന്തുരുത്തിൽ**
*(ഡയറക്ടർ)*
9447432531

**ആന്റണി തോമസ് മലയിൽ**
9446342561
**ആൻസി മാത്യു ചേന്നോത്ത്**
9447390669
*(പ്രസിഡന്റ്സ്)*

**സണ്ണി പുളിങ്കാലായിൽ**
9539125164
**പരിമൾ ആന്റണി അറയ്ക്കത്തറ**
9495393890
*(ജനറൽ സെക്രട്ടറീസ്)*


**ഇടവകകളിൽ ദീപിക ഡ്രീംലൈൻ വർക്ക് നടത്താനാഗ്രഹിക്കുന്നവർ വിളിക്കുക**

**വർഗീസ് ഡൊമിനിക്– 9400390539, കോര സി. – 9495445827, വർക്കി ഇ.വി. – 9349599028, ജോജോ– 9847361030, അനൂപ് സെബാസ്റ്റ്യൻ– 9400751229**

■

# ആതുരശുശ്രൂഷാമേഖല

## സെന്റ് തോമസ് ഹോസ്പിറ്റൽ ചെത്തിപ്പുഴ

### ഡോക്ടറെ കാണാൻ ഇനി സമയം നോക്കേണ്ട

തിരക്കേറിയ ജീവിതത്തിൽ രോഗികളുടെ സമയം എത്ര വിലപ്പെട്ടതാണെന്നു ഹോസ്പിറ്റൽ മനസ്സിലാക്കുന്നു. സെന്റ് തോമസ് ആശുപത്രിയിൽ ഡോക്ടറെ കാണാൻ ഇനി സമയം നോക്കേണ്ട. സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങളും സ്പെഷ്യാലിറ്റി സേവനങ്ങളുമായി പൂർണസജ്ജമായ മെഡിക്കൽ ടീം വൈകുന്നേരങ്ങളിലും നിങ്ങൾക്കൊപ്പമുണ്ട്. **ലഭ്യമായ ഡിപ്പാർട്ടുമെന്റുകൾ:** ജനറൽ മെഡിസിൻ, പീഡിയാട്രിക്സ്, ഓർത്തോപീഡിക്സ്, ഓങ്കോളജി, ഡയബറ്റോളജി, നെഫ്രോളജി, പൾമണോളജി, യൂറോളജി, റുമറ്റോളജി, ഗ്യാസ്ട്രോഎൻട്രോളജി, ഇ.എൻ.ടി., ഡെന്റിസ്ട്രി, എന്റൊക്രൈനോളജി, ജനറൽ & ലാപ്രസ്കോപിക് സർജറി, സൈക്യാട്രി, ക്ലിനിക്കൽ സൈക്കോളജി, ഡെർമറ്റോളജി & കോസ്മെറ്റോളജി.

### പുതുതായി ചുമതലയേറ്റു

ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിൽ ഡോ. പ്രണവ് എൻ. സജി (Consultant Neonatologist) ചുമതലയേറ്റു. Expertise in Neonatal Ventilation, Conventional & High Frequency Ventilation, Care of Extreme Low Birth Weight Babies (<1kg), Neonatal Emergenciesm Special Skills, Post-Operative Care of Various Complicated Neonatal Surgeries. മാതൃ-ശിശു സൗഹൃദ ആശുപത്രിയായ സെന്റ് തോമസിൽ ജനിക്കുന്ന നവജാതശിശുക്കൾക്ക് ഏറ്റവും മികച്ച ചികിത്സ ഉറപ്പു നൽകുന്നു.

### ദേശീയ പോഷകാഹാരവാരം

ആശുപത്രിയിലെ ക്ലിനിക്കൽ ന്യൂട്രിഷൻ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 06, 07 തീയതികളിൽ ദേശീയ പോഷകാഹാരവാരം വിപുലമായ പരിപാടികളോടെയാചരിച്ചു. പച്ചക്കറികളുടെയും വിത്തുകളുടെയും പ്രദർശനം, പാചകമത്സരം, പോസ്റ്റർ മത്സരം, ന്യൂട്രീഫൺ ഗെയിമുകൾ, ഫിറ്റ്നസ് ചലഞ്ച് എന്നീ മത്സരങ്ങൾ സംഘടിപ്പിച്ചു. കുട്ടികൾ, കൗമാരക്കാർ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവരിൽ പോഷകത്തിന്റെ പ്രാധാന്യമെത്തിക്കുകയെന്ന ലക്ഷ്യത്തോടെയാണ് സെപ്റ്റംബർ ഒന്നുമുതൽ ഏഴുവരെ ഇന്ത്യയിൽ ദേശീയ പോഷകാഹാരവാരം ആഘോഷിക്കുന്നത്. സാമ്പത്തികസ്ഥിതിയോ സാമൂഹികപശ്ചാത്തലമോ പരിഗണിക്കാതെ എല്ലാവർക്കും പോഷകസമൃദ്ധമായ ഭക്ഷണം ലഭ്യമാക്കേണ്ടതിന്റെ പ്രാധാന്യം ഈ വർഷത്തെ പ്രമേയമായ ''ഹെൽത്തി ഡയറ്റ് ഗോയിങ് അഫൊർഡബിൾ ഫോർ ഓൾ'' ഊന്നിപ്പറയുന്നു.

### രക്തദാന ക്യാമ്പ്

മണർകാട് സെന്റ് മേരീസ് കോളേജ് നാഷണൽ സർവീസ് സ്കീം യൂണിറ്റിന്റെ നേതൃത്വത്തിൽ ആശുപത്രിയുടെ സഹകരണത്തോടെ കോളേജിലെ വിദ്യാർഥികൾക്കായി രക്തദാന ക്യാമ്പ് സെപ്റ്റംബർ 14 നു സംഘടിപ്പിച്ചു.

കൺസൾട്ടന്റ് പാത്തോളജിസ്റ്റ് ഡോ. ഹന്ന അബ്ദുൽ കരീം നേതൃത്വം നൽകി.

**സൗജന്യ മെഡിക്കൽക്യാമ്പ്**

മണിമല സെന്റ് തോമസ് ഹെൽത്ത് സെന്ററിന്റെയും മണിമല ഗവ. എൽ.പി. സ്കൂളിന്റെയും സംയുക്താഭിമുഖ്യത്തിൽ സൗജന്യ മെഡിക്കൽ ക്യാമ്പ് സെപ്റ്റംബർ 16 നു നടത്തി. വെള്ളാവൂർ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ജലജ മോഹൻ മെഡിക്കൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. PTA പ്രസിഡന്റ് പ്രിയങ്ക എസ്. നായർ അദ്ധ്യക്ഷതവഹിച്ച സമ്മേളനത്തിൽ ഹെഡ്മാസ്റ്റർ സിജോ പി. ജോസഫ്, ഷിനിമോൾ ടി.കെ., PRO എബിൻ ജയിംസ്, സജിത പി.ജി. എന്നിവർ പ്രസംഗിച്ചു. ഡോ. നിഖിൽ തോമസ് നേതൃത്വം നൽകി.

**ഫാ. മാർട്ടിൻ മുപ്പതിൽചിറ**
**ഫാ. ജേക്കബ് അത്തിക്കളം**
**ഫാ. തോമസ് പുതിയിടം**
*(അസോസിയേറ്റ് ഡയറക്ടേഴ്സ്)*

**ഫാ. ജയിംസ് പി. കുന്നത്ത്**
*(എക്സിക്യുട്ടിവ് ഡയറക്ടർ)*

## സഹൃദയ ഹോസ്പിറ്റൽ ആലപ്പുഴ

**ലോക ഫിസിയോതെറപ്പി ദിനാചരണം നടത്തി**

ലോക ഫിസിയോതെറപ്പിദിനത്തോടനുബന്ധിച്ച് ആശുപത്രിയിൽ സെപ്റ്റംബർ 08 നു ദിനാചരണവും ഫിസിയോതെറപ്പിദിന സന്ദേശംനൽകുന്ന വീഡിയോ പ്രദർശനവും നടത്തി. ഫിസിയോതെറപ്പിവിഭാഗം സീനിയർ ഫിസിയോ തെറപ്പിസ്റ്റ് മനോജ് ഉമ്മൻ ഫിസിയോതെറപ്പിദിന സന്ദേശംനൽകി. ചീഫ് മെഡിക്കൽ ഓഫീസറും ജനറൽ മെഡിസിൻ വിഭാഗം മേധാവിയുമായ ഡോ. കെ. പി. ഹെഗ്ഡെ, ഓർത്തോപീഡിക് വിഭാഗം ഡോ. ആസാദ്, ഡോ. ശിവസുബ്രഹ്മണ്യൻ, ന്യൂറോ മെഡിസിൻ വിഭാഗം ഡോ. ആശ, ജനറൽ മെഡിസിൻ വിഭാഗം ഡോ. ഗോവിന്ദ്, പീഡിയാട്രിക് വിഭാഗം ഡോ. സുമ മേരി എന്നിവർ ആശംസകളർപ്പിച്ചു. ദിനചാരണത്തോടനുബന്ധിച്ചു മധുരവിതരണം നടത്തുകയും ചെയ്തു.

**SAH ഡയാലിസിസ് യൂണിറ്റ് വാർഷികാഘോഷവും സൗജന്യ ഡയാലിസിസും**

ആശുപത്രിയിൽ SAH ഡയാലിസിസ് യൂണിറ്റിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് നാൽപ്പതോളം വൃക്കരോഗികൾക്കു സൗജന്യമായി ഡയാലിസിസും ജോയി ആലുക്കാസ് ഗ്രൂപ്പ് സ്പോൺസർ ചെയ്ത ഡയലൈസർ കിറ്റ് വിതരണവും നടത്തി. ഡയാലിസിസ് യൂണിറ്റങ്കണത്തിൽ നടത്തപ്പെട്ട വാർഷികാഘോഷപരിപാടികളുടെ ഉദ്ഘാടനകർമം സഹൃദയ എക്സി. ഡയറക്ടർ ഫാ. തോമസ് മാളിയേക്കൽ നിർവഹിച്ചു. 2021 സെപ്റ്റംബർ 09 ന് ആരംഭിച്ച SAH ഡയാലിസിസ് യൂണിറ്റ് ആലപ്പുഴയിൽ ഏറ്റവുംകുറഞ്ഞ ചിലവിലാണ് ഡയാലിസിസ് ചികിത്സ നടപ്പിലാക്കിവരുന്നതെന്നും ഭാവിയിൽ തികച്ചും സൗജന്യമായി ഈ ചികിത്സ വൃക്കരോഗികൾക്കു ലഭ്യമാക്കുവാനുള്ള സഹൃദയയുടെ പുതിയ പദ്ധതിയായ സഹൃദയ സഞ്ജീവനി ഡയാലിസിസ് പ്രോഗ്രാം

സുമനസ്സുകളുടെ സഹായത്തോടെ ഉടനാരംഭിക്കുമെന്നും ഉദ്ഘാടനം ചെയ്തു സംസാരിക്കവേ ഫാ. തോമസ് മാളിയേക്കൽ പറഞ്ഞു. രോഗികൾക്കുള്ള പ്രത്യേക പ്രാർത്ഥനകളും നടത്തപ്പെട്ടു. ആശുപത്രിയുടെ നെഫ്രോളജി വിഭാഗം മേധാവി ഡോ. വിനോദ് ചന്ദ്രൻ, ജോയി ആലുക്കാസ് ആലപ്പുഴ ബ്രാഞ്ച് അസി. മാനേജർ, PRO, രോഗികളുടെ ബന്ധുമിത്രാദികൾ, സ്റ്റാഫംഗങ്ങൾ എന്നിവർ പങ്കുചേർന്നു.

**വേൾഡ് സൂയിസൈഡ് പ്രിവെൻഷൻ ദിനാചരണം**

ഹോസ്പിറ്റലിൽ സെപ്റ്റംബർ 10 ഞായറാഴ്ച വേൾഡ് സൂയിസൈഡ് പ്രിവെൻഷൻ ദിനചാരണം നടത്തി. എമർജൻസി മെഡിസിൻ വിഭാഗം ഡോ. അരുൺ എ. അന്നേദിവസം ആശുപത്രിയിൽലെത്തിച്ചേർന്നവർക്കായി ബോധവത്ക്കരണ സന്ദേശംനൽകി. വിവിധ ഡിപ്പാർട്ടുമെന്റ് സ്റ്റാഫുകളുടെ സഹകരണത്തോടെ സൂയിസൈഡ് പ്രിവെൻഷൻ മെസ്സേജ് നൽകുന്ന പോസ്റ്റർ പ്രസന്റേഷൻ സംഘടിപ്പിക്കുകയും ചെയ്തു.

**സൗജന്യ മെഡിക്കൽ ക്യാമ്പ്**

സഹൃദയ ആശുപത്രിയുടെയും പൊന്നാട് ഹോപ്പ് ഇന്ത്യയുടെയും സംയുക്താഭിമുഖ്യത്തിൽ സൗജന്യ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. പൊന്നാട് അൽ ഹിദായ എജ്യുക്കേഷണൽ കോംപ്ലക്സിൽ നടത്തപ്പെട്ട മെഡിക്കൽ ക്യാമ്പ് അഡ്വ. ആർ. റിയാസ് ഉദ്ഘാടനം ചെയ്തു. ജനപ്രതിനിധികളും ജീവകാരുണ്യ സംഘടനാനേതാക്കളും പങ്കെടുത്ത സമ്മേളനത്തിൽ ജനറൽ സെക്രട്ടറി അഫ്സൽ നെല്ലിക്കൽ സ്വാഗതമാശംസിച്ചു. ചെയർമാൻ എ. മുഹമ്മദുകുഞ്ഞ് അധ്യക്ഷതവഹിച്ചു. എക്സി. ഡയറക്ടർ ഫാ. തോമസ് മാളിയേക്കൽ, നഴ്സിങ് സൂപ്രണ്ട് സി. സിനി ആന്റണി എന്നിവർ ആശംസകളർപ്പിച്ചു സംസാരിച്ചു. ജനറൽ മെഡിസിൻ വിഭാഗം മേധാവിയും ആശുപത്രിയുടെ ചീഫ് മെഡിക്കൽ ഓഫീസറുമായ ഡോ. കെ.പി. ഹെഗ്ഡെ, അസ്ഥിരോഗ വിഭാഗം ഡോ. ശിവസുബ്രഹ്മണ്യൻ, ത്വക്കുരോഗ വിഭാഗം ഡോ. മറിയം ജോർജ്, ഇ.എൻ.ടി. വിഭാഗം ഡോ. പ്രശാന്ത് എന്നിവർ നേതൃത്വം നൽകി. ക്യാമ്പിന്റെ ഭാഗമായി സൗജന്യ മരുന്നുവിതരണവും അമ്പത്തിരണ്ടു ലാബ് ടെസ്റ്റുകളും ക്രമീകരിച്ചു. പബ്ലിക് റിലേഷൻസ് ഓഫീസേഴ്സായ എബി അഗസ്റ്റിൻ, അബ്ദുൾ സലാം, മാലിക് ഹോപ്പ് ഇന്ത്യയുടെ ഭാരവാഹികളായ നൗഷാദ് പുതുവീട്, ഷിഹാബ് വട്ടച്ചിറ, സിയാദ് ആശാൻ, ആസിഫ് തറയിൽ, സാദത്ത് ആശാൻ, അഫ്സൽ കളത്തിൽ, സലീം ചുള്ളന, റിജാസ് നടുവത്തേഴം, യൂസഫ് കറ്റാണം, ഹാശിഫ് കളത്തിൽ, സലീം മുളക്കിൽ, ശഫീഖ് കൂട്ടുങ്കൽ, ബഷീർ പക്കിവെളി, അനസ് കോവൂസ്, നൗഷാദ് പി.കെ, അസ്‌ലം പൊന്നാട് തുടങ്ങിയവർ നേതൃത്വം നൽകി.

**ഫാ. ആന്റോ ആന്റണി പെരുമ്പള്ളിത്തറ**
*(അസിസ്റ്റന്റ് ഡയറക്ടർ)*

**ഫാ. തോമസ് മാളിയേക്കൽ**
*(എക്സിക്യൂട്ടിവ് ഡയറക്ടർ)*

■

# എൽഡേഴ്സ് ഫ്രറ്റേണിറ്റി

### ഗ്രേസ്ഫുൾ സീനിയർ സിറ്റിസൺസ് ധ്യാനം 3

പ്രായമുള്ളവർക്കുവേണ്ടി താമസിച്ചുനടത്തുന്ന മൂന്നാമത്തെ ധ്യാനം നവംബർ 26 മുതൽ 29 വരെ കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ നടത്തുന്നു. കഴിഞ്ഞ ധ്യാനങ്ങളിൽ പങ്കെടുത്തവരെല്ലാം നല്ലയനുഭവങ്ങളാണ് പങ്കുവച്ചത്. പ്രായമായവർക്ക് ഈ ധ്യാനത്തിൽ പങ്കെടുക്കുവാനുള്ള പ്രോത്സാഹനം നൽകമെന്നു വികാരിയച്ചന്മാരോട് അഭ്യർത്ഥിക്കുന്നു.

**രജിസ്ട്രേഷൻ ഫീസ് + താമസം + ഭക്ഷണം – 1000 രൂപ**

**9495107045, 8086399023**

### സീനിയർ സിറ്റിസൺസ് ധ്യാനം 1 & 2

ആദ്യധ്യാനത്തിൽ നാൽപ്പതുപേരും രണ്ടാമത്തെ ധ്യാനത്തിൽ അറുപത്തിയെട്ടുപേരും പങ്കെടുത്തു. എൺപത്തിയേഴു വയസുള്ളവർവരെയുണ്ടായിരുന്നു. ആദ്യധ്യാനം അഭി. മാർ ജോസഫ് പെരുന്തോട്ടം പിതാവും രണ്ടാമത്തെ ധ്യാനം അഭി. മാർ തോമസ് തറയിൽ പിതാവും ഉദ്ഘാടനം ചെയ്തു. അതിരൂപതാ സിഞ്ചെള്ളൂസ് പെരിയ ബഹു. ജോസഫ് വാണിയപ്പുരക്കൽ സന്ദേശംനൽകി. ഫാ. മാത്യു തുമ്പയിൽച്ചിറയിൽ, ഫാ. തോമസ് പ്ലാപ്പറമ്പിൽ, ഫാ. പോൾ വേങ്ങാശ്ശേരി, ഫാ. ഐസക് മുണ്ടുനടയ്ക്കൽ, ഡോ. ജോസ് ജോസഫ്, സി. ഡോ. പ്രീതി LSDP എന്നിവർ ക്ലാസുകളെടുത്തു. എല്ലാവർക്കും രോഗീലേപന കൂദാശ നൽകി. പങ്കെടുത്തവർ സന്തോഷകരമായ അനുഭവങ്ങൾ പങ്കുവച്ചു. പ്രസ്തുത ധ്യാനത്തിന്റെ കാര്യം പള്ളികളിലറിയിച്ച് അവരെ പറഞ്ഞയച്ച വികാരിയച്ചന്മാർക്കു നന്ദിനേരുന്നു.

ഇടവകകളിൽ സീനിയർ സിറ്റിസൺസ് സംഗമങ്ങളും രോഗീദിനാചരണങ്ങളും നടത്തുന്നതിനു വിളിക്കാൻ മറക്കരുത്.

**ഫാ. തോമസ് പ്ലാപ്പറമ്പിൽ**
*(ഡയറക്ടർ)*

■



# ഫാ. ജെ.സി. കയ്യാലകം സ്മാരക അഖിലകേരള ബൈബിൾ ക്വിസ് മത്സരം

**2023 നവംബർ 12 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 ന്**
**ഇത്തിത്താനം സെന്റ് മേരീസ് പള്ളിയിൽ**

പുണ്യചരിതനും ഇത്തിത്താനം കുന്നേപ്പള്ളിയുടെ സ്ഥാപകനും ഇടവക സമൂഹത്തിനു വിശ്വാസം പകർന്നുനൽകുകയും ചെയ്ത ജെ.സി. കയ്യാലകം അച്ചന്റെ സ്മരണാർത്ഥം ഇടവകയുടെ ശതാബ്ദിയോടനുബന്ധിച്ച് ബൈബിൾ ക്വിസ് മത്സരം 2023 നവംബർ 12 ഉച്ചകഴിഞ്ഞ് 2 മണിക്കു നടത്തപ്പെടുന്നു. ഈ മത്സരത്തിന് ഓരോ ഇടവകകളിൽനിന്നും മത്സരാർത്ഥികളെ അയച്ച് പ്രസ്തുത സംരംഭം വിജയിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. ആന്റണി പോരൂക്കര**
(വികാരി)

**ഫാ. സെബാസ്റ്റ്യൻ നടുത്തുണ്ടത്തിൽ**
(ഡയറക്ടർ)

## പഠനവിഷയങ്ങൾ

1. ജോഷ്വാ 13 മുതൽ 24 വരെ അധ്യായങ്ങൾ
2. പ്രഭാഷകൻ 27 മുതൽ 33 വരെ അദ്ധ്യായങ്ങൾ
3. ലൂക്കാ 1 മുതൽ 8 വരെ അദ്ധ്യായങ്ങൾ
4. 2 കോറിന്തോസ് 1 മുതൽ 6 വരെ അദ്ധ്യായങ്ങൾ
5. സഭാപരമായ ചോദ്യങ്ങൾ
6. കയ്യാലകം അച്ചനെക്കുറിച്ചുള്ള ചോദ്യങ്ങൾ (PDF നൽകുന്നതാണ്)

## സമ്മാനങ്ങൾ

**1-ാം സമ്മാനം**
**5000 രൂപ, എവർറോളിംഗ് ട്രോഫി**
**2-ാം സമ്മാനം**
**3000 രൂപ, എവർറോളിംഗ് ട്രോഫി**
**3-ാം സമ്മാനം**
**2000 രൂപ, എവർറോളിംഗ് ട്രോഫി**
**4-ാം സമ്മാനം: 1000 രൂപ**
**5-ാം സമ്മാനം: 500 രൂപ**
പങ്കെടുക്കുന്ന എല്ലാവർക്കും സമ്മാനം

## നിബന്ധനകൾ

1. ഒരു സൺഡേസ്കൂളിൽനിന്ന് 2023-24 വർഷം 5 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികളിൽ രണ്ടുപേർ വീതമുള്ള രണ്ടുടീമുകൾക്കു പങ്കെടുക്കാം.
2. 2023 നവംബർ 05 നു മുമ്പു പേര് രജിസ്റ്റർ ചെയ്യണം. രജിസ്ട്രേഷൻ സമയത്ത് ഒരു വാട്സ് ആപ്പ് നമ്പർ നൽകേണ്ടതാണ്.
3. രജിസ്ട്രേഷൻ ഫീസ് ടീം ഒന്നിന് 100 രൂപ.
4. മത്സരത്തിനു വരുമ്പോൾ ഡയറക്ടർ അച്ചന്റെയോ ഹെഡ്മാസ്റ്ററുടെയോ സാക്ഷ്യപത്രം ഹാജരാക്കണം.
5. മത്സരം സംബന്ധിച്ച് ക്വിസ് മാസ്റ്ററുടെ തീരുമാനം അന്തിമമായിരിക്കും.
6. പങ്കെടുക്കുന്ന എല്ലാവർക്കും ലഘുഭക്ഷണമുണ്ടായിരിക്കുന്നതാണ്.

**രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കും: 9447506069, 9037724455**

# പ്രവാസി അപ്പോസ്തലേറ്റ്

## പ്രവാസി അപ്പോസ്തലേറ്റിൽനിന്നും പ്രാർത്ഥനാശംസകൾ

ഈശോയിൽ സ്നേഹംനിറഞ്ഞ പ്രവാസി സഹോദരങ്ങളേ,

പ്രവാസി അപ്പോസ്തലേറ്റിന്റെ പ്രവർത്തനങ്ങൾ ഊർജസ്വലമായി നടക്കുന്നതിൽ ഞങ്ങൾക്കു ചാരിതാർഥ്യമുണ്ട്. നമ്മുടെ പ്രവാസികാര്യാലയത്തിന്റെ മികവുറ്റ പ്രവർത്തനങ്ങളും ശുശ്രൂഷാസംവിധാനവും പഠിച്ചുമനസ്സിലാക്കി പാലാ രൂപതയുടെ പ്രവാസിസഹോദരങ്ങൾക്കായി പ്രവാസികാര്യാലയം ആരംഭിച്ച് പ്രവർത്തിച്ചുവരുന്നു. കാഞ്ഞിരപ്പള്ളി രൂപതയിലും മാനന്തവാടി രൂപതയിലും പ്രവാസികാര്യാലയം ആരംഭിക്കുന്നതിനുവേണ്ടി ഓഗസ്റ്റ് 18 നു ഫാ. മാത്യു പുതുമനയും സെപ്റ്റംബർ 11 നു ഫാ. മനോജ് അമ്പലത്തുങ്കലും അതിരൂപതാ പ്രവാസികാര്യാലയം സന്ദർശിച്ചു. ഈ അപ്പോസ്തലേറ്റിന്റെ പ്രവർത്തനരീതിയും ഓഫീസ് സംവിധാനവും നേരിട്ടു മനസ്സിലാക്കുവാനെത്തിയ വൈദികർക്കു ഡയറക്ടേഴ്സ് എല്ലാ സഹായങ്ങളും പ്രോത്സാഹനങ്ങളും വാഗ്ദാനം ചെയ്തു. കുവൈറ്റിൽനിന്നും തുടർപ്രവാസത്തിനായി UKയിലേക്കു പോകുന്ന കുവൈറ്റ് എക്സിക്യൂട്ടിവ് അംഗം ജയ്മോൻ കൈമീടിന് യാത്രയയപ്പു നൽകി. അതിരൂപതാ പ്രവാസികാര്യാലയത്തിനോടുചേർന്നു തുടർന്നുള്ള പ്രവർത്തനങ്ങൾ UKയിലെ അതിരൂപതാംഗങ്ങളോടൊപ്പം തുടരുമെന്നു ജയ്മോൻ കൈമീട് വാഗ്ദാനം നൽകി. സെപ്റ്റംബർ 01 നു പ്രവാസി അപ്പോസ്തലേറ്റിന്റെ വാർഷികം സംബന്ധിച്ച സാമ്പത്തിക വരവുചെലവു കണക്കുകൾ അവതരിപ്പിച്ചു. യോഗം കണക്ക് പാസാക്കി. പ്രവാസി അപ്പോസ്തലേറ്റിന്റെ വാർഷികത്തിൽ UAEയിൽനിന്നും അവാർഡ് ലഭിച്ചവരെ UAE എക്സിക്യൂട്ടിവ്സ് ആദരവുനൽകി പ്രോത്സാഹിപ്പിച്ചു.

### ആവേ മരിയ ഹോളിഡെയ്സ്

ആവേ മരിയ ഹോളിഡെയ്സ് യൂറോപ്പ് ട്രിപ്പിന്റെ എൺപതുപേരടങ്ങുന്ന സംഘം സെപ്റ്റംബർ 19 നു യാത്രയാരംഭിച്ചു. ഒക്ടോബർ 5-ാം തീയതി മടങ്ങിയെത്തും. നവംബർ 02 നു നടക്കുന്ന ഹോളി ലാൻഡ് പിൽഗ്രിമേജിന്റെ തയ്യാറെടുപ്പുകൾ പൂർത്തിയായി. എല്ലാ യാത്രകളും കൃത്യതയോടെ നടത്താൻ കഴിയുന്നതിൽ അഭിമാനവും സന്തോഷവുമുണ്ട്. വിശുദ്ധനാട് തീർത്ഥാടനം, യൂറോപ്യൻ ട്രിപ്പ് എന്നിവ നടത്താൻ ആഗ്രഹിക്കുന്നവർ ഈ നമ്പരിൽ വിളിക്കുക: 9207777092

### അനുശോചനം

21.8.2023 പ്രവാസി അപ്പോസ്തലേറ്റിന്റെ നേതൃത്വത്തിൽ, ദുബായിൽനിന്നും നാട്ടിൽ ചികിത്സയ്ക്കായെത്തിച്ച തുരുത്തി ഇടവകാംഗം കുന്നേൽ സോജി സെബാസ്റ്റ്യന്റെ (48) നിര്യാണത്തിൽ പരേതന്റെ ഭവനം സന്ദർശിച്ച് ഒപ്പീസു ചൊല്ലി പ്രാർത്ഥിക്കുകയും അനുശോചനമറിയിക്കുകയും ചെയ്തു.

19.9.2023 ഓൺലൈൻ സൺഡേസ്കൂൾ അദ്ധ്യാപിക സി. ആൻസി റോസ് FCC യുടെ പിതാവ് ഇരവുചിറ കണ്ടംപേരൂർ തോമസ് വർഗീസ് (72) ന്റെ നിര്യാണത്തിൽ പരേതന്റെ ഭവനം സന്ദർശിച്ച് ഒപ്പീസുചൊല്ലി പ്രാർത്ഥിക്കുകയും അനുശോചനമറിയിക്കുകയും ചെയ്തു.

**ഫാ. മാത്യു മാറാട്ടുകളം**
*(അസിസ്റ്റന്റ് ഡയറക്ടർ)*

**ഫാ. ജോസഫ് പുതുവീട്ടിൽക്കളം**
*(ഡയറക്ടർ)*

**NB: ഓഫീസ് സമയം രാവിലെ 10 മുതൽ വൈകിട്ട് 5 മണിവരെ**
**വിളിക്കേണ്ട നമ്പർ 9207470117, 8089920614 (NORKA ഹെൽപ്പ് ഡസ്ക്)**
**ആവേ മരിയ ഹോളിഡെയ്സ്: 9207777092**

## ഉത്ഥിതനോടൊപ്പം



സി. സീന
കല്ലിടുക്കനാനിക്കൽ MLF



സി. ഇൻഫന്റ് ട്രീസ
പുത്തൻപുരയിൽ FCC



സി. ഫ്ളോറൻസ് മേരി
വലിയപറമ്പിൽ FCC



സി. എവുജിൻ മേരി
കളത്തൂർ SH



സി. ജസീന്താ നിരപ്പിൽ SH

**"ഞാൻ നന്നായി പൊരുതി; എന്റെ ഓട്ടം പൂർത്തിയാക്കി; വിശ്വാസം കാത്തു."** *(2 തിമോ. 4:7)*

# കേരള ലേബർ മൂവ്മെന്റ് (KLM)

ഈശോയിൽ പ്രിയപ്പെട്ടവരേ,

ക്രൈസ്തവ തൊഴിൽസാഹോദര്യം മുൻനിർത്തിയുള്ള നമ്മുടെ സംഘടനാ പ്രവർത്തനങ്ങൾ കൂടുതൽ വിശാലമാക്കപ്പെട്ടുകൊണ്ടിരിക്കുകയാണല്ലോ! പുതിയ യൂണിറ്റുകളും സംഘങ്ങളും രൂപീകരിക്കപ്പെടുന്നത് ഇതിന്റെ അടയാളമാണ്. ഇടവകയോടുചേർന്നു ക്രൈസ്തവവിശ്വാസവും ധാർമികതയും ഉയർത്തിപ്പിടിച്ചുള്ള സംഘടനാപ്രവർത്തനങ്ങളാണ് നമുക്കാവശ്യം. വേണ്ടസമയത്തു കൂടെ നിൽക്കുന്ന നല്ല സമറായന്റെ സമീപനമാണ് KLM സംഘത്തിലൂടെ ഒരംഗത്തിനു ലഭ്യമാകേണ്ടത്. ഈ വിധത്തിൽ നമ്മുടെ സംഘടനയെ ശക്തീകരിക്കാം!

സ്നേഹത്തോടെ,

**ഫാ. ജോൺ വടക്കേകളം**
*(ഡയറക്ടർ)*

### പുതിയ യൂണിറ്റും സംഘങ്ങളും

ചമ്പക്കുളം ഫൊറോനയിൽ പ്രഥമ യൂണിറ്റ് തോട്ടുവാത്തല സേക്രഡ് ഹാർട്ട് ഇടവകയിൽ രൂപീകരിച്ചു. വികാരി ഫാ. വർഗീസ് പഴയമഠം സമ്മേളനത്തിന് അദ്ധ്യക്ഷത വഹിച്ചു. അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം ഉദ്ഘാടനം ചെയ്തു.

ഇരവുചിറ യൂണിറ്റിൽ പുതിയതായി സെന്റ് അൽഫോൻസാ, സെന്റ് ജോസഫ് എന്നീ സംഘങ്ങൾ ഉദ്ഘാടനം ചെയ്തു. വികാരി ഫാ. തോമസ് കുന്നുംപുറം, അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം, കുറുമ്പനാടം ഫൊറോനാ കോഡിനേറ്റർ ഷാജി, യൂണിറ്റ് കോഡിനേറ്റർ ജോബി എന്നിവർ പ്രസംഗിച്ചു.

### മരണാനന്തര സഹായനിധി

താഴെപ്പറയുന്ന മരണമടഞ്ഞ സഹോദരന്റെ നോമിനിക്കു മരണാനന്തര സഹായമായ 1,25,000/- രൂപ കൈമാറി.

127 ജിജു ജോസഫ് കൊല്ലവന - ചങ്ങനാശേരി സെന്റ് സെബാസ്റ്റ്യൻ സംഘാംഗം (26/08/2023)

### ഓണം ഫെസ്റ്റ്

നാലുകോടി സെന്റ് തോമസ് ഇടവകയിലെ KLM യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ നടത്തിയ ഓണം ഫെസ്റ്റും KLM അംഗങ്ങളുടെ ചെണ്ടമേള അരങ്ങേറ്റവും ഓഗസ്റ്റ് 27 നു നടന്നു. യൂണിറ്റ് ഡയറക്ടർ ഫാ. സക്കറിയാസ് കരിവേലിലിന്റെ അധ്യക്ഷതയിൽ കൂടിയ പൊതുസമ്മേളനത്തിൽ യൂണിറ്റ് കോഡിനേറ്റർ ഷാജി കോര സ്വാഗതമർപ്പിക്കുകയും KLM അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം ഉദ്ഘാടനം ചെയ്യുകയും തൃക്കൊടിത്താനം ഫൊറോനാ വികാരി ഫാ. ആന്റണി ഏത്തക്കാട് ഉന്നതവിജയം നേടിയ കുട്ടികളെ ആദരിക്കുകയും അസി. വികാരി ഫാ. ജോസഫ് പുതുവീട്ടിൽകളം, ഫാ. ആന്റണി തറക്കുന്നേൽ, ഇടവക

കൈക്കാരൻ സിബിച്ചൻ കുത്തുകല്ലുങ്കൽ എന്നിവർ ആശംസകളർപ്പിക്കുകയും ഓണം ഫെസ്റ്റ് കൺവീനർ സണ്ണി അമ്പഴപ്പറമ്പിൽ നന്ദി രേഖപ്പെടുത്തുകയും ചെയ്തു.

## വാർഷികാഘോഷം

തൃക്കൊടിത്താനം യൂണിറ്റിന്റെ വാർഷികാഘോഷം സെപ്റ്റംബർ 10 നു മനോഹരമായി സംഘടിപ്പിച്ചു. ഫൊറോനാ വികാരി ഫാ. ആന്റണി ഏത്തക്കാട്, ഫാ. ജോർജ് വെളിയത്ത്, ഫൊറോനാ കോഡിനേറ്റർ പ്രജോഷ് ചാക്കോ, യൂണിറ്റ് കോഡിനേറ്റർ തോമസ് മാത്യു നെടുംപറമ്പിൽ, അതിരൂപതാ സമിതിയംഗം ജോസഫ് ജോൺ എന്നിവർ പ്രസംഗിച്ചു

കാവാലം ലിസ്യൂ യൂണിറ്റിന്റെ വാർഷികാഘോഷം ഓഗസ്റ്റ് 27 നു മനോഹരമായി സംഘടിപ്പിച്ചു. വികാരി ഫാ. തോമസ് പടിഞ്ഞാറേവീട്ടിൽ, അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം, ഫൊറോനാ കോഡിനേറ്റർ നിജോ മാത്യു, യൂണിറ്റ് കോഡിനേറ്റർ ജോയിച്ചൻ കക്കാപറമ്പിൽ എന്നിവർ പ്രസംഗിച്ചു.

## മണിപ്പൂർ ഐക്യദാർഢ്യം

KLM പുളിങ്കുന്ന് ഫൊറോനയുടെ ആഭിമുഖ്യത്തിൽ മണിപ്പൂർ ഐക്യദാർഢ്യ റാലിയും സമ്മേളനവും രാമങ്കരിയിൽ സംഘടിപ്പിച്ചു. അതിരൂപതാ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡൊമിനിക് ജോസഫ് വഴീപ്പറമ്പിൽ, അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം, പുളിങ്കുന്ന് സെന്റ് മേരീസ് ഫൊറോനാ പള്ളി അസി. വികാരി ഫാ. സിറിൽ കൈതക്കളം MCBS, ഫൊറോനാ കോഡിനേറ്റർ നിജോ മാത്യു, സണ്ണി അഞ്ചിൽ, ജോളി നാല്പതാംകളം, ജോസഫ് മാമ്പൂത്ര എന്നിവർ പ്രസംഗിച്ചു.

■

# കത്തോലിക്കാ കോൺഗ്രസ് (AKCC)

പ്രിയ സ്നേഹിതരേ,

**മണിപ്പൂർ ഐക്യദാർഢ്യ സംഗമം**

മണിപ്പൂരിൽ തുടർച്ചയായി നടക്കുന്ന ബോധപൂർവമായ നരഹത്യക്കെതിരെ അതിരൂപതാസമിതിയുടെ നേതൃത്വത്തിൽ രണ്ടാംതവണയും കോട്ടയം ഗാന്ധി സ്ക്വയറിനുസമീപം സമാധാന സദസ്സും ഐക്യദാർഢ്യ സംഗമവും സംഘടിപ്പിച്ചു. പ്രസിഡന്റ് പി.പി. ജോസഫ് അധ്യക്ഷതവഹിച്ചു അതിരൂപതാ സിഞ്ചെള്ളൂസ് വെരി റവ. ഫാ. ജോസഫ് വാണിയപ്പുരക്കൽ ഉദ്ഘാടനം ചെയ്തു. ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ചാമക്കാല, ജനറൽ സെക്രട്ടറി ബിജു സെബാസ്റ്റ്യൻ, ട്രഷറർ ബാബു വള്ളപ്പുര, ഗ്ലോബൽ ജനറൽ സെക്രട്ടറി രാജീവ് കൊച്ചുപറമ്പിൽ, ഗ്ലോബൽ ഭാരവാഹികളായ രാജേഷ് ജോൺ, വർഗീസ് ആന്റണി, ഡോ. ജോസുകുട്ടി ഒഴുകയിൽ, ബെന്നി ആന്റണി, ഷിജി ജോൺസൺ, ബിനു ഡൊമിനിക്, അതിരൂപതാ ഭാരവാഹികളായ ഷെയിൻ ജോസഫ്, ലിസി ജോസ്, ജോർജുകുട്ടി മുക്കത്ത്, ജോയി പാറപ്പുറം, സെബാസ്റ്റ്യൻ പുല്ലാട്ടുകാല, റോണി വലിയപറമ്പിൽ, ജിനോ ജോസഫ്, മനു വരാപ്പള്ളി, കുഞ്ഞ് കളപ്പുര എന്നിവർ പ്രസംഗിച്ചു.

**ഭീമഹർജി ഒപ്പ് സമർപ്പണം**

ഭാരതമൊട്ടാകെയും പ്രത്യേകിച്ച് മണിപ്പൂർ സംസ്ഥാനത്തും നടന്നുവരുന്ന ക്രൂരമായ പീഡനങ്ങൾക്കും കേരളത്തിൽ കൂടുതലായി കാണുന്ന വന്യജീവി ആക്രമണങ്ങൾക്കെതിരെയും നടപടികൾ ആവശ്യപ്പെട്ടുകൊണ്ട് ഗ്ലോബൽ സമിതിയുടെ നേതൃത്വത്തിൽ പ്രധാനമന്ത്രിക്കും സംസ്ഥാന മുഖ്യമന്ത്രിക്കും സമർപ്പിക്കുവാൻ ഉദ്ദേശിക്കുന്ന ഭീമഹർജിയിലേക്കു ചങ്ങനാശേരി അതിരൂപതയിൽനിന്നും ശേഖരിച്ച ഏകദേശം 50000 ത്തോളം ഒപ്പുകൾ ഗ്ലോബൽ സമിതിക്കു കൈമാറി. അതിരൂപതാ പ്രസിഡന്റ് പി.പി. ജോസഫിൽനിന്നും ഗ്ലോബൽ ജനറൽ സെക്രട്ടറി രാജീവ് കൊച്ചുപറമ്പിൽ, സെക്രട്ടറിമാരായ ഡോ. ജോസുകുട്ടി ഒഴുകയിൽ, ബെന്നി ആന്റണി എന്നിവർചേർന്ന് ഏറ്റുവാങ്ങി. അതിരൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ചാമക്കാല, ജനറൽ സെക്രട്ടറി ബിജു സെബാസ്റ്റ്യൻ, ട്രഷറർ ബാബു വള്ളപ്പുര, ഗ്ലോബൽ ഭാരവാഹികളായ രാജേഷ് ജോൺ, വർഗീസ് ആന്റണി, ഷിജി ജോൺസൺ, ജിനോ ജോസഫ്, മനു വരാപ്പള്ളി എന്നിവർ പ്രസംഗിച്ചു

**ഉത്രാടനാളിലെ ഉപവാസസമരം**

കർഷകരിൽനിന്നു സംഭരിച്ച നെല്ലിന്റെ വില ആറുമാസത്തിലധികമായിട്ടും പൂർണമായി നൽകാത്ത സംസ്ഥാനസർക്കാരിന്റെ നടപടിയിൽ പ്രതികരിച്ചുകൊണ്ട് ഓണക്കാലത്തെ ഉത്രാടദിനമായ ഓഗസ്റ്റ് 28 ന് അതിരൂപതാസമിതിയുടെയും KRRIS ന്റെയും നേതൃത്വത്തിൽ രാമങ്കരിയിൽ ഏകദിന ഉപവാസസമരം സംഘടിപ്പിച്ചു. അതിരൂപതാ പ്രസിഡന്റ് പി.പി. ജോസഫ് അധ്യക്ഷതവഹിച്ചു.

അഭി. മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത സമരം ഉദ്ഘാടനം ചെയ്തു. അതിരൂപതാ സിഞ്ചെള്ളൂസ് വെരി റവ. ഫാ. ജോസഫ് വാണിയപ്പുരക്കൽ മുഖ്യപ്രഭാഷണം നടത്തി. അതിരൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ചാമക്കാല, പുളിങ്കുന്ന് സെന്റ് മേരീസ് ഫൊറോനാ പള്ളി വികാരി ഫാ. ടോം പുത്തൻകളം, പുളിങ്കുന്ന് ഫൊറോനാ ഡയറക്ടർ ഫാ. തോമസ് മണിയൻചിറ, ജോർജ് വാച്ചാപറമ്പിൽ, ടോം ജോസഫ്, സി. ടി. തോമസ്, ജിനോ ജോസഫ്, ബിജു സെബാസ്റ്റ്യൻ, ബാബു വള്ളപ്പുര, വർഗീസ് ആന്റണി, രാജേഷ് ജോൺ, ലിസി ജോസ്, ഷെയിൻ ജോസഫ്, ജോർജുകുട്ടി മുക്കത്ത്, ടോമിച്ചൻ മേത്തശ്ശേരി, ജോയ് പാറപ്പുറം, ഷിജി ജോൺസൺ, ബിനു ഡൊമിനിക്, ജോസ് ജയിംസ്, സെബാസ്റ്റ്യൻ പുല്ലാട്ടുകാലാ എന്നിവർ പ്രസംഗിച്ചു.

**പ്രതികരണങ്ങൾ**

മാധ്യമപ്രവർത്തകർക്കെതിരായ പകപോക്കലുകൾ, ജെ. ബി. കോശി കമ്മിഷൻ റിപ്പോർട്ട് പുറത്തുവിടുക തുടങ്ങിയ വിഷയങ്ങളിലൂന്നിയ മാധ്യമപ്രതികരണങ്ങൾ ഈ കാലയളവിൽ നടത്തി.

**യോഗങ്ങൾ**

അതിരൂപതാസമിതിയുടെ നേരിട്ടുള്ള മൂന്നുയോഗങ്ങളും ഒരു ഓൺലൈൻ യോഗവും യൂത്ത് കൗൺസിലിന്റെ നേരിട്ടുള്ള രണ്ട് അതിരൂപതാ നേതൃയോഗങ്ങളും സംഘടിപ്പിക്കപ്പെട്ടു.

സ്നേഹത്തോടെ കത്തോലിക്കാകോൺഗ്രസിനു വേണ്ടി,

| | | |
|---|---|---|
| **പി.പി. ജോസഫ്** | **ഫാ. സെബാസ്റ്റ്യൻ ചാമക്കാല** | **ബിജു സെബാസ്റ്റ്യൻ** |
| *(പ്രസിഡന്റ്)* | *(ഡയറക്ടർ)* | *(ജനറൽ സെക്രട്ടറി)* |

■

# ആത്മതാകേന്ദ്രം

## (ARCHDIOCESAN TEMPERANCE MOVEMENT FOR AWARENESS & TREATMENT OF ADDICTS)

ഈശോയിൽ പ്രിയപ്പെട്ടവരേ,

വിദ്യാർത്ഥികളുടെയിടയിൽ ഇന്ന് വർദ്ധിച്ചുവരുന്ന ലഹരിയുപയോഗത്തിൽ നാമെല്ലാവരും ആശങ്കാകുലരാണ്. ഇതിനെതിരെ ആത്മതാകേന്ദ്രം സ്കൂൾതലത്തിൽ നടത്തിവരുന്ന ബോധനപരിപാടിയായ സ്റ്റുഡൻസ് എഗൈൻസ്റ്റ് നാർക്കോട്ടിക്സ് (SAN) ഭംഗിയായി നടന്നുവരുന്നു. ലഹരിയുടെ കാണാക്കെണികളെപ്പറ്റി ബോധവത്ക്കരിക്കാനും ഇതിനടിമപ്പെട്ടവരെ കൗൺസിലിങ്ങിലൂടെയും ചികിത്സയിലൂടെയും വീണ്ടെടുക്കുവാനുള്ള പരിശ്രമങ്ങൾ ഫലപ്രദമാണ്. എല്ലാവരുടെയും സഹകരണവും പിന്തുണയും അഭ്യർത്ഥിക്കുന്നു.

സ്നേഹത്തോടെ,

**ഫാ. ജോൺ വടക്കേകളം**
*(ഡയറക്ടർ)*

### സപ്പോർട്ട് എ ചൈൽഡ് പദ്ധതി

ആത്മതാകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന നിത്യരോഗികളായവരുടെ മക്കളുടെ പഠനത്തിനും പോഷകാഹാരത്തിനുമായുള്ള സപ്പോർട്ട് എ ചൈൽഡ് പദ്ധതിയുടെ ഭാഗമായി പത്തനംതിട്ട ജില്ലയിൽ ഈ പദ്ധതിയിലെ അംഗങ്ങൾ പത്തനംതിട്ട കരികുളം പ്രത്യാശഭവനിൽ സെപ്റ്റംബർ 30 ശനിയാഴ്ച രാവിലെ പ്രാർത്ഥനയോടുകൂടി സമ്മേളനം ആരംഭിച്ചു. ബോധവത്ക്കരണ ക്ലാസ്സ്, എനർജൈസിംഗ് പ്രോഗ്രാം എന്നിവയും ഉച്ചഭക്ഷണവും 97500/- രൂപയുടെ ധനസഹായവും നല്കി. ഫാ. ജോൺ വടക്കേകളം, സണ്ണി മാത്യു, ട്രീസാ മാത്യു എന്നിവർ നേതൃത്വം നല്കി.

### ഹോമിയോ ചികിത്സാപദ്ധതി

ലഹരിവസ്തുക്കളുടെ ദുരുപയോഗത്തിന് അടിമപ്പെട്ടവർക്കു പാർശ്വഫലങ്ങളില്ലാത്ത സൗജന്യനിരക്കിലുള്ള ഹോമിയോചികിത്സ താഴെപ്പറയുന്ന സ്ഥലങ്ങളിലും ദിവസങ്ങളിലുമായി നൽകിവരുന്നു. വിദഗ്ധ ഡോക്ടേഴ്സിന്റെയും കൗൺസിലേഴ്സിന്റെയും സേവനം ലഭ്യമാണ്.


ചൊവ്വ – (ആലപ്പുഴ) തത്തംപള്ളി, മരിയൻ ഹോമിയോ ഡിസ്പെൻസറി
ബുധൻ – (കോട്ടയം) ഇരവുചിറ, ഇമ്മാനുവൽ പ്രാർത്ഥനശുശ്രൂഷാകേന്ദ്രം
വ്യാഴം – (കോട്ടയം) അതിരമ്പുഴ, സെന്റ് മേരീസ് ഫൊറോനാ ദൈവാലയം
വെള്ളി – (കോട്ടയം) ചങ്ങനാശേരി, പാസ്റ്ററൽ സെന്റർ

### ലഹരിവിമുക്ത വിശുദ്ധീകരണധ്യാനം

പ്രാർത്ഥനയിലൂടെയും ധ്യാനത്തിലൂടെയും വിമുക്തിയുടെ മാർഗം തുറക്കാൻ കുന്നന്താനം LSDP പ്രൊവിഡൻസ് റിന്യുവൽ സെന്ററിൽ **2023 ഒക്ടോബർ 15 മുതൽ 20 വരെ ലഹരിവിമുക്ത കുടുംബവിശുദ്ധീകരണധ്യാനം നടത്തപ്പെടുന്നു.** ഒക്ടോബർ 15-ാം തീയതി വൈകിട്ട് 5 മണിക്ക് ആരംഭിച്ച് 20-ാം തീയതി രാവിലെ 10 മണിക്ക് അവസാനിക്കുന്നു. താമസിച്ചുള്ള ഈ ധ്യാനത്തിനു ഫീസുണ്ടായിരിക്കുന്നതല്ല. പ്രഗത്ഭരായ ഡോക്ടേഴ്സ്, സൈക്കോളജിസ്റ്റുകൾ എന്നിവരുടെ പ്രത്യേക ക്ലാസ്സുകൾ, കൗൺസിലിങ് ഇവ ലഭ്യമാകും.

പ്രൊവിഡൻസ് റിന്യുവൽ സെന്റർ, കുന്നന്താനം
0469 2693413, 2690414, 9495193406

■



## ഫാ. ജോൺ പൊറ്റേടം മെമ്മോറിയൽ

# 23-ാമത് അഖിലകേരള ബൈബിൾ - സഭാചരിത്ര ക്വിസ് മത്സരം

**2023 നവംബർ 19 ഞായർ 11 am**

**പുന്നത്തുറ (വെള്ളാപ്പള്ളി) സെന്റ് തോമസ് പാരീഷ് ഹാളിൽ**

Location

AD 1610-ൽ സമാരംഭിച്ച അവിഭക്ത പുന്നത്തുറ ഇടവകയുടെ ഭാഗമായി സ്ഥാപിതമായ പുന്നത്തുറ വെള്ളാപ്പള്ളി ഇടവകദൈവാലയ സ്ഥാപകൻ പുണ്യശ്ലോകനായ ജോൺ പൊറ്റേടത്തിൽ അച്ചന്റെ അനുസ്മരണാർത്ഥം (സ്വർഗപ്രവേശനത്തിന്റെ പ്ലാറ്റിനം ജൂബിലിവർഷം) 23-ാമത് അഖിലകേരള ബൈബിൾ - സഭാചരിത്ര ക്വിസ് മത്സരം **2023 നവംബർ 19 ഞായർ 11 am** പുന്നത്തുറ (വെള്ളാപ്പള്ളി) സെന്റ് തോമസ് പാരീഷ് ഹാളിൽ നടത്തുന്നു.

**ഫാ. ജോബി കിടങ്ങേത്ത് O.Praem**
*(ഡയറക്ടർ, 9496943106)*

**ബിനു ജോൺ കുന്നത്തേട്ട്**
*(ഹെഡ്മാസ്റ്റർ, 9497460776)*

**ഫാ. ജേക്കബ് കാട്ടടി**
*(വികാരി, 9539701122)*

**ജോമോൻ സിറിയക് പാലേറ്റിൽ**
*(ജോയിന്റ് കൺവീനർ, 0481 2543009)*

**റോബി വർഗീസ് മുളമറ്റത്തിൽ**
*(കൺവീനർ, 9446120842)*

**തോമസ് ജോസഫ് തോപ്പിൽ**
*(പ്രസിഡന്റ്, പൊറ്റേടം കുടുംബയോഗം)*

## സമ്മാനങ്ങൾ

First - ₹ 10000 എവർറോളിങ്ങ് ട്രോഫി
Second - ₹ 7000 എവർറോളിങ്ങ് ട്രോഫി
Third - ₹ 5000 എവർറോളിങ്ങ് ട്രോഫി

4, 5, 6 - ₹ 4000, ₹ 3000, ₹ 2000
7-10 - ₹ 1000 വീതം
(കൂടാതെ പ്രോത്സാഹനസമ്മാനങ്ങളും)

## വിഷയങ്ങൾ

- വി. ലൂക്കാ 1-8; പ്രഭാഷകൻ 27-33; 2 കോറിന്തോസ് 1-6 അദ്ധ്യായങ്ങൾ 45%
- ഭാരത കത്തോലിക്കാസഭ ഇന്നലെയും ഇന്നും - പോൾ പള്ളത്ത് (അദ്ധ്യായം 1) 30%
  *(ഭാരത കത്തോലിക്കാസഭ 16-ാം ശതകംവരെ - മാർതോമ്മാക്രിസ്ത്യാനികളുടെ സഭ)*
- ഫാ. ജോൺ പൊറ്റേടം ജീവചരിത്രം (പ്രൊഫ. റ്റി.വി. തോമസ് തോപ്പിൽ) 25%
  *(ജീവചരിത്രവും പുന്നത്തുറപള്ളിയുടെ ചരിത്രവും ആവശ്യപ്പെട്ടാൽ എത്തിച്ചുതരുന്നതാണ്)*

## നിബന്ധനകൾ

1 എലിമിനേഷൻ റൗണ്ടില്ലാതെ ഓഫ്‌ലൈനായി നടത്തുന്ന മത്സരംസംബന്ധിച്ച് ക്വിസ്മാസ്റ്ററുടെ തീരുമാനം അന്തിമമായിരിക്കും.
2 ഒരു സൺഡേസ്കൂളിൽനിന്ന് ഒന്നിൽ കൂടുതൽ ടീമുകൾക്കു പങ്കെടുക്കാം. ഒരുടീമിൽ പരമാവധി 3 അംഗങ്ങൾ (ഹയർ കോഴ്സ് ഉൾപ്പെടെ)
3 QR Code സ്കാൻ ചെയ്ത് ഗൂഗിൾ ഫോമിൽ രജിസ്റ്റർ ചെയ്യുക.
4 മത്സരത്തിനുമുമ്പ് രജിസ്ട്രേഷൻ ഫീസ് 300 രൂപ അടയ്ക്കുക.
5 സിലബസിൽ പ്രതിപാദിച്ചിട്ടുള്ള ഓരോവിഷയങ്ങളിലും പ്രാവീണ്യംനേടുന്ന പ്രതിഭകളെ പ്രത്യേക വ്യക്തിഗതമത്സരത്തിലൂടെ തിരഞ്ഞെടുക്കുന്നതാണ്. ഇത് ഓൺലൈൻ മത്സരമായിരിക്കും മത്സരാർത്ഥികൾ ഗൂഗിൾ പ്ലേ സ്റ്റോറിൽനിന്നും 'വചന വയൽ ആപ്പ്' ഡൗൺലോഡ് ചെയ്ത ഫോണുമായി മത്സരത്തിൽ പങ്കെടുക്കുക.
6 വിശദാംശങ്ങൾക്ക്: **8547128524** (ലിറ്റോ), **9497038398** (ജിബിൻ), **9497747315** (എബിൻ)

Google Form

വചന വയൽ ആപ്പ്

**രജിസ്ട്രേഷൻ അവസാനതീയതി: 16.11.2023**

# ദളിത് കത്തോലിക്കാ മഹാജന സഭ (DCMS)

### സ്ഥാപകഡയറക്ടർ ഫാ. ജോസഫ് മാലിപ്പറമ്പിൽ 25-ാം ചരമവാർഷിക ദിനാചരണം

1955 ജൂലൈ 01 നു ദളിത് കത്തോലിക്കാ മഹാജനസഭ രൂപീകരിക്കപ്പെട്ടപ്പോൾ ജോസഫ് മാലിപ്പറമ്പിലച്ചനായിരുന്നു സ്ഥാപകഡയറക്ടർ. നവംബർമാസം തെക്കൻ മിഷൻ തുടങ്ങിയപ്പോൾ മാലിപ്പറമ്പിൽ ജോസഫ് അച്ചൻ വികാരി ജനറലായി നിയമിതനായി. സഭയുടെ വിവിധമേഖലകളിൽ സുദീർഘമായ സേവനങ്ങളനുഷ്ടിച്ച അച്ചന്റെ നാമകരണനടപടികൾ ഇപ്പോൾ നടന്നുവരികയാണ്.

DCMS ന്റെ സ്ഥാപകഡയറക്ടർ എന്നനിലയിൽ DCMS സംസ്ഥാനകമ്മിറ്റിയുടെ നേതൃത്വത്തിൽ സെപ്റ്റംബർ 07 ന് അച്ചനെ അടക്കം ചെയ്തിരിക്കുന്ന ആർപ്പൂക്കര ചെറുപുഷ്പം ദൈവാലയത്തിൽ DCMS സംസ്ഥാന ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റിന്റെ നേതൃത്വത്തിൽ ഉച്ചകഴിഞ്ഞു രണ്ടുമണിക്കു പരി. കുർബാനയും തുടർന്നു ജോസഫ് മാലിപ്പറമ്പിലച്ചന്റെ പ്രവർത്തനങ്ങളും ജീവചരിത്രവും ഉൾപ്പെടുത്തിയുള്ള മ്യൂസിയത്തിന്റെ ഉദ്ഘാടനവും കബറിടത്തിൽ ഒപ്പീസും KCBC / SC-ST/ BC കമ്മിഷൻ ചെയർമാൻ അഭി. ഗീവർഗീസ് മാർ അപ്രേം നിർവഹിച്ചു. അനുസ്മരണസമ്മേളനം അഭി. ഗീവർഗീസ് മാർ അപ്രേം പിതാവ് ഉദ്ഘാടനം ചെയ്തു. DCMS സംസ്ഥാന പ്രസിഡന്റ് ജയിംസ് ഇലവുങ്കൽ അദ്ധ്യക്ഷത വഹിച്ചു. DCMS സംസ്ഥാന ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ്, ഇടവക വികാരി ഫാ. ലൂയിസ് വെള്ളാനിക്കൽ, DCMS സംസ്ഥാന ജനറൽ സെക്രട്ടറി ജസ്റ്റിൻ പി. സ്റ്റീഫൻ, സി.സി. കുഞ്ഞുകൊച്ച്, ത്രേസ്യാമ്മ ജോസഫ് എന്നിവർ അനുസ്മരണപ്രസംഗങ്ങൾ നടത്തി.

DCMS ചങ്ങനാശേരി അതിരൂപതാ സെക്രട്ടറി, വൈസ് പ്രസിഡന്റ്, സംസ്ഥാന കൗൺസിലംഗങ്ങൾ, കുടമാളൂർ ഫൊറോനാ പ്രസിഡന്റ്, അതിരൂപതാ കമ്മിറ്റിയംഗങ്ങൾ, DCVS അതിരൂപതാ സെക്രട്ടറി, DCVS കമ്മിറ്റിയംഗങ്ങൾ, ആർപ്പൂക്കര ചെറുപുഷ്പം DCMS യൂണിറ്റംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

സ്നേഹപൂർവം,

| | | |
|---|---|---|
| **മാത്യു ജോസഫ്** | **ഡോ. സിജോ ജേക്കബ്** | **ഫാ. ജോൺ വടക്കേകളം** |
| *(സെക്രട്ടറി ഇൻ ചാർജ്)* | *(പ്രസിഡന്റ്)* | *(ഡയറക്ടർ)* |

■

"സമാധാനം - സൗഭാഗ്യം"

# സെക്കുലർ ഫ്രാൻസിസ്കൻ ഓർഡർ (SFO)

പ്രിയ സഹോദരങ്ങളേ,

അതിരൂപതയിലെ എല്ലാ ഭ്രാതൃത്വങ്ങളുടെയും പഠനത്തിനും ധ്യാനത്തിനും സഭാംഗങ്ങൾക്കായി നല്കപ്പെട്ടിരിക്കുന്ന ഔദ്യോഗിക 'നിയമാവലിയും ജീവിത ക്രമവും' തുടർച്ച.

കർത്താവിന്റെ നാമത്തിൽ തപശ്ചര്യയുടെ സഹോദരീസഹോദരന്മാർക്കു വി. ഫ്രാൻസിസ് നൽകുന്ന പ്രബോധനം.

**വകുപ്പ് 13**

ആദ്യകാലങ്ങളിൽ പ്രായശ്ചിത്തത്തിന്റെ സഹോദരീസഹോദരന്മാരെന്നു വിളിക്കപ്പെട്ടിരുന്ന അതുമായി ഫ്രാൻസിസ്കൻസ് നിരന്തരമായ മാനസാന്തരത്തിന്റെ അരൂപിയിൽ ജീവിക്കാൻ ചുമതലപ്പെട്ടിരുന്നു. ഫ്രാൻസിസ്കൻ അരൂപിയുടെ ഈ സുവിശേഷസ്വഭാവം വ്യക്തിപരമായും ഭ്രാതൃത്വപരമായും വളർത്തിയെടുക്കുന്നതിനുള്ള മാർഗങ്ങൾ: ദൈവവചനശ്രവണം, ദൈവവചനശുശ്രൂഷ ജീവിതത്തിന്റെ പുനഃപരിശോധന, ആദ്ധ്യാത്മിക ധ്യാനങ്ങൾ, അദ്ധ്യാത്മിക ഉപദേഷ്ടാവിന്റെ സഹായം, അനുതാപശുശ്രൂഷകൾ, കൂടെക്കൂടെയുള്ള അനുരഞ്ജനകൂദാശാ സ്വീകരണം, ഭ്രാതൃത്വത്തിനും ദൈവജനത്തിനും പൊതുവായി നടത്തുന്ന അനുതാപശുശ്രൂഷകളിലുള്ള പങ്കാളിത്തം എന്നിവയാണ്.

ഈ മാനസാന്തരത്തിന്റെ അരൂപിയിൽ സഭയുടെ നവീകരണം (അതായതു വ്യക്തിജീവിതത്തിലും സമൂഹജീവിതത്തിലുമുള്ള നവീകരണം) വരുത്താൻ ശ്രമിക്കണം. ദൈവസ്നേഹത്തിന്റെ പ്രത്യുത്തരമായ മാനസാന്തരത്തിന്റെ ഫലം സമൂഹജീവിതത്തിൽ സഹോദരീസഹോദരന്മാർ തമ്മിലുള്ള പെരുമാറ്റത്തിലെ ഉപവിയുടെ പ്രവർത്തനമാണ്.

പരമ്പരാഗതമായി, പരിഹാരം ചെയ്യുന്ന ഫ്രാൻസിസ്കൻ സഭാംഗങ്ങൾ അനുഷ്ഠിച്ചുപോരുന്ന ഉപവാസം, മാംസവർജനം തുടങ്ങിയ പരിഹാരപ്രവർത്തികളെ മനസ്സിലാക്കി വിലമതിക്കുകയും തിരുസഭയുടെ പൊതുജന നിർദേശങ്ങൾക്കനുസരണമായി അതു പാലിക്കുകയുംവേണം.

**റീജൺ മീറ്റിങ്**

കുട്ടനാട് സെന്റ് ഫ്രാൻസിസ് റീജൺ മീറ്റിങ് സെപ്റ്റംബർ 19 നു പൂന്തോപ്പ് സെന്റ് ഫ്രാൻസിസ് ഭ്രാതൃത്വത്തിൽ നടത്തപ്പെട്ടു. പൂന്തോപ്പ്, കാവാലം, പുന്നമട, കൊണ്ടാക്കൽ, തായങ്കരി, തെക്കേക്കര എന്നീ ഭ്രാതൃത്വങ്ങളിലെ അംഗങ്ങൾ പങ്കെടുത്തു. അതിരൂപതാ പ്രസിഡന്റ് വി.സി. അലക്സ് വലിയപറമ്പിൽ അദ്ധ്യക്ഷത വഹിച്ചു. ഫാ. തോമസ് വെട്ടിക്കൽ OFM Cap. മുഖ്യപ്രഭാഷണത്തിൽ സെക്കുലർ ഫ്രാൻസിസ്കൻ ഓർഡർ ഒരുസംഘടനയല്ലെന്നും ഇതൊരു സഭ ആണെന്നും ഈ സഭയെക്കുറിച്ച് ആഴത്തിൽ പഠിച്ച് അഭിമാനത്തോടുകൂടി

സ്വർഗരാജ്യത്തിനുവേണ്ടി ജീവിക്കാൻ പരിശ്രമിക്കണമെന്ന് ഉദ്ബോധിപ്പിച്ചു. റീജണൽ പ്രസിഡന്റ് ആന്റപ്പൻ ഓട്ടോക്കാരൻ നേതൃത്വം വഹിച്ചു.

കുറുമ്പനാടം സെന്റ് ആന്റണീസ് റീജൺ മീറ്റിങ് ജൂലൈ 17 നു കുറുമ്പനാടം സെന്റ് ആന്റണീസ് ഭ്രാതൃത്വത്തിൽ നടത്തപ്പെട്ടു. കുറുമ്പനാടം, തൃക്കൊടിത്താനം, മാടപ്പള്ളി, ചാഞ്ഞോടി, ഇരവുചിറ, മാന്നില, കുന്നന്താനം, നെടുങ്കുന്നം എന്നീ ഭ്രാതൃത്വങ്ങളിലെ അംഗങ്ങൾ പങ്കെടുത്തു. അതിരൂപതാ പ്രസിഡന്റ് വി.സി. അലക്സ് വലിയപറമ്പിൽ അദ്ധ്യക്ഷത വഹിച്ചു. അതിരൂപതാ സ്പിരിച്ച്വൽ അസിസ്റ്റന്റ് ഫാ. തോമസ് വെട്ടിക്കൽ OFM Cap. മുഖ്യപ്രഭാഷണത്തിൽ മൂന്നാംസഭാംഗത്തിന്റെ ജീവിതലക്ഷ്യം സ്വർഗരാജ്യം മാത്രമാണെന്നും അതിനു ഫ്രാൻസിസ്കൻ ചൈതന്യം എങ്ങനെ പ്രയോജനപ്പെടുത്താമെന്നും പഠിപ്പിച്ചു! അതിരൂപതാ സെക്രട്ടറി എൽസമ്മ മരങ്ങാട്ട് നേതൃത്വം വഹിച്ചു.

**സ്വർഗപ്രാപ്തിക്കു യാത്രയായി**

തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് ഫൊറോന ഭ്രാതൃത്വംഗം സഹോദരി മാളിയേക്കൽ മേരിക്കുട്ടി ആന്റണി നിര്യാതയായി. സഹോദരിക്കുവേണ്ടി പ്രാർത്ഥിക്കണം.

**ബ്രദർ വി.സി. അലക്സ് വലിയപറമ്പിൽ**
*(പ്രസിഡന്റ്)*

**ഫാ. തോമസ് വെട്ടിക്കൽ** OFM Cap.
*(സ്പിരിച്ച്വൽ അസിസ്റ്റന്റ്)*

■

അതിരൂപതയിലെ മൂവായിരം
കുടുംബക്കൂട്ടായ്മകളുടെ

# ലീഡേഴ്സ് മഹാസംഗമം

# ഹെസ്സദ് 2023

**11 നവംബർ 2023, ശനി**

**രാവിലെ 09 മുതൽ ഉച്ചകഴിഞ്ഞ് 02 വരെ**

**ചങ്ങനാശേരി സെന്റ് ബർക്ക്മൻസ് കോളേജ്
കാവുകാട്ട് ഹാളിൽ**





- ★ മൂന്നുവർഷം കൂടുമ്പോൾ അഭി. പിതാവ് വിളിച്ചുകൂട്ടുന്ന സമ്മേളനം
- ★ കുടുംബക്കൂട്ടായ്മാ ലീഡർ, സെക്രട്ടറി, ആനിമേറ്റർ സിസ്റ്റർ എന്നിവരുടെ മഹാസംഗമം
- ★ നൂറുമേനി സീസൺ 2 – ഉദ്ഘാടനവും പുസ്തകപ്രകാശനവും

# വിൻസെൻഷ്യൻ വേദി

*''സ്നേഹിതനോടു ദയ കാണിക്കാത്തവൻ സർവശക്തനോടുള്ള ഭക്തിയാണ് ഉപേക്ഷിക്കുന്നത്''* (ജോബ് 6:14).

പ്രിയ വിൻസെൻഷ്യൻ സഹോദരരേ,

തിരുനാളാഘോഷത്തിന്റെ ഉചിതമായ ആചരണം എല്ലാ മേഖലകളിലും ഉണ്ടായിയെന്നറിയുന്നതിൽ സന്തോഷമുണ്ട്. നമുക്കു ലഭിച്ച തിരുനാൾ സന്ദേശങ്ങളും ഒപ്പം നടത്തിയ പ്രതിജ്ഞ പുതുക്കലുമൊക്കെ കൂടുതൽ തീക്ഷ്ണതയോടെ പ്രവർത്തിക്കുവാൻ പ്രേരകമാകട്ടെയെന്നു പ്രാർത്ഥിക്കുന്നു. സൊസൈറ്റിയിലെ അംഗത്വവും ശുശ്രൂഷകളുംവഴി ആത്മവിശുദ്ധീകരണവും പാവങ്ങളുടെ രക്ഷയും സാധിതമാകുവാൻവേണ്ടി പ്രാർത്ഥിക്കുകയും സമയവും സമ്പത്തും നൽകി അതിനായി പ്രവർത്തിക്കുകയും ചെയ്യുന്ന സമൂഹമാണല്ലോ നമ്മൾ.

എല്ലാം ഈശോയാണെന്നും എല്ലാവരിലും ഈശോയുണ്ടെന്നുമുള്ള തികഞ്ഞ ബോധ്യത്തോടെ ജാതിമതഭേദമന്യേ നാം നൽകുന്ന സഹായങ്ങൾ പലരിലും അസ്വസ്ഥതയുളവാക്കുന്നുണ്ട്. കാര്യങ്ങൾ കൃത്യവും സുതാര്യവുമാണെങ്കിലും നിയമങ്ങളിലൂടെയും നിയന്ത്രണങ്ങളിലൂടെയും നിരുത്സാഹപ്പെടുത്തലിലൂടെയും നന്മയെ ഇല്ലാതാക്കാനുള്ള പരിശ്രമങ്ങൾ കൂടുതലായി നടക്കുന്ന ഒരു കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്. അതിനാൽ കൂടുതൽ ത്യാഗവും തീക്ഷ്ണതയും നാം പുലർത്തേണ്ടതാണ്.

കോൺഫറൻസുകളും ഏരിയാ കൗൺസിലുകളും കണക്കുകൾ, റെക്കോഡുകൾ എന്നിവ കൃത്യമായി പത്തുവർഷംവരെ സൂക്ഷിക്കണമെന്നുള്ള ഉപരികൗൺസിൽ നൽകുന്ന നിർദേശങ്ങൾ കൃത്യമായി എല്ലാവരിലേക്കും എത്തുന്നില്ലായെന്നറിയുന്നതിൽ ദുഃഖമുണ്ട്. എല്ലാം നഷ്ടപ്പെട്ട മണിപ്പൂരിലെ ജനങ്ങൾക്കുവേണ്ടി നാം നടത്തിയ ധനശേഖരണം അതിന്റെ അർഹിക്കുന്ന ഗൗരവത്തോടെ പല അംഗങ്ങളും മനസ്സിലാക്കിയില്ലായെന്നത് ഇതിന്റെ പ്രകടമായ ഉദാഹരമാണ്. ഉപരികൗൺസിൽനിന്നും ലഭിക്കുന്ന നിർദേശങ്ങൾ അംഗങ്ങളിലെത്തിക്കുന്നതിൽ വീഴ്ച വരുത്തുന്ന ഭാരവാഹികൾ അവരുടെ ഉത്തരവാദിത്തത്തോടു തികഞ്ഞ അനീതിയാണ് പുലർത്തുന്നത്. ദേശീയ കൗൺസിലിന്റെ ഈ സംരംഭത്തിലേക്ക് 6,50,000 രൂപയാണ് നമുക്കു നൽകാൻ സാധിച്ചത്. ഇതിനോടു സഹകരിച്ചവർക്കു പ്രത്യേകം നന്ദി പറയുന്നു. 'എന്റെ ജീവിതമാണ് എന്റെ സന്ദേശം' എന്നു പ്രസ്താവിച്ച മഹാത്മാ ഗാന്ധിയെ അനുസ്മരിക്കുന്ന ദിവസമാണല്ലോ ഒക്ടോബർ രണ്ട്. അദ്ദേഹത്തെപോലെ നമുക്കും നമ്മുടെ ജീവിതം ഒരു സന്ദേശമായി മറ്റുള്ളവർക്കു നൽകുവാൻ സാധിക്കട്ടെയെന്നാശംസിക്കുന്നു.

ഈശോയിൽ സ്നേഹപൂർവം,

**ബ്രദർ തോമസ് ടി. മൂലയിൽ**
*(സി.സി. പ്രസിഡന്റ്)*

■

# സീയോൻ ധ്യാനകേന്ദ്രം

## വൈദികധ്യാനങ്ങൾ പൂർത്തിയായി

അതിരൂപതയിലെ വൈദികരുടെ വാർഷികധ്യാനങ്ങൾ മൂന്നുതവണകളായി നടന്നു. ആലപ്പുഴ രൂപതാദ്ധ്യക്ഷൻ റൈറ്റ് റവ. ഡോ. ജയിംസ് റാഫേൽ ആനാപറമ്പിൽ, വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരി പ്രൊഫസർ ഫാ. ഡോ. ജോസഫ് കടുപ്പിൽ എന്നിവർ ധ്യാനം നയിച്ചു. 265 വൈദികർ ധ്യാനത്തിനു പങ്കെടുത്തു. അഭി. പിതാക്കന്മാർ പരി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. അഭി. ജോർജ് കോച്ചേരി പിതാവ് മുഴുവൻ സമയവും ധ്യാനത്തിൽ പങ്കെടുത്തു.

## ജൂബിലിവർഷത്തിലെ ജീവകാരുണ്യപ്രവർത്തനങ്ങൾ

നമ്മുടെ ധ്യാനകേന്ദ്രം സിൽവർ ജൂബിലിവർഷത്തിലാണ്. ധ്യാനശുശ്രൂഷകളോടൊപ്പം ജീവകാരുണ്യപ്രവർത്തനങ്ങൾക്കും പ്രാധാന്യം കൊടുക്കുന്നു.

1. 2023 ലെ ഈസ്റ്ററിനോടനുബന്ധിച്ച് ധ്യാനകേന്ദ്രത്തിനു സമീപത്തുള്ള പാവപ്പെട്ട കുടുംബങ്ങളിൽ ഫുഡ് കിറ്റ് വിതരണം ചെയ്തു.
2. ആലപ്പുഴ വണ്ടാനം ഗവൺമെന്റ് TD മെഡിക്കൽ കോളേജിൽ പ്രഭാത ഭക്ഷണം വിതരണം ചെയ്തു.
3. ധ്യാനകേന്ദ്രത്തിലെ സ്റ്റാഫിന്റെ മകളുടെ വിവാഹത്തിന് 50,000 രൂപ സഹായം നൽകി.
4. ധ്യാനകേന്ദ്രത്തിലെ മറ്റൊരു സ്റ്റാഫിന്റെ മകളുടെ പഠനത്തിന് 65,000 രൂപ വായ്പാസഹായമായി നൽകി.
5. സ്വന്തമായി സ്ഥലവും വീടുമില്ലാത്ത ഒരു സ്റ്റാഫിനു അവ നൽകണമെന്ന ആഗ്രഹത്തോടെ പരിശ്രമിച്ചുകൊണ്ടിരിക്കുന്നു.

## വൈദികരുടെ സഹകരണത്തിനു നന്ദി

ധ്യാനത്തിൽ പങ്കെടുത്ത വൈദികരോടു സ്റ്റാഫിനുവേണ്ടി സഹായം അഭ്യർത്ഥിച്ച് സ്തോത്രകാഴ്ചയെടുത്തപ്പോൾ രണ്ടാമത്തെ ബാച്ച് 23500 രൂപയും മൂന്നാമത്തെ ബാച്ച് 35660 രൂപയും നൽകി. സഹകരിച്ച പ്രിയ വൈദികർക്കു ഹൃദയംനിറഞ്ഞ നന്ദി.

**NB:** ധ്യാനകേന്ദ്രത്തിലെ സ്റ്റാഫിനുവേണ്ടിയുള്ള ഭവനനിർമാണ സഹായത്തിനു സന്നദ്ധതയും സാദ്ധ്യതയുമുള്ളവർ ദയവായി സഹായിക്കണമേ.

**ഫാ. തോമസ് പ്ലാപ്പറമ്പിൽ**
*(ഡയറക്ടർ)*

# കരിസ്മാറ്റിക് നവീകരണം

*വിശുദ്ധ സ്വർഗത്തിൽനിന്ന് അങ്ങയുടെ ജ്ഞാനത്തിന്റെ*
*സിംഹാസനത്തിൽനിന്ന് ജ്ഞാനത്തെ അയച്ചുതരണമേ.*
(ജ്ഞാനം 9:10)

സഹസ്രദിനപ്രാർത്ഥനയുടെ ഭാഗമായി സെപ്റ്റംബർ 05 നു രാവിലെ 9 മുതൽ 2 മണി വരെ കൊടിനാട്ടുംകുന്ന് സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിൽ ആരാധനയും വചനപ്രഘോഷണവും നടന്നു. ലൂയിസ് വെള്ളാനിക്കൽ അച്ചൻ വചനശുശ്രൂഷയും വികാരി ജോസഫ് നിലവന്തറയച്ചൻ ആരാധനയും നടത്തി. നൂറിലധികം പേർ പങ്കെടുത്തു. മധ്യസ്ഥപ്രാർത്ഥനാ മിനിസ്ട്രിയുടെ നേതൃത്വത്തിൽ പ്രാർത്ഥനാക്കൂട്ടായ്മകൾ നടന്നുവരുന്നു. ക്രിസ്റ്റീൻ മിനിസ്ട്രിയുടെ നേതൃത്വത്തിൽ വേഴപ്രാ സെന്റ് പോൾസ് പള്ളിയിൽ മൂന്നുദിവസത്തെ ക്രിസ്റ്റീൻ ധ്യാനം നടന്നു. എൺപതിലധികം കുട്ടികളും മാതാപിതാക്കളും പങ്കെടുത്തു. സെപ്റ്റംബർ 27, 28 ദിവസങ്ങളിൽ ചെത്തിപ്പുഴ സേക്രഡ് ഹാർട്ട് പള്ളിയിൽ ശിഷ്യത്വ വളർച്ചാധ്യാനം നടന്നു.

## ലോഡ്സ് കപ്പിൾസ് മിനിസ്ട്രി ചങ്ങനാശേരി സോൺ: 56-ാമത് മീറ്റിങ് റിപ്പോർട്ട്

56-ാമത് മീറ്റിങ് കല്ലുപുരയ്ക്കൽ ആന്റണി-ലിസമ്മ ദമ്പതികളുടെ ഭവനത്തിൽ നടത്തി. പച്ച-ചെക്കിടിക്കാട് ലൂർദുമാതാ പള്ളി വികാരി ജോസഫ് ചൂളപറമ്പിൽ, ഡീക്കൻ അൻസൽ നടുതൊട്ടിയിൽ MCBS എന്നിവരുടെ നേതൃത്വത്തിൽ ജപമാല പ്രാർത്ഥനയോടെ 3 മണിക്ക് ആരംഭിച്ചു.

ലൂയിസ് അച്ചൻ വി. ലൂക്കായുടെ സുവിശേഷം 19:1-10 വായിച്ച് വിചിന്തനം നടത്തി. കുറവുകൾ ഉള്ളിടത്താണ് ഈശോയുടെ സാന്നിദ്ധ്യം ലഭിക്കുന്നതെന്നും ദമ്പതികൾ ഒരുമിച്ചു നിൽക്കുമ്പോൾ അതു വലിയ ശക്തിയാണെന്നും ഈശോയുടെ രക്ഷയുൾക്കൊള്ളുന്ന കുടുംബമായി മാറാൻ പ്രാർത്ഥിക്കാമെന്നും അച്ചൻ പറഞ്ഞു. വചനവിചിന്തനത്തിനുശേഷം ലിസമ്മ ടീച്ചർ എല്ലാവരെയും സ്വാഗതം ചെയ്തു. തുടർന്ന് റിപ്പോർട്ട് വായിച്ചു. 7 ദമ്പതികൾ മീറ്റിങ്ങിൽ പങ്കെടുത്തു.

ഇടവകയിലെ വികാരിയച്ചന്റെ സമ്മതത്തോടെ കുടുംബങ്ങൾക്കു നൽകാനുള്ള കത്ത് അടുത്ത മീറ്റിങ്ങിൽ നൽകും. എല്ലാവരും സെല്ലുകളുടെ പ്രവർത്തനം ഷെയർ ചെയ്തു. പച്ച-ചെക്കിടിക്കാട് ലൂർദുമാതാ ഇടവകയിൽ സെപ്റ്റംബർ 8 നുശേഷം പുതിയ സെൽ രൂപീകരണത്തിനായുള്ള പ്രവർത്തനം തുടങ്ങിയെന്ന് ആന്റണി സാർ പറഞ്ഞു. അടുത്ത മീറ്റിങ് ചങ്ങനാശേരി പാസ്റ്ററൽ സെന്ററിൽ ഒക്ടോബർ 7 നു നടത്താനും മാമ്മൂട് ലൂർദുമാതാ ഇടവകയിൽ സെപ്റ്റംബർ 10 നു 7 കപ്പിൾസിനു ഫോർമേഷൻ നൽകാനും തീരുമാനിച്ചു. ചെത്തിപ്പുഴയിൽ ഇതുവരെ സെൽ രൂപീകരിക്കാൻ സാധിച്ചില്ല. ചീരംചിറ, വെരൂർ, തൃക്കൊടിത്താനം, ഫാത്തിമാപുരം എന്നിവിടങ്ങളിൽ സെൽ പ്രവർത്തനം ഭംഗിയായി നടക്കുന്നു. ട്രഷറർ കപ്പിൾസ് കുര്യൻ-ജോയ്സ് ദമ്പതികൾക്കു പകരമായി കുന്നുംപുറം ജോണിച്ചൻ-ബെറ്റി ദമ്പതികളെ തിരഞ്ഞെടുത്തു. പ്രാർത്ഥനയോടെയും ലൂയിസ് അച്ചന്റെ സമാപനാശീർവാദത്തോടെയും മീറ്റിങ് അവസാനിച്ചു.

സ്നേഹപൂർവം,

**മോൻ ചെത്തിമറ്റം**
*(കോഡിനേറ്റർ)*

**ഫാ. ലൂയിസ് വെള്ളാനിക്കൽ**
*(ആനിമേറ്റർ)*

193

**പൗരോഹിത്യ ആദ്ധ്യാത്മികത:**
**വചനവിചിന്തനങ്ങൾ**

**മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ**



# പക്വത പ്രാപിക്കേണ്ട ക്രിസ്തീയജീവിതം

(തിരുവചനഭാഗം: 1 കോറിന്തോസ് 3,1-23)

പൗലോസ്ശ്ലീഹാ കോറിന്തോസുകാർക്കെഴുതിയ ഒന്നാം ലേഖനത്തിന്റെ മൂന്നാം അദ്ധ്യായത്തിൽ, പക്വതപ്രാപിക്കേണ്ട ക്രിസ്തീയജീവിതത്തെപ്പറ്റിയാണ് പഠിപ്പിക്കുന്നത്. ഈ ലേഖനഭാഗത്തെ താഴെകാണും വിധം വിഭജിക്കാം.

1. പക്വതപ്രാപിക്കാത്തവർ (3,1-4)
2. ശുശ്രൂഷകരുടെ സ്ഥാനം (3,5-9)
3. മിശിഹായ്ക്കു ചേർന്നവിധം ജീവിക്കുക (3,10-15)
4. സഭ: ദൈവത്തിന്റെ ആലയം (3,16-17)
5. യഥാർത്ഥജ്ഞാനവും മിശിഹാനുഭവവും (3,18-23)

ഈ ലേഖനഭാഗത്തിന്റെ വെളിച്ചത്തിൽ അജപാലകർക്കുള്ള സന്ദേശങ്ങൾ മനസ്സിലാക്കാൻ ശ്രമിക്കാം.

### 1. പക്വതപ്രാപിക്കാത്തവർ

*''സഹോദരരേ, എനിക്കു നിങ്ങളോട്, ആത്മീയമനുഷ്യരോട് എന്നതുപോലെ സംസാരിക്കാൻ സാധിച്ചില്ല. ജഢികമനുഷ്യരോട് എന്നതുപോലെയും മിശിഹായെക്കുറിച്ചുള്ള അറിവിന്റെ കാര്യത്തിൽ പൈതങ്ങളോട് എന്നതുപോലെയുമാണ് നിങ്ങളോടു ഞാൻ സംസാരിച്ചത്. ഗുരുവായ ഭക്ഷണം കഴിക്കാൻ ശക്തരല്ലാതിരുന്നതിനാൽ നിങ്ങൾക്കു ഞാൻ പാൽ തന്നു. ഇപ്പോഴും നിങ്ങൾ ആ അവസ്ഥയിലാണ്. എന്തെന്നാൽ, നിങ്ങൾ ഇപ്പോഴും ജഢികമനുഷ്യർതന്നെ. നിങ്ങളുടെയിടയിൽ അസൂയയും തർക്കവും നിലനിൽക്കുമ്പോൾ നിങ്ങൾ ജഢികരും സാധാരണക്കാരുമല്ലേ?''* (3,1-3).

പക്വമതികളല്ലാത്ത കോറിന്തോസിലെ വിശ്വാസികളെ അവരുടെ പോരായ്മകളെക്കുറിച്ചു ശ്ലീഹാ ബോധവത്ക്കരിക്കുന്നു. 'സഹോദരരേ' എന്നുവിളിച്ചാണ് പൗലോസ് അവരെ ഉപദേശിക്കാൻ തുടങ്ങുന്നത്. സമൂഹത്തെ മുഴുവനാണ് ഇവിടെ സംബോധന ചെയ്യുന്നത്. മൂന്നുഗ്രൂപ്പുകളായി കോറിന്തോസുകാരെ പൗലോസ്ശ്ലീഹാ കാണുന്നു: 1. ലൗകികമനുഷ്യർ; 2. ആത്മീയമനുഷ്യർ; 3. മിശിഹായിൽ ശിശുക്കൾ. വിശ്വാസത്തിന്റെ മേഖലയിൽ അവർ ശിശുക്കളാണ്. വിശ്വാസത്തിനനുസൃതമായ വളർച്ച അവരിലുണ്ടായിട്ടില്ല. അതുകൊണ്ട് അവർ ലൗകികചിന്താഗതികൾക്കനുസരിച്ച് ജീവിക്കുന്നവരും അരൂപിയാൽ നയിക്കപ്പെടാതെ ജഢികതാത്പര്യങ്ങൾ പുലർത്തുന്നവരുമായി കഴിയുന്നു. അതിന്റെ അടയാളമാണ് അവരുടെയിടയിൽ അസൂയയും തർക്കവും നിലനിൽക്കുന്നത്.

അസൂയയും തർക്കവുംമൂലം കക്ഷി തിരിഞ്ഞുള്ള നിലപാടുകൾ കോറിന്തോസിലെ സമൂഹത്തിൽ രൂപപ്പെട്ടിരുന്നു. ഈശോയിൽ വിശ്വസിക്കുന്നവരെന്ന നിലയിൽ, ഈശോയെ നാഥനും കർത്താവുമായി ഏറ്റുപറയുന്നവരാണവർ. അവരെ ഭരിക്കുന്നവനായി ഈശോ അവരുടെ ജീവിതത്തിൽ കടന്നുവരേണ്ടതാണ്. അപ്രകാരം ഐക്യത്തിൽ ഒന്നായിജീവിക്കുന്നതാണ് വിശ്വാസത്തിൽ വളർച്ചയുണ്ടായിയെന്നതിന്റെ അടയാളം. ഈ വാക്കുകളുടെ വെളിച്ചത്തിൽ ഇന്നത്തെ ക്രൈസ്തവജീവിതത്തെ നാം വിലയിരുത്തേണ്ടതാണ്. സഭയിലെ ഭിന്നിപ്പുകൾ, സഭാംഗങ്ങൾ വെറും ലൗകികരായി കഴിയുന്നുവെന്നതിന്റെ അടയാളമാണ്. വിശ്വാസത്തിൽ വളർന്ന് ആത്മീയരും പക്വമതികളുമായി ഐക്യത്തിൽ ജീവിക്കുവാൻ അജപാലകർ അജഗണങ്ങളെ ബോധവത്ക്കരിക്കണം.

## 2. ശുശ്രൂഷകരുടെ സ്ഥാനം

*"അപ്പോളോസ് ആരാണ്? പൗലോസ് ആരാണ്? കർത്താവ് നിശ്ചയിച്ചുതന്നതനുസരിച്ച് നിങ്ങളെ വിശ്വാസത്തിലേക്കു നയിച്ച ശുശ്രൂഷകർ മാത്രം. ഞാൻ നട്ടു; അപ്പോളോസ് നനച്ചു; എന്നാൽ, ദൈവമാണു വളർത്തിയത്. അതുകൊണ്ട്, നടുന്നവനോ നനയ്ക്കുന്നവനോ അല്ല വളർത്തുന്നവനായ ദൈവത്തിനാണ് പ്രാധാന്യം. നടുന്നവനും നനയ്ക്കുന്നവനും തുല്യരാണ്. ജോലിക്കു തക്കകൂലി ഓരോരുത്തർക്കും ലഭിക്കും. ഞങ്ങൾ ദൈവത്തിന്റെ കൂട്ടുവേലക്കാരാണ്; നിങ്ങളാകട്ടെ ദൈവത്തിന്റെ വയലും വീടും"* (3,5-9).

തന്റെയും അപ്പോളോസിന്റെയും പേരുകൾ മാത്രമാണ് പൗലോസ്ശ്ലീഹാ ഇവിടെ ഉപയോഗിക്കുന്നത്. പൗലോസിനോടു വളരെ അടുപ്പമുള്ളയാളായിരുന്നു അപ്പോളോസ്. ഈ പരാമർശത്തിൽനിന്നുകൊണ്ട് ഇടയശുശ്രൂഷകരുടെ സ്ഥാനമെന്തെന്നു ശ്ലീഹാ വ്യക്തമാക്കുകയാണ്. 'ശുശ്രൂഷകർ' എന്നതിനു 'ഡിയാക്കോനോയി' എന്ന ഗ്രീക്കുവാക്കാണ് ഇവിടെ ഉപയോഗിക്കുക. ഭക്ഷണമേശയിൽ ശുശ്രൂഷിക്കുന്ന ആളാണ് 'ഡിയാക്കൊനോസ്'. ഭക്ഷണമേശയിലെ ശുശ്രൂഷ സ്നേഹത്തിന്റെയും കരുതലിന്റെയും ശുശ്രൂഷയാണ്. പുതിയനിയമത്തിൽ ഓരോ ക്രിസ്ത്യാനിയുടെയും ശുശ്രൂഷയെ ദ്യോതിപ്പിക്കാൻ ഉപയോഗിക്കുന്ന പദമാണിത്. ദൈവമാണ് യഥാർത്ഥത്തിൽ പ്രവർത്തിക്കുന്നത്. ദൈവമാണ് രക്ഷയിലേക്കു ക്ഷണിക്കുന്നതും രക്ഷ സാധ്യമാക്കുന്നതും. സഭാശുശ്രൂഷ നിർവഹിക്കുന്നവരെല്ലാം ദൈവത്തിന്റെ രക്ഷാപ്രവർത്തനത്തിൽ സഹകരിക്കുന്ന ദൈവത്തിന്റെ ഉപകരണങ്ങൾ മാത്രമാണ്. അതുകൊണ്ട് ശുശ്രൂഷയുടെ വിജയപരാജയങ്ങളെക്കുറിച്ചു വ്യഗ്രതപ്പെടാതെ ആത്മാർത്ഥതയോടെ ജോലിചെയ്താൽ മതി.

ഈ ആശയം വ്യക്തമാക്കിക്കൊണ്ട് മൂന്നുവാക്കുകൾ പൗലോസ്ശ്ലീഹാ ഉപയോഗിക്കുന്നുണ്ട്. കൂട്ടുവേലക്കാർ, വയൽ, വീട് എന്നിവയാണവ. മൂന്നിനും 'ദൈവത്തിന്റെ' എന്ന വിശേഷണം നൽകിയിരിക്കുന്നു. ശുശ്രൂഷകർ ദൈവത്തിന്റെ കൂട്ടുവേലക്കാരാണ്. യഥാർത്ഥ ജോലിക്കാരൻ ദൈവമാണ്. ഇതു ദൈവത്തിന്റെ ജോലിയുമാണ്. ദൈവത്തിന്റെ ജോലിയിൽ ദൈവത്തോടുകൂടി ജോലി ചെയ്യുക മാത്രമാണ് ഓരോ ശുശ്രൂഷകനും. ദൈവം തന്റെ ജോലി ചെയ്യുന്നു. അതിൽ പങ്കുചേരാൻ നാമോരുത്തരെയും ഔദാര്യത്തോടെ ക്ഷണി

ച്ചിരിക്കുന്നു. അപ്രകാരം ദൈവത്തിന്റെ കൂട്ടുവേലക്കാരായിരിക്കുകയെന്നതു വലിയ കൃപയുടെ അനുഭവവും അനുഗ്രഹവുമാണ്. അപ്രകാരം ശുശ്രൂഷാ മനോഭാവത്തോടെ സഭാജീവിതം നയിക്കുവാൻ അജപാലകരും അജഗണ ങ്ങളും പ്രത്യേകം ശ്രദ്ധിക്കണം.

### 3. മിശിഹായ്ക്കു ചേർന്നവിധം ജീവിക്കുക

*''എനിക്കു നൽകപ്പെട്ട ദൈവകൃപയനുസരിച്ച്, ഒരു വിദഗ്ദ്ധശില്പിയെ പ്പോലെ, ഞാൻ അടിസ്ഥാനമിട്ടു. മറ്റൊരുവൻ അതിന്മേൽ പണിയുകയും ചെയ്യുന്നു. എപ്രകാരമാണ് താൻ പണിയുന്നതെന്ന് ഓരോരുത്തരും ഗൗരവ പൂർവം ചിന്തിക്കട്ടെ. ഈശോമിശിഹായെന്ന അടിസ്ഥാനം സ്ഥാപിക്കപ്പെട്ടു കഴിഞ്ഞു; അതിനുപുറമേ മറ്റൊന്നു സ്ഥാപിക്കാൻ ആർക്കും സാധിക്കുകയില്ല. ഈ അടിസ്ഥാനത്തിന്മേൽ ആരെങ്കിലും സ്വർണമോ വെള്ളിയോ രത്നങ്ങളോ തടിയോ പുല്ലോ വയ്ക്കോലോ ഉപയോഗിച്ചു പണിതാലും ഓരോരുത്തരു ടെയും പണി ഏതുതരത്തിലുള്ളതെന്ന് അഗ്നി തെളിയിക്കുകയും ചെയ്യും''* (3,10-13).

സഭ ദൈവത്തിന്റെ വീടാണെന്ന വസ്തുത പൗലോസ്ശ്ലീഹാ ഇവിടെ കൂടുതൽ വ്യക്തമാക്കുന്നു. വീടിന്റെ അടിസ്ഥാനം മിശിഹാതന്നെയാണ്. ഓരോരുത്തരും മിശിഹായാകുന്ന അടിസ്ഥാനത്തിൽ താന്താങ്ങളുടെ വസ്തു ക്കൾ ഉപയോഗിച്ച് ഭവനത്തിന്റെ പണിനടത്തുന്നു. നിർമാണവസ്തുക്കളുടെ ഗുണമേന്മയും മൂല്യവും ഏറെ പ്രധാനപ്പെട്ടതാണ്. പൗലോസ്ശ്ലീഹാ സഭയുടെ ശില്പിയെന്നതിനേക്കാൾ, പണിയുടെ മേൽനോട്ടം വഹിക്കുന്ന വ്യക്തിയാണ്. സഭാംഗങ്ങളെല്ലാവരും മിശിഹായുടെ രക്ഷാകരസുവിശേഷത്തിനനുസൃത മായ ജീവിതം നയിച്ചുകൊണ്ട് സഭാസൗധത്തെ കെട്ടിപ്പടുക്കണം. അവരുടെ ജീവിതവും വാക്കുകളും പ്രവർത്തികളുമെല്ലാം മിശിഹായുടെ സുവിശേഷാ നുസൃതമാണെന്ന് ഉറപ്പുവരുത്തണം.

ഓരോ ജോലിക്കാരും ദൈവത്തിനു കണക്കുകൊടുക്കേണ്ടിവരും. കാരണം അയാൾ സ്വന്തം ജോലിയല്ല ദൈവത്തിന്റെ ജോലിയാണ് ചെയ്യുന്നത്. 'കർത്താ വിന്റെ ദിനത്തിൽ' ഓരോരുത്തരുടെയും പണിയുടെ മേന്മ വ്യക്തമാക്കപ്പെടും. 'കർത്താവിന്റെ ദിനം' എന്നതു ദൈവം വിധി നടപ്പാക്കുന്ന ദിനമാണ്. ക്രൈസ്ത വരെ സംബന്ധിച്ചിടത്തോളം അതു മിശിഹായുടെ രണ്ടാമാഗമനസന്ദർഭമാണ്. സഭാംഗങ്ങളോരോരുത്തരും താന്താങ്ങളുടെ പ്രതിഫലം സ്വീകരിക്കുന്ന വിധി യുടെ നിമിഷമാണത്. വിലയുള്ള വസ്തുക്കൾ ഉപയോഗിച്ചു പണിതവ പരീക്ഷ ണങ്ങളെ അതിജീവിച്ചു നിലനില്ക്കും (3,14-15). അതായതു ശരിയായ സ്നേഹ ത്തിന്റെയും വിശുദ്ധിയുടെയും ജീവിതം നയിച്ചവർ പ്രതിസമ്മാനിക്കപ്പെടും. അവർ നിത്യരക്ഷ കൈവരിക്കും. അല്ലാത്തവർ നിത്യവിധിക്കു പാത്രീഭൂതരാ യിത്തീരും. മിശിഹായുടെ സ്നേഹത്തിനും വിശുദ്ധിക്കും ചേർന്നവിധം സഭാ സമൂഹത്തെ കെട്ടിപ്പടുക്കുവാൻ സഭാംഗങ്ങളോരോരുത്തരും ശ്രദ്ധിക്കണം. അപ്ര കാരം സഭാംഗങ്ങളെ ബോധവത്ക്കരിക്കുവാൻ അജപാലകരും ശ്രദ്ധിക്കണം.

### 4. സഭ: ദൈവത്തിന്റെ ആലയം

*''നിങ്ങൾ ദൈവത്തിന്റെ ആലയമാണെന്നും ദൈവാത്മാവ് നിങ്ങളിൽ*

*വസിക്കുന്നുവെന്നും നിങ്ങൾ അറിയുന്നില്ലേ? ദൈവത്തിന്റെ ആലയം നശിപ്പിക്കുന്നവനെ ദൈവവും നശിപ്പിക്കും. എന്തെന്നാൽ, ദൈവത്തിന്റെ ആലയം പരിശുദ്ധമാണ്. ആ ആലയം നിങ്ങൾതന്നെ''* (3,16–17).

സഭ ദൈവത്തിന്റെ അരൂപിയാൽ ജനിച്ചവരുടെയും ജീവിക്കുന്നവരുടെയും സമൂഹമായതുകൊണ്ട് ദൈവത്തിന്റെ ആലയമാണ്. ദൈവം സ്നേഹമാണ്. പരസ്പരം സ്നേഹിക്കുന്നവരാണ് ദൈവത്തെ അറിയുന്നവരും ദൈവത്തിൽ നിന്നു ജനിച്ചവരും (1 യോഹ. 4,7–8). സഭയിൽ ഭിന്നിപ്പുകളും അനൈക്യവുമുണ്ടായാൽ, അതു ദൈവത്തിന്റെ ആലയത്തെ നശിപ്പിക്കും. കാരണം സ്നേഹമില്ലാത്തിടത്തു ദൈവമുണ്ടാവുകയില്ല. സഭാംഗങ്ങളുടെ അടിസ്ഥാനപ്രമാണം പരസ്പരസ്നേഹമാണ്. പുതിയ ദൈവജനത്തിന്റെ അടിസ്ഥാനപ്രമാണമായി ഈശോ നല്കിയതു പരസ്പരസ്നേഹത്തിന്റെ കല്പനയാണ് (യോഹ. 13,34–35). സ്നേഹമില്ലാത്ത സമൂഹത്തിൽ ദൈവാരൂപിയ്ക്കു പ്രവർത്തിക്കാൻ സാധിക്കുകയില്ല, ദൈവത്തിന്റെ ആലയമെന്നനിലയിൽ നിലനിൽക്കാൻ സഭാസമൂഹത്തിനു സാധ്യമല്ലാതായിത്തീരും.

ദൈവം പരിശുദ്ധനായതുകൊണ്ട് ദൈവത്തിന്റെ ആലയമായ സഭാംഗങ്ങളും പരിശുദ്ധരായിരിക്കണം. പഴയനിയമദൈവജനത്തിനു ദൈവം നല്കിയ കല്പനയായിരുന്നു വിശുദ്ധിയിലേക്കുള്ള വിളി. ''കർത്താവു മോശയോട് അരുൾച്ചെയ്തു: ഇസ്രായേൽസമൂഹത്തോടു പറയുക. നിങ്ങൾ പരിശുദ്ധരായിരിക്കുവിൻ. എന്തെന്നാൽ നിങ്ങളുടെ ദൈവവും കർത്താവുമായ ഞാൻ പരിശുദ്ധനാണ്'' (ലേവ്യർ 19,1–2). പുതിയ നിയമദൈവജനത്തിനും വിശുദ്ധിയിലേക്കുള്ള വിളി നല്കപ്പെട്ടിരിക്കുകയാണ്. ''നിങ്ങളെ വിളിച്ചവൻ പരിശുദ്ധനായിരിക്കുന്നതുപോലെ, എല്ലാ പ്രവൃത്തികളിലും നിങ്ങളും പരിശുദ്ധരായിരിക്കുവിൻ'' (1 പത്രോസ് 1,15). വിശുദ്ധിയ്ക്ക് ഒരു മുഖമേയുള്ളൂ. അതു സ്നേഹത്തിന്റെ മുഖമാണ്. കോറിന്തോസുകാരുടെ സഭയിലെ ഭിന്നിപ്പുകളും അനൈക്യവും ദൈവത്തിന്റെ ആലയമായ സഭയെ നശിപ്പിക്കും. അതിന്റെ ഫലമായി സഭാംഗങ്ങളും നശിക്കും. സ്നേഹത്തിലും ഐക്യത്തിലും ജീവിക്കുന്ന വിശുദ്ധരുടെ സമൂഹമായി സഭയെ കെട്ടിപ്പടുക്കുവാൻ സഭാംഗങ്ങളും അജപാലകരും ആത്മാർത്ഥമായി പരിശ്രമിക്കണം.

### 5. യഥാർത്ഥജ്ഞാനവും മിശിഹാനുഭവവും

*''ആരും ആത്മവഞ്ചന ചെയ്യാതിരിക്കട്ടെ. ആരെങ്കിലും ഈ ലോകത്തിൽ ജ്ഞാനിയെന്നു വിചാരിക്കുന്നപക്ഷം യഥാർത്ഥജ്ഞാനിയാകേണ്ടതിനു തന്നെത്തന്നെ ഭോഷനാക്കട്ടെ. എന്തെന്നാൽ ഈ ലോകത്തിന്റെ വിജ്ഞാനം ദൈവത്തിനു ഭോഷത്തമാണ്. അവൻ ബുദ്ധിശാലികളെ അവരുടെ തന്ത്രങ്ങളിൽത്തന്നെ കുടുക്കുന്നുവെന്നും ബുദ്ധിശാലികളുടെ ആലോചനകൾ വ്യർഥങ്ങളാണെന്നു കർത്താവ് അറിയുന്നുവെന്നും എഴുതപ്പെട്ടിരിക്കുന്നു. അതിനാൽ, മനുഷ്യരുടെ പേരിൽ നിങ്ങൾ അഭിമാനിക്കേണ്ടാ. എല്ലാം നിങ്ങളുടെ സ്വന്തമാണ്. പൗലോസും അപ്പോളോസും കേപ്പായും ലോകവും ജീവനും മരണവും ഇപ്പോഴുള്ളവയും ഉണ്ടാകാനിരിക്കുന്നവയും എല്ലാം നിങ്ങളുടേതുതന്നെ. നിങ്ങളാകട്ടെ മിശിഹായുടെയും, മിശിഹാ ദൈവത്തിന്റെയും''* (3,18–23).


കോറിന്തോസിലെ സഭയുടെ ഭിന്നതയുടെ പശ്ചാത്തലത്തിൽ സഭയുടെ തന്നെ അർത്ഥത്തിലേക്കും അടിസ്ഥാനത്തിലേക്കും പൗലോസ്ശ്ലീഹാ ശ്രദ്ധ ക്ഷണിക്കുകയാണ്. ആരും ആത്മവഞ്ചന ചെയ്യാതിരിക്കട്ടെയെന്ന ഉപദേശം സഭാംഗങ്ങളെ ഓരോരുത്തരെയും ഉദ്ദേശിച്ചുതന്നെയാണ്. ഇല്ലാത്ത മഹിമകൾ ഉണ്ടെന്ന വിധമുള്ള പെരുമാറ്റമാണ് ഇവിടെ ആത്മവഞ്ചനകൊണ്ടർത്ഥമാക്കുന്നത്. സഭയിൽ ഇത്തരം പെരുമാറ്റങ്ങൾ നിലനിൽക്കുന്നു. ചില നേതാക്കന്മാരോടും ചില ഗ്രൂപ്പുകളോടും പക്ഷംചേർന്നു വഴിതെറ്റിപ്പോയിരിക്കുകയാണവർ. തങ്ങൾ ജ്ഞാനികളാണെന്നു കോറിന്തോസിലെ പല നേതാക്കളും കരുതുന്നു. അപ്രകാരം ഓരോ വിഭാഗത്തിന്റെ വക്താക്കളായി അവർ സ്വയം അബദ്ധത്തിൽ കഴിയുന്നു.

യഥാർത്ഥജ്ഞാനം ദൈവത്തിൽനിന്നു വരുന്നതാണ്. കുരിശിന്റെ ഭോഷത്തം സ്വന്തമാക്കുമ്പോൾ മാത്രമേ യഥാർത്ഥജ്ഞാനികളാകുവാൻ കഴിയുകയുള്ളൂ. വിശുദ്ധഗ്രന്ഥത്തിൽനിന്നു രണ്ടുവചനങ്ങൾ ഉദ്ധരിച്ച് ഇതു വ്യക്തമാക്കുവാൻ ശ്രമിക്കുന്നു: ‘‘അവിടുന്നു ജ്ഞാനിയെ അവന്റെതന്നെ ഉപായങ്ങളിൽ കുടുക്കുന്നു’’ (ജോബ് 5,13); ‘‘കർത്താവ് മനുഷ്യരുടെ വിചാരങ്ങൾ അറിയുന്നു’’ (സങ്കീ 94,11). വ്യക്തികളുടെ പേരിൽ അഭിമാനംകൊള്ളുകയും അതിന്റെ അടിസ്ഥാനത്തിൽ സഭയിൽ ഭിന്നതകൾ സൃഷ്ടിക്കുകയും വിവിധ കക്ഷികളായിത്തിരിഞ്ഞു പരസ്പരം മത്സരിക്കുകയും ചെയ്യുന്ന കോറിന്തോസിലെ സഭാസമൂഹം അടിസ്ഥാനപരമായ മാനസാന്തരത്തിനു വിധേയമാകണം. ക്രിസ്തീയവിശ്വാസത്തിന്റെ യഥാർത്ഥ ഉറവിടം ക്രൂശിതനായ മിശിഹായാണ്. മിശിഹായിലൂടെ ദൈവം യാഥാർഥ്യമാക്കിയതു രക്ഷാപദ്ധതിയാണ്. പാപത്തിന്റെ ഫലമായി ചിന്നിച്ചിതറിക്കിടക്കുന്ന ദൈവത്തിന്റെ മക്കളെ സ്നേഹത്തിൽ ഒന്നിപ്പിക്കുന്ന മിശിഹാനുഭവമാണ് യഥാർത്ഥജ്ഞാനത്തിന്റെ അടിസ്ഥാനം. ഇപ്രകാരമുള്ള മിശിഹാനുഭവത്തിലൂടെ യഥാർത്ഥജ്ഞാനികളായി സ്നേഹത്തിലും ഐക്യത്തിലും ജീവിക്കുവാൻ സഭാംഗങ്ങളെ അജപാലകർ പരിശീലിപ്പിക്കണം.

## ജീവിതസൂചിക

1. വിശ്വാസത്തിൽ വളർന്ന് ആത്മീയരും പക്വമതികളുമായി ഐക്യത്തിൽ ജീവിക്കുവാൻ ഞാൻ ജനങ്ങളെ ബോധവത്ക്കരിക്കുന്നുണ്ടോ?
2. ശുശ്രൂഷാമനോഭാവത്തോടെ അജപാലനശുശ്രൂഷ നിർവഹിക്കുവാൻ ഞാൻ ശ്രദ്ധിക്കുന്നുണ്ടോ?
3. മിശിഹായുടെ രണ്ടാമാഗമനത്തെ മുന്നിൽ കണ്ടുകൊണ്ടു വിശുദ്ധിയിലും സ്നേഹത്തിലും ജീവിക്കുവാൻ ഞാൻ ജനങ്ങളെ പരിശീലിപ്പിക്കുന്നുണ്ടോ?
4. ദൈവത്തിന്റെ കൂട്ടുവേലക്കാരായി സഭാശുശ്രൂഷ നിർവഹിക്കുവാൻ ഞാൻ എപ്രകാരം ജനങ്ങളെ പഠിപ്പിക്കുന്നു?
5. മിശിഹാനുഭവത്തിലൂടെ യഥാർത്ഥജ്ഞാനികളായി സ്നേഹത്തിലും ഐക്യത്തിലും ജീവിക്കുവാൻ ഞാൻ ജനങ്ങളെ ഉദ്ബോധിപ്പിക്കുന്നുണ്ടോ?

■



# അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി

## മാർ ജോസഫ് പെരുന്തോട്ടം

**ഓഗസ്റ്റ് 2023**

21-26 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടത്തപ്പെട്ട സീറോമലബാർ മെത്രാൻ സിനഡിൽ പങ്കെടുത്തു.

27 കൈനടി വ്യാകുലമാതാ ദൈവാലയത്തിൽ അജപാലനസന്ദർശനത്തിനോടനുബന്ധിച്ച് പരി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി; തുടർന്നു സിമിത്തേരി സന്ദർശനം നടത്തി; ഇടവകയിലെ സംഘടനകളുടെ പ്രതിനിധികളെയും സൺഡേസ്കൂൾ കുട്ടികളെയും അധ്യാപകരെയും കണ്ടുസംസാരിച്ചു; രോഗികളുടെ ഭവനങ്ങൾ സന്ദർശിച്ചു.

28 രാവിലെ മാങ്ങാനം MOC ൽ പരി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി; തുടർന്നു നടത്തപ്പെട്ട കോൺവൊക്കേഷനിൽ പങ്കെടുത്തു. കടുവാക്കുളം ലിറ്റിൽ ഫ്ളവർ ഇടവകാംഗമായ സാലിച്ചൻ കളപ്പുരക്കലിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് ഫൊറോന ഇടവകാംഗമായ മ്ശംശാന ബ്രിന്റോ മനയത്തിന്റെ പിതാവ് ജോസഫ് സേവ്യറിന്റെ മൃതസംസ്കാരത്തിനു ദൈവാലയത്തിലെ ശുശ്രൂഷകൾക്കു കാർമികത്വം വഹിച്ചു. രാമങ്കരിയിൽ KRRIS - AKCC സംയുക്തനേതൃത്വത്തിൽ നടത്തപ്പെട്ട കർഷകരക്ഷാ സംഗമധർണയിൽ പങ്കെടുത്തു. രാമങ്കരി സെന്റ് ജോസഫ്സ് ഇടവകാംഗമായ ബ്രദർ സേവ്യർ ചേന്നാട്ടുശ്ശേരിയുടെ വല്യപ്പച്ചൻ സി. സി. സേവ്യർക്കുട്ടിയുടെ മൃതസംസ്കാരത്തിനു വീട്ടിലെ ശുശ്രൂഷകൾക്കു കാർമികത്വം വഹിച്ചു. പൗരോഹിത്യത്തിന്റെ സുവർണജൂബിലി ആഘോഷിക്കുന്ന ഗോരഖ്പുർ രൂപത മുൻ അദ്ധ്യക്ഷൻ അഭി. മാർ തോമസ് തുരുത്തിമറ്റം CST പിതാവിനെ അതിരൂപതാകേന്ദ്രത്തിൽ അനുമോദിച്ചു.

29 അതിരൂപതാകേന്ദ്രത്തിൽ നടത്തപ്പെട്ട ഓണാഘോഷത്തിൽ പങ്കെടുത്തു.

30 കുറിച്ചി സെന്റ് ജോസഫ്സ് ഇടവകാംഗമായ അഗസ്റ്റിൻ ജോസഫ് ആലഞ്ചേരിയുടെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. അതിരൂപതാകേന്ദ്രത്തിൽ അതിഥികളെ സ്വീകരിച്ചു. ഉച്ചകഴിഞ്ഞ് റീജൻസി ബ്രദേഴ്സിന്റെകൂടെ സമയം ചെലവഴിച്ചു.

31 അതിരൂപതാകേന്ദ്രത്തിൽ അതിഥികളെ സ്വീകരിച്ചു.

**സെപ്റ്റംബർ 2023**

01 രാവിലെ അതിരൂപതാകേന്ദ്രത്തിൽ നടത്തപ്പെട്ട NEST കോർ ടീം മീറ്റിങ്ങിൽ പങ്കെടുത്തു. പുളിങ്കുന്ന് സെന്റ് മേരീസ് ഫൊറോനാ ദൈവാലയത്തിൽ

തിരുനാളിനോടനുബന്ധിച്ചു പരി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി.

02 തൃക്കൊടിത്താനം കിളിമല സേക്രഡ് ഹാർട്ട് പബ്ലിക് സ്കൂൾ & ജൂനിയർ കോളേജ് ഓഡിറ്റോറിയത്തിൽ നടത്തപ്പെട്ട തൃക്കൊടിത്താനം ഫൊറോന പ്രതിനിധിയോഗാംഗങ്ങളുടെ സമ്മേളനത്തിൽ പങ്കെടുത്തു. ചങ്ങനാശേരി സന്ദേശനിലയത്തിൽ നടത്തപ്പെട്ട അഡ്വക്കേറ്റ്സ് ഫോറത്തിന്റെ സമ്മേളനത്തിൽ പങ്കെടുത്തു

03 ആലപ്പുഴ (കഞ്ഞിക്കുഴി) പാദുവാപുരം സെന്റ് ആന്റണീസ് ദൈവാലയത്തിൽ അജപാലനസന്ദർശനത്തിനോടനുബന്ധിച്ചു പരി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി. ഇടവകയിലെ സംഘടനകളുടെ പ്രതിനിധികളെയും സൺഡേസ്കൂൾ കുട്ടികളെയും അധ്യാപകരെയും കണ്ടുസംസാരിച്ചു; രോഗികളുടെ ഭവനങ്ങൾ സന്ദർശിച്ചു. മാടപ്പള്ളി ലിറ്റിൽ ഫ്ളവർ ദൈവാലയത്തിന്റെ ഓഡിറ്റോറിയത്തിൽ നടത്തപ്പെട്ട കുറുമ്പനാടം ഫൊറോന പ്രതിനിധിയോഗാംഗങ്ങളുടെ സമ്മേളനത്തിൽ പങ്കെടുത്തു.

04 രാവിലെ ചങ്ങനാശേരിയിൽ സൗത്ത് ഇന്ത്യൻ ബാങ്കിന്റെ പുതിയ കെട്ടിടം ഉദ്ഘാടനം ചെയ്തു. അതിരൂപതാകേന്ദ്രത്തിൽ നടത്തപ്പെട്ട യുവദീപ്തി - SMYM ഫൊറോനാ ഡയറക്ടേഴ്സിന്റെ സമ്മേളനത്തിൽ പങ്കെടുത്തു. വൈകുന്നേരം അതിരൂപതാകേന്ദ്രത്തിൽ നടത്തപ്പെട്ട നെടുങ്കുന്നം സഞ്ജീവനി ബോർഡ് മീറ്റിങ്ങിൽ പങ്കെടുത്തു.

05 ഇത്തിത്താനം ജോസഫൈൻ സിസ്റ്റേഴ്സ് ഫോർമേഷൻ ഹൗസിന്റെ സിൽവർ ജൂബിലിയോടനുബന്ധിച്ച് പരി. കുർബാനയർപ്പിച്ചു വചന സന്ദേശം നൽകി. പുന്നപ്ര മാർ ഗ്രിഗോറിയോസ് കോളേജിൽ നടത്തപ്പെട്ട അധ്യാപകദിനാഘോഷങ്ങളിൽ പങ്കെടുത്തു.

06 രാവിലെ വാഴപ്പള്ളി വെസ്റ്റ് (പാറേക്കടവ്)സെന്റ് മേരീസ് ദൈവാലയത്തിൽ പ്രവേശകകൂദാശകൾ നല്കി. ചങ്ങനാശേരി സെന്റ് ബർക്മൻസ് കോളേജ് കാവുകാട്ട് ഹാളിൽ നടത്തപ്പെട്ട കോർപ്പറേറ്റ് മാനേജ്മെന്റ് ടീച്ചേഴ്സ് മെഗാ കൺവൻഷനിൽ പങ്കെടുത്തു.

07 കോട്ടയം ലൂർദ്സ് പബ്ലിക് സ്കൂൾ & ജൂനിയർ കോളേജിൽ പുതുതായി നിർമിച്ച ഇൻഡോർ സ്റ്റേഡിയം വെഞ്ചരിച്ചു. അതിരൂപതാകേന്ദ്രത്തിൽ അതിഥികളെ സ്വീകരിച്ചു.

08 രാവിലെ പാറേൽ മരിയൻ തീർത്ഥാടനകേന്ദ്രത്തിൽ പരി. മറിയത്തിന്റെ ജനനത്തിരുനാളിനോടനുബന്ധിച്ച് പരി. കുർബാനയർപ്പിച്ചു വചന സന്ദേശം നൽകി. ഇത്തിത്താനം ഇടവകാംഗമായ വി.റ്റി. തോമസ് വടക്കേചാലയ്ക്കലിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. കോട്ടയം SEERI യിൽ നടത്തപ്പെട്ട World Syriac Conference ഉദ്ഘാടന സമ്മേളനത്തിൽ അധ്യക്ഷപ്രസംഗം നടത്തി. വൈകുന്നേരം ഇത്തിത്താനം

സെന്റ് മേരീസ് ദൈവാലയത്തിന്റെ ശതാബ്ദിയാഘോഷങ്ങളുടെ ഉദ്ഘാടന സമ്മേളനത്തിൽ പങ്കെടുത്തു.

09 ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ദൈവാലയത്തിൽ വിവാഹമാശീർവദിച്ചു. ഉച്ചകഴിഞ്ഞ് പുതുതായി നിർമിച്ച പന്തളം ദനഹാ സീറോമലബാർ പള്ളി കൂദാശ ചെയ്തു.

10 തോട്ടക്കാട് സെന്റ് ജോർജ് ദൈവാലയത്തിൽ അജപാലനസന്ദർശനത്തിനോടനുബന്ധിച്ചു പരി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി; തുടർന്നു സിമിത്തേരി സന്ദർശനം നടത്തി; ഇടവകയിലെ പ്രതിനിധികളെയും സൺഡേസ്കൂൾ കുട്ടികളെയും അധ്യാപകരെയും കണ്ടുസംസാരിച്ചു; രോഗികളുടെ ഭവനങ്ങൾ സന്ദർശിച്ചു. മാമ്മൂട് ലൂർദുമാതാ ഇടവകാംഗം കെ.ജെ. തോമസ് കല്ലറക്കാവുങ്കൽ സാറിന്റെ മൃതസംസ്കാരത്തിനു ദൈവാലയത്തിലെ ശുശ്രൂഷകൾക്കു കാർമികത്വം വഹിച്ചു. ചമ്പക്കുളം -കല്ലൂർക്കാട് സെന്റ് മേരീസ് ബസിലിക്ക ഓഡിറ്റോറിയത്തിൽ നടത്തപ്പെട്ട ചമ്പക്കുളം ഫൊറോന പ്രതിനിധിയോഗാംഗങ്ങളുടെ സമ്മേളനത്തിൽ പങ്കെടുത്തു.

14 രാവിലെ ചീരഞ്ചിറ വയലിൽ ബഹു. തോമസച്ചന്റെ പൗരോഹിത്യ ജൂബിലി സ്മാരകഭവനങ്ങളുടെ വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു. അതിരൂപതാകേന്ദ്രത്തിൽ നടത്തപ്പെട്ട CSM ഡയറക്ടേഴ്സ് സമ്മേളനത്തിൽ പങ്കെടുത്തു. അതിരൂപതാകേന്ദ്രത്തിൽ അതിഥികളെ സ്വീകരിച്ചു. വൈകുന്നേരം ചേന്നങ്കരി സെന്റ് ജോസഫ്സ് ദൈവാലയത്തിൽ മാർ യൗസേപ്പിതാവിന്റെ തിരുനാളിനോടനുബന്ധിച്ചു പരി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി.

15 പായിപ്പാട് ലൂർദുമാതാ ഇടവകാംഗമായ ത്രേസ്യാമ്മ ജോസഫ് കിഴക്കേകടവിലിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. അതിരൂപതാകേന്ദ്രത്തിൽ നടത്തപ്പെട്ട റീജണൽ ബിഷപ്സ് റിട്രീറ്റിൽ പങ്കെടുത്തു.

16 അതിരൂപതാകേന്ദ്രത്തിൽ നടത്തപ്പെട്ട റീജണൽ ബിഷപ്സ് റിട്രീറ്റിൽ പങ്കെടുത്തു. കുരിശുമ്മൂട് മീഡിയ വില്ലേജിന്റെ തീയറ്ററിൽ "Hope" എന്ന സിനിമയുടെ പ്രദർശനത്തിൽ പങ്കെടുത്തു.

17 കുറുമ്പനാടം സെന്റ് ആന്റണീസ് ഫൊറോനാ ദൈവാലയത്തിൽ പരി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി; തുടർന്ന് പാരിഷ് കൗൺസിൽ അംഗങ്ങളെ കണ്ടു. കുറിച്ചി MLF സന്യാസിനീസമൂഹാംഗമായ സി. സീന കല്ലിടുക്കനാനിക്കൽ MLF ന്റെ മൃതസംസ്കാരശുശ്രൂഷയുടെ ആദ്യഭാഗത്തിനു കാർമികത്വം വഹിച്ചു. കുടമാളൂർ സെന്റ് മേരീസ് മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ ദൈവാലയ ഓഡിറ്റോറിയത്തിൽ നടത്തപ്പെട്ട കുടമാളൂർ ഫൊറോന പ്രതിനിധിയോഗാംഗങ്ങളുടെ സമ്മേളനത്തിൽ പങ്കെടുത്തു.

18 രാവിലെ ഇത്തിത്താനം സെന്റ് ജോസഫ്സ് പ്രീസ്റ്റ് ഹോമിൽ പരി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി. കോട്ടയം ലൂർദ്സ് ഫൊറോനാ

ദൈവാലയത്തിൽ വിവാഹവാഗ്ദാനം ആശീർവദിച്ചു. ചങ്ങനാശേരി സെന്റ് ബർക്മൻസ് കോളേജ് കാർഡിനൽ പടിയറ ഹാളിൽ നടത്തപ്പെട്ട മാർ മാത്യു കാവുകാട്ട് International Syriac Seminar ഉദ്ഘാടനം ചെയ്തു. പുന്നത്തുറ സെന്റ് തോമസ് ഇടവകാംഗമായ വടക്കേൽ ചാക്കോച്ചന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. വൈകുന്നേരം മാങ്ങാനം സ്പിരിചാലിറ്റി സെന്ററിൽ നടത്തപ്പെട്ട ബാച്ച് ഗാതറിങ്ങിൽ പങ്കെടുത്തു.

19 രാവിലെ മാങ്ങാനം സ്പിരിചാലിറ്റി സെന്ററിൽ ബാച്ച് ഗാതറിങ്ങിന്റെ ഭാഗമായി പരി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി. തുരുത്തി മാർത്ത് മറിയം ഫൊറോനാ ഇടവക പോരൂക്കര ബഹു. ആന്റണിച്ചന്റെ സഹോദരൻ സിറിയക് തോമസിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. അതിരൂപതാകേന്ദ്രത്തിൽ നടത്തപ്പെട്ട ഹയർ എജ്യുക്കേഷൻ മീറ്റിങ്ങിലും വൈകുന്നേരം ഫിനാൻസ് കൗൺസിലിലും പങ്കെടുത്തു.

20 രാവിലെ കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയിൽ പരി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി. തുടർന്നു വൈദികാർത്ഥികൾക്കു ക്ലാസെടുത്തു. അതിരൂപതാകേന്ദ്രത്തിൽ നടത്തപ്പെട്ട പ്രസ്ബിറ്ററൽ കൗൺസിലിൽ പങ്കെടുത്തു.

■

**ഓഗസ്റ്റ് 2023**

21-26 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടത്തപ്പെട്ട സീറോമലബാർ മെത്രാൻ സിനഡിൽ പങ്കെടുത്തു

27 പച്ചക്കാട് സേക്രഡ് ഹാർട്ട് ദൈവാലയത്തിൽ അജപാലനസന്ദർശനം നടത്തി. വാവോട് സേക്രഡ് ഹാർട്ട് ദൈവാലയത്തിൽ ബഹു. തോമസ് പുത്തൻപുരയ്ക്കൽ അച്ചനെ സന്ദർശിച്ചു.

28 തിരുവനന്തപുരം SH കോൺവെന്റിൽ പരി. കുർബാനയർപ്പിച്ചു വചന സന്ദേശം നൽകി. കുറ്റിച്ചൽ ലൂർദ് മാതാ എഞ്ചിനീയറിങ് കോളേജിൽ പഠിക്കുന്ന മണിപ്പുരിൽനിന്നുള്ള വിദ്യാർത്ഥികളോടു സംസാരിച്ചു. അതിരൂപതാകേന്ദ്രത്തിൽ ഗോരഖ്പുർ രൂപത മുൻ അദ്ധ്യക്ഷൻ അഭി. തോമസ് തുരുത്തിമറ്റം CST പിതാവിന്റെ പൗരോഹിത്യ സുവർണജൂബിലിയനുമോദനത്തിൽ പങ്കെടുത്തു

29 ഫാത്തിമാപുരം സ്നേഹനിവാസിൽ പരി. കുർബാനയർപ്പിച്ച് വചന സന്ദേശം നൽകി. അതിരൂപതാകേന്ദ്രത്തിൽ നടത്തപ്പെട്ട ഓണാഘോഷത്തിൽ പങ്കെടുത്തു.

30 കുറുമ്പനാടം സെന്റ് ആന്റണീസ് ഫൊറോനാ ദൈവാലയത്തിൽ പ്രവേശകകൂദാശകൾ പരികർമം ചെയ്തു. കുറിച്ചി ആലഞ്ചേരിൽ അഗസ്റ്റിൻ ജോസഫിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് ഫൊറോനാ ദൈവാലയത്തിൽ പ്രവേശക കൂദാശകൾ പരികർമം ചെയ്തു. മല്ലപ്പള്ളി ശാലോം കാരുണ്യഭവനിൽ നടത്തപ്പെട്ട ഓണാഘോഷത്തിൽ സംബന്ധിച്ചു. എടത്വാ മാലിയിൽ കോശി കുര്യന്റെ മൃതസംസ്കാരത്തിനു ഭവനത്തിലെ ശുശ്രൂഷകൾക്കു മുഖ്യകാർമികത്വം വഹിച്ചു. ആലപ്പുഴ ഫൊറോനയിലെ വൈദികർക്കായി പുത്തനങ്ങാടി സെന്റ് ജോർജ് ദൈവാലയത്തിൽ നടത്തപ്പെട്ട ഫൊറോനാ കോൺഫറൻസിൽ പങ്കെടുത്തു.

31 വടക്കേക്കര സെന്റ് മേരീസ് ദൈവാലയത്തിൽ പ്രവേശകകൂദാശകൾ പരികർമം ചെയ്തു. അതിരൂപതാ മാതൃവേദിയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട മാതൃസംഗമം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. കൊല്ലം ഫൊറോനയിലെ യുവദീപ്തിയുടെ ആഭിമുഖ്യത്തിൽ ആര്യകാവ് സെന്റ് മേരീസ് ദൈവാലയത്തിൽ നടത്തപ്പെട്ട ക്യാമ്പിൽ പങ്കെടുത്തു യുവജനങ്ങളോടു സംസാരിച്ചു.

**സെപ്റ്റംബർ 2023**

01 ജോസഫ് കാട്ടാമ്പള്ളി അച്ചന്റെ പിതാവിന്റെ മരണത്തിന്റെ ഓർമദിനത്തിൽ കൂത്രപ്പള്ളി സെന്റ് മേരീസ് ദൈവാലയത്തിൽ പരി. കുർബാനയർപ്പിച്ചു;

കബറിടത്തിൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. കൂത്രപ്പള്ളി SABS സെന്റ് തോമസ് പ്രൊവിൻഷ്യൽ ഹൗസ് സന്ദർശിച്ച് സിസ്റ്റേഴ്സിനോടു സംസാരിച്ചു. കിടങ്ങറ ചാരിറ്റബിൾ ട്രസ്റ്റിന്റെ മീറ്റിങ്ങിൽ പങ്കെടുത്തു സംസാരിച്ചു. കുടമാളൂർ സെന്റ് മേരീസ് മേജർ ആർക്കി എപ്പിസ്കോപ്പൽ ദൈവാലയത്തിൽ തിരുനാളിനോടനുബന്ധിച്ച് പരി. കുർബാനയർപ്പിച്ചു വചന സന്ദേശം നൽകി.

02 കോട്ടയ്ക്കുപുറം സെന്റ് മാത്യൂസ് ദൈവാലയത്തിൽ മാത്യു കരിവേലിൽ അച്ചന്റെ 25-ാം ചരമവാർഷികത്തിൽ പരി. കുർബാനർപ്പിച്ചു വചന സന്ദേശം നൽകി; കബറിടത്തിൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. ഇടുക്കി രാജകുമാരി ദൈവമാതാ ദൈവാലയത്തിൽ തീർത്ഥാടനത്തോടനുബന്ധിച്ചു പരി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി.

03 നെടുങ്കുന്നം മദർ തെരേസ ഹോമിൽ പരി. കുർബാനയർപ്പിച്ചു വചന സന്ദേശം നൽകി. ആലപ്പുഴ ഫൊറോനയിലെ യുവജനങ്ങൾക്കായി പുന്നപ്ര മാർ ഗ്രിഗോറിയോസ് കോളേജിൽ നടത്തപ്പെട്ട ക്യാമ്പിൽ പങ്കെടുത്തു സംസാരിച്ചു. മണർകാട് സെന്റ് മേരീസ് യാക്കോബായ സിറിയൻ കത്തീഡ്രൽ ദൈവാലയത്തിൽ തിരുനാളിനോടനുബന്ധിച്ച് നടത്തപ്പെട്ട സാംസ്കാരിക സമ്മേളനത്തിൽ പങ്കെടുത്തു സംസാരിച്ചു.

04 കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയിൽ പരി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി. സഞ്ജീവനി ചാരിറ്റബിൾ ട്രസ്റ്റിന്റെ ബോർഡ് മീറ്റിങ്ങിൽ പങ്കെടുത്തു.

05 വിവാഹ ഒരുക്കധ്യാനത്തോട് അനുബന്ധിച്ച് ചങ്ങനാശേരി പാസ്റ്ററൽ സെന്റർ ചാപ്പലിൽ പരി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി. ചീരഞ്ചിറ സെന്റ് ജോർജ് ദൈവാലയത്തിൽ നടന്ന ചങ്ങനാശേരി ഫൊറോനാ കോൺഫറൻസിൽ പങ്കെടുത്തു സംസാരിച്ചു. ഇത്തിത്താനം ആശാഭവനിൽ നടന്ന കോട്ടയം ജില്ലാതല അധ്യാപകദിന സമ്മേളനത്തിലും മദർ തെരേസ ദിനാഘോഷത്തിലും അധ്യക്ഷത വഹിച്ചു.

06 ചങ്ങനാശേരി അതിരൂപത കോർപ്പറേറ്റ് മാനേജുമെന്റ് ടീച്ചേഴ്സ് ഗിൽഡിന്റെ നേതൃത്വത്തിൽ ചങ്ങനാശേരി സെന്റ് ബർക്മൻസ് കോളേജ് കാവുകാട്ട് ഹാളിൽ നടന്ന അധ്യാപക - അനധ്യാപക മഹാസംഗമത്തിൽ മുഖ്യപ്രഭാഷണം നടത്തി. ചമ്പക്കുളം സെന്റ് മേരീസ് ബസിലിക്കയിൽ ചമ്പക്കുളം ഫൊറോന മാതൃ-പിതൃവേദിയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട കുടുംബസംഗമത്തിൽ പങ്കെടുത്തു.

07 ഇത്തിത്താനം സെന്റ് ജോസഫ്സ് പ്രീസ്റ്റ് ഹോമിൽ പരി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി. ചെങ്ങന്നൂർ പ്രൊവിഡൻസ് കോളേജ് ഓഫ് എഞ്ചിനീയറിങ് & സ്കൂൾ ബിസിനസ്സിൽ നടത്തപ്പെട്ട ഇൻഡക്ഷൻ സെറിമണി ഉദ്ഘാടനം ചെയ്തു. മല്ലപ്പള്ളി സെന്റ് ആന്റണീസ് SABS അഡോറേഷൻ കോൺവെന്റിൽ പുതുതായി നിർമിച്ച മഠത്തിന്റെ വെഞ്ച

രിപ്പും ചാപ്പലിന്റെ കൂദാശാകർമവും നിർവഹിച്ചു. ഇത്തിത്താനം വടക്കേ ചാലയ്ക്കൽ വി.റ്റി. തോമസിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. ചങ്ങനാശേരി അസംപ്ഷൻ കോളേജിലെ ഹോസ്റ്റൽ വിദ്യാർത്ഥികളുടെ സംഗമത്തിൽ സംബന്ധിച്ച് സംസാരിച്ചു.

08 പുളിങ്കുന്ന് സെന്റ് മേരീസ് ഫൊറോനാ ദൈവാലയത്തിൽ തിരുനാളിനോടനുബന്ധിച്ച് പരി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി.പുന്നക്കുന്നത്തുശ്ശേരി കാപ്പിൽ കോയിപ്പള്ളി ഷൈനി വർഗീസിന്റെ മൃതസംസ്കാരത്തിനു ഭവനത്തിലെ ശുശ്രൂഷകൾക്കു മുഖ്യകാർമികത്വം വഹിച്ചു. പാറേൽ സെന്റ് മേരീസ് ദൈവാലയത്തിൽ തിരുനാളിനോടനുബന്ധിച്ച് പരി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി.

09 ആർപ്പൂക്കര ചെറുപുഷ്പ ദൈവാലയത്തിൽ ചെറുപുഷ്പ മിഷൻലീഗ് കേരളാസമിതിയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട മാലിപ്പറമ്പിൽ അച്ചന്റെ 25-ാം ചരമവാർഷികത്തിൽ പരി. കുർബാനയർപ്പിക്കുകയും തുടർന്നു നടന്ന സമ്മേളനത്തിൽ സംബന്ധിച്ച് സംസാരിക്കുകയും ചെയ്തു. തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് ഫൊറോനാ ദൈവാലയത്തിൽ നടന്ന തൃക്കൊടിത്താനം ഫൊറോനാ കൗൺസിൽ ഉദ്ഘാടനം ചെയ്തു. മാമ്മൂട് ലൂർദുമാതാ ഇടവകാംഗം കല്ലറക്കാവുങ്കൽ കെ. ജെ. തോമസിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. ചമ്പക്കുളം ഫൊറോനയുടെ ആഭിമുഖ്യത്തിൽ ബിഷപ് കുര്യാളശ്ശേരി പബ്ലിക് സ്കൂളിൽ നടത്തപ്പെട്ട CML ഫൊറോനാ ക്യാമ്പിൽ പങ്കെടുത്തു കുഞ്ഞുമിഷനറിമാരോടു സംസാരിച്ചു.

10 പുതുതായി കൂദാശ ചെയ്ത പന്തളം ദനഹാ സീറോമലബാർ ദൈവാലയത്തിൽ പ്രഥമ പരി. കുർബാനയർപ്പണം നടത്തി. കൂരോപ്പട മാർ സ്ലീവാ ദൈവാലയത്തിന്റെ ഇടവകദിനത്തിൽ പങ്കെടുത്തു സംസാരിച്ചു. ചേപ്പുംപാറ മാർത്ത് മറിയം ഇടവകാതിർത്തിയിൽ ഉപകാരികൾ ചേർന്നു നിർമിച്ച ഭവനത്തിന്റെ വെഞ്ചരിപ്പുകർമം നിർവഹിച്ചു. ആന്റണി പോരൂക്കര അച്ചന്റെ 75-ാം ജന്മദിനത്തിൽ അദ്ദേഹത്തെ സന്ദർശിച്ച് ആശംസകളറിയിച്ചു. കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ സീനിയർ സിറ്റിസൺസിനുവേണ്ടി നടത്തപ്പെട്ട സമ്മേളനത്തിൽ പങ്കെടുത്തു സംസാരിച്ചു.

11-15 രാമനാഥപുരം രൂപതയിലെ വൈദികർക്കു ധ്യാനം നയിച്ചു.

16 അതിരൂപതാകേന്ദ്രത്തിൽ നടത്തപ്പെട്ട റീജണൽ ബിഷപ്സ് റിട്രീറ്റിൽ പങ്കെടുത്തു. പായിപ്പാട് കിഴക്കേകടവിൽ ത്രേസ്യാമ്മ ജോസഫിന്റെ മൃതസംസ്കാരത്തിനു ഭവനത്തിലെ ശുശ്രൂഷകൾക്കു മുഖ്യകാർമികത്വം വഹിച്ചു. തൃക്കൊടിത്താനം കിളിമല SMMI റീജിയണൽ ഹൗസ് കോൺവെന്റിൽ സി. ജോസഫിന SMMIയുടെ അറുപതാം സന്യാസവ്രതവാഗ്ദാന ജൂബിലിയോടനുബന്ധിച്ച് പരി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി.

17 ഡാലുമുഖം സെന്റ് മേരീസ് ദൈവാലയത്തിൽ അജപാലനസന്ദർശനം നടത്തി.

18 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വൈദികർക്കു ക്ലാസ് നയിച്ചു.

19 അതിരൂപതാകേന്ദ്രത്തിൽ നടത്തപ്പെട്ട ഫിനാൻസ് കൗൺസിൽ മീറ്റിങ്ങിൽ പങ്കെടുത്തു.

20 അതിരൂപതാകേന്ദ്രത്തിൽ നടത്തപ്പെട്ട പ്രസ്ബിറ്ററൽ കൗൺസിലിൽ പങ്കെടുത്തു സംസാരിച്ചു. കോട്ടയം ഫൊറോനയിലെ വൈദികർക്കായി കടുവാകുളം ലിറ്റിൽ ഫ്ളവർ ദൈവാലയത്തിൽ നടത്തപ്പെട്ട ഫൊറോനാ കോൺഫറൻസിൽ പങ്കെടുത്തു.

21 തിരുവനന്തപുരം തൈക്കാട് ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ ദേശീയ ന്യൂനപക്ഷ കമ്മിഷൻ മെമ്പറുമായി നടത്തപ്പെട്ട മീറ്റിങ്ങിൽ പങ്കെടുത്തു.


22 പാറേൽ അമല തിയോളജിക്കൽ സെന്ററിൽ പഠിക്കുന്ന സന്യാസാർത്ഥിനികൾക്കു ക്ലാസ്സെടുത്തു. ചങ്ങനാശേരി സെന്റ് ബർക്മൻസ് കോളേജ് കോളേജ് കാവുകാട്ട് ഹാളിൽ നടന്ന CML അതിരൂപതാ കൗൺസിലിലും മാലിപ്പറമ്പിൽ അച്ചൻ അനുസ്മരണസമ്മേളനത്തിലും സംബന്ധിച്ച് സംസാരിച്ചു. പുളിങ്കുന്ന് സെന്റ് മേരീസ് ഫൊറോനാ ദൈവാലയത്തിൽ പുളിങ്കുന്ന് ഫൊറോന മാതൃ-പിതൃവേദിയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട കുടുംബസംഗമത്തിൽ പങ്കെടുത്തു. മുഹമ്മ ഫൊറോനയിലെ വൈദികർക്കായി ആലപ്പുഴ കഞ്ഞിക്കുഴി പാദുവാപുരം സെന്റ് ആന്റണീസ് ദൈവാലയത്തിൽ നടത്തപ്പെട്ട ഫൊറോനാ കോൺഫറൻസിൽ പങ്കെടുത്തു.

23 കുച്ചപ്പുറം സെന്റ് ജോസഫ്സ് ദൈവാലയത്തിൽ അജപാലനസന്ദർശനത്തിന്റെ ഭാഗമായി രോഗീസന്ദർശനം നടത്തി; യുവജനങ്ങളുമായി സംവദിച്ചു.

24 കുച്ചപ്പുറം സെന്റ് ജോസഫ്സ് ദൈവാലയത്തിൽ അജപാലനസന്ദർശനം നടത്തി.

■





# ENGAGEMENTS


## OCTOBER 2023

**Mar Joseph Perumthottam**
Metropolitan Archbishop of Changanacherry

| | | |
|---|---|---|
| 01 | 08:30 am | Church Blessing & Holy *Qurbana* @ St. Sebastian's, Ayarkunnam |
| | 02:00 pm | പ്രതിനിധിയോഗാംഗങ്ങളുടെ സമ്മേളനം @ Nedumkunnam Forane |
| 02 | 11:30 am | Marriage @ Sacred Heart, Chethipuzha |
| | 03:00 pm | മാതൃ- പിതൃവേദി കുടുംബസംഗമം @ Chengannur Forane |
| 03 | 07:00 am | Baptism @ Sacred Heart, Chethipuzha |
| | 10:00 am | Chethipuzha St. Thomas Hospital Staff Meeting @ Archbishop House, Changanacherry |
| 04 | 06:00 am | Holy *Qurbana* @ Gethsemany, Vazhappally |
| | 09:15 am | *Curia* |
| | 03:00 pm | Chethipuzha St. Thomas Hospital Staff Meeting @ Archbishop House, Changanacherry |
| 05 | 10:00 am | Convocation @ Amala Theological College, Parel |
| | 05:00 pm | Major Seminarians Gathering @ Archbishop House, Changanacherry |
| 06 | 09:15 am | *Curia* |
| | 03:00 pm | Chethipuzha St. Thomas Hospital Staff Meeting @ Archbishop House, Changanacherry |
| 07 | 09:15 am | Priestly Ordination, Dn. Joseph Kamicherry @ St. Joseph's, Kuttamangalam (Kainakary) |
| | 02:30 pm | പ്രതിനിധിയോഗാംഗങ്ങളുടെ സമ്മേളനം @ Kollam- Ayoor Forane |
| 08 | 02:30 pm | പ്രതിനിധിയോഗാംഗങ്ങളുടെ സമ്മേളനം @ Amboori Forane |
| 09 | 07:00 am | Mar Mathew Kavukatt Death Anniversary Holy *Qurbana* @ St. Mary's Metropolitan, Changanacherry |
| 10 | 09:00 am | Silver Jubilee Priests Gathering @ Mar Thomasleeha Pilgrim Centre, Niranam |
| 11 | 09:00 am | Archeparchial Consultors Meeting @ Archbishop House, Changanacherry |

| | | |
|---|---|---|
| 12 | 11:00 am | Marriage @ St. Mary's Metropolitan, Changanacherry |
| | 02:30-4:30 pm | Visitors |
| 13 | 09:00 am | Archeparchial Consultors Meeting @ Archbishop House, Changanacherry |
| 14 | 06:30 am | Holy *Qurbana* @ St. Joseph's Priest Home, Ithithanam |
| | 02:00 pm | പ്രതിനിധിയോഗാംഗങ്ങളുടെ സമ്മേളനം @ Athirampuzha Forane |
| 15 | 09:00 am | Sunday School Teachers Meet @ Assumption College, Changanacherry |
| | 02:00 pm | പ്രതിനിധിയോഗാംഗങ്ങളുടെ സമ്മേളനം @ Manimala Forane |
| 16 -18 | | Engaged |
| 19 | 11:00 am | Marriage @ St. Mary's Metropolitan, Changanacherry |
| | 12:30 pm | Office for the Dead @ St. Thomas, Muttar New |
| 20 | 09:15 am | *Curia* |
| 21 | 05:00 pm | Holy *Qurbana* @ Holy Family, Kizhakke Mithrakary |
| | 10 am-12 Noon | Visitors |
| 22 | 09:00 am | NEST 23 @ Amal Jyothi College of Engineering, Kanjirapally |
| | 03:00 pm | പ്രതിനിധിയോഗാംഗങ്ങളുടെ സമ്മേളനം @ Thiruvananthapuram Forane |
| 23 | 06:30 am | Holy *Qurbana* @ St. Thomas Minor Seminary, Kurichy |
| 24 | 11:00 am | Jubilee Gathering of Rev. Fathers @ St. Joseph's Priest home, Ithithanam |
| | 02:00 pm | NEST 23 Valedictory @ Amal Jyothi College of Engineering, Kanjirapally |
| 25 | 09:15 am | *Curia* |
| | 11:30 am | Baptism @ St. Joseph's, Veroor |
| 26 | 11:00 am | Marriage @ Mar Sleeva Forane, Cherpunkal |
| 27 | 09:15 am | *Curia* |
| | 02:30-4:30 pm | Visitors |
| 28 | 11:00 am | Marriage @ Holy Maggie Forane, Manimala |
| | 02:00 pm | പ്രതിനിധിയോഗാംഗങ്ങളുടെ സമ്മേളനം @ Chengannur Forane |
| 29 | 08:30 am | Parish Hall Blessing @ St. Antony's Forane, Kurumpanadom |
| | 10:00 am | പ്രതിനിധിയോഗാംഗങ്ങളുടെ സമ്മേളനം @ Alappuzha Forane |
| | 02:00 pm | Jubilee @ Nilackal Ecumenical Trust |
| 31 | | Visitors |

**FR. SECRETARY - 9447507393**





**Mar Thomas Tharayil**
Auxiliary Bishop of Changanacherry

# ENGAGEMENTS
## OCTOBER 2023

| | | |
|---|---|---|
| 01 | 03:00 pm | Marriage @ Thiruvananthapuram, Lourdes Forane |
| 02-06 | | Priests' Retreat @ Kanjirappally Diocese |
| 02 | 06:00 pm | AKCC Global Youth Council @ Changanacherry, Archbishop House |
| 04 | 06:00 pm | Priests' Conference @ Eara, Lourdes Matha |
| 05 | 06:00 pm | Major Seminarians Gathering @ Changanacherry, Archbishop House |
| 06 | 06:00 pm | Youth Camp @ Vadavathoor, St. Thomas Apostolic Seminary |
| | 02:30-04:30 pm | Visitors |
| 07 | 10:00 am | Priests' Conference @ Kesavadasapuram, Mar Geevarghese Sahada |
| 08 | 09:00 am | Pastoral Visit @ Punalur, Sacred Heart |
| | 03:30 pm | Holy *Qurbana* @ Kottayam, St. Teresa's Mount |
| 09 | 05:45 am | Holy *Qurbana* @ Changanacherry, St. Mary's Metropolitan |
| | 10:00 am | Business Men Meet @ Changanacherry, Archbishop House |
| | 11:30 am | Marriage @ Thuruthy, Marth Mariam Forane |
| | 02:30 pm | CSM Inauguration @ Changananacherry, Assumption College |
| | 06:00 pm | Priests' Conference @ Champakulam, St. Mary's Basilica |
| 10 | 10:00 am | Jubilee Celebration @ Niranam, Mar Thomasleeha Pilgrim Centre |
| | 02:30-04:30 pm | Visitors |
| 11 | 09:00 am | Consultors Meet @ Changanacherry, Archbishop House |
| | 04:00 pm | കൊടിയേറ്റ് @ ചമ്പക്കുളം സെന്റ് മേരീസ് ബസിലിക്ക |
| | 07:00 pm | Priests' Conference @ Pulincunnoo, St. Mary's Forane |
| 12 | 06:30 am | Baptism @ Mammood, Lourdes Matha |
| | 11:30 am | Marriage @ Kaithavana, Immaculate Heart |
| | 02:30 pm | Class @ Niranam, Mar Thomasleeha Seminary |
| | 06:00 pm | Priests' Conference @ Kudamaloor, St. Mary's Archiepiscopal Pilgrim Centre |
| 13 | 07:00 am | Baptism @ Changanacherry, St. Mary's Metropolitan |

| | | |
|---|---|---|
| | 09:00 am | Consultors Meet @ Changanacherry, Archbishop House |
| | 04:30 pm | Holy *Qurbana* @ Bharananganam, St. Alphonsa Shrine & Pilgrim Centre |
| 14-22 | | Priests' Retreat @ Bijnor Diocese |
| 23 | 09:30 am | Batch Gathering |
| | 02:00 pm | Talk @ Chengannur, Bethel Mar Gregorios Aramanapally |
| 24 | 06:00 am | Holy *Qurbana* @ Nalukody, St. Thomas |
| | 09:00 am | Class @ Chethipuzha, SD St. Joseph Provincial House |
| | 11:00 am | Family Meet @ Ithithanam, St. Joseph's Priest Home |
| | 02:30-04:30 pm | Visitors |
| | 07:00 pm | Priests' Conference @ Nedumkunnam, St. John the Baptist's Forane |
| 25-31 | | Family Convention @ Zürich (Switzerland), St. Thomas Syro Malabar Mission Centre |

**FR. SECRETARY - 8078088468**

## ഐക്കൺ വിവരണം

**(കവർ ബാക്ക്)**

## ക്രൈസ്റ്റ് ദ് പാന്തോക്രാത്തോർ ഐക്കൺ

ഇത് ഒരു ഈസ്റ്റേൺ ഓർത്തഡോക്സ് ഐക്കണാണ്. പാന്തോക്രാത്തോർ എന്നതിന്റെ അർത്ഥം 'എല്ലാവരുടെയും ഭരണാധികാരി' അല്ലെങ്കിൽ 'സർവശക്തൻ' എന്നാണ്. ഹാലോയുടെ വശങ്ങളിൽ ഈശോമിശിഹായുടെ പേര് IC, παντός, XC, κράτος എന്നിങ്ങനെ എഴുതിയിരിക്കുന്നു. IC, X, C എന്നീ ഗ്രീക്ക് അക്ഷരങ്ങളെ പ്രതിനിധീകരിക്കുന്ന രീതിയിലാണ് ഈശോയുടെ വിരലുകൾ ചിത്രീകരിച്ചിരിക്കുന്നത്. ഭൂമിയുടെ മുകളിൽ മാലാകാമാരുടെ സാന്നിദ്ധ്യത്തിലിരിക്കുന്ന വിധികർത്താവായ മിശിഹായുടെ വലതുവശത്തും ഇടതുവശത്തും യഥാക്രമം വി. മത്തായി, വി. മർക്കോസ്, വി. യോഹന്നാൻ, വി. ലൂക്കാ എന്നീ സുവിശേഷകരുടെ പ്രതീകങ്ങളായ മനുഷ്യൻ, സിംഹം, കഴുകൻ, കാള എന്നിവയും സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ ഇവയും വരച്ചിരിക്കുന്നു.

# 74–ാം ചരമവാർഷികം

(27 ഒക്ടോബർ 2023)



# ഭാഗ്യസ്മരണാർഹനായ
# മാർ ജയിംസ് കാളാശ്ശേരി

VEDAPRACHARA MADHYASTAN VOL.96 No.04 2023 OCTOBER
Date of Publication: 30-09-2023
Registered No. RN-3149/1957
Postal Regn No. KL/CHC/74/2021-23
Licence No. KL/CR/CHC/WPP-2/2021-23
Licensed to Post Without Prepayment

Rs 25/-

Posted at Changanacherry sorting on the last day of every month



**നിന്നുടെ ആഗമവേളയിൽ ഞങ്ങൾ
തിരുമുമ്പിൽ നിലകൊണ്ടീടട്ടെ.
നിൻ വെളിപാടിന്നഭിമുഖമായിവർ
നിൽക്കാനായ് നീ വരമേകണമേ**

**(തെശ്ബൊഹ്ത്താ, ഖാലാ ദ്ശഹറാ,
മൂശെക്കാലം മൂന്നാം തിങ്കൾ)**

Estd. 1928

Phone 2410101

Printed & Published by Fr Justin Kayamkulathussery and owned by Archdiocese of Changanacherry and Printed at St. Joseph Orphanage Press and Book Stall, Aramanapady, Changanacherry, Kottayam Dist. 686 101, Kerala and Published at Ward No. IV, Building No. 631, Archbishop's House Changanacherry, Kottayam Dist. - 686 101, Kerala. Editor: Fr Biju George Alencherry.

sjopresschry@gmail.com www.archdiocesechanganacherry.org